മലയാളരാജ്യം
ആഴ്ചപ്പതിപ്പ്




# THE MALAYALA RAJYAM ILLUSTRATED WEEKLY

Vol. XXIII As. 2 No. 6

10th July 1950

സിനിമാപംക്തി

# ലീലാചിററ്നീസ്

സർവ്വകലാശാലാബിരുദധാരികളായ സ്ത്രീപുരുഷന്മാർ ഇന്നു സിനിമയിൽ നടീനടന്മാരായി അഭിനയിച്ചുകൊണ്ടിരിക്കുന്നു. കുലമഹിമയുള്ളവരും സംസ്കാരസമ്പന്നരുമായ വ്യക്തികൾ അഭിനയാദികളിൽ ഏർപ്പെട്ടുതുടങ്ങിയതോടുകൂടി ആ കലയ്ക്കുണ്ടായിരുന്ന പതിതത്വവും ഏറെക്കുറെ നീങ്ങിത്തുടങ്ങിയിട്ടുണ്ട്. പ്രശസ്ത സിനിമാതാരമായ ലീലാചിററ്നീസും ഒരു ബി. എ. ബിരുദധാരിണിയാണ്. മധുരമായ നൃത്തംകൊണ്ടും ഭാഷണംകൊണ്ടും ഗാനംകൊണ്ടും അവർ സിനിമാപ്രേമികളെ അത്യധികം ആനന്ദിപ്പിച്ചിട്ടുണ്ട്.

ലീലാചിററ്നീസിന്റെ മാതാവ് ഉന്നതവർഗ്ഗത്തിൽപെട്ട ഒരു വനിതയായിരുന്നു. പിതാവ് നഗർക്കർ എന്ന മഹാരാഷ്ട്രീയനും. നഗർക്കർ എൽഫിൻസ്റ്റൻകാളേജിലെ പ്രൊഫസറായിരുന്നു. ലീല ബാല്യകാലത്ത് വിദ്യാഭ്യാസം ചെയ്തത് ബോംബെയിലായിരുന്നു. ജി. വി. ചിററ്നീസ് എം. ഏ. പി. എച്ച്. ഡി. എന്ന പ്രസിദ്ധ ജേർണലിസ്റ്റായിരുന്നു അവരെ വിവാഹം ചെയ്തതും. "ചിത്രാ" എന്ന മഹാരാഷ്ട്ര വാരികയുടെ പ്രചുരപ്രചാരത്തിനും പ്രശസ്തിക്കും കാരണക്കാരൻ ജി. വി. ചിററ്നീസായിരുന്നു. ലീലയുടെ പ്രഥമവിവാഹം പരാജയപ്പെടുകയാണുണ്ടായത്. ലാഹോറിലെ ചിത്രാപ്രൊഡക്ഷൻസ് കമ്പനിപ്രവർത്തകനായിരുന്ന സി. ആർ. ഗൽവാനിയാണ് അവരെ രണ്ടാമതു വിവാഹം ചെയ്തത്. രണ്ടു സന്താനങ്ങളുടെ ജനനത്തിനുശേഷം രണ്ടാമത്തെ വിവാഹബന്ധവും തകരുകയുണ്ടായി.

ബോംബെടാക്കീസിന്റെ സ്ഥാപകനായ ഹിമാൻസുറായിയാണ് ലീലാചിററ്നീസിനെ ഒരു അഭിനേത്രിയായിത്തീരാൻ ആത്മാർത്ഥമായി സഹായിച്ചത്. അവർക്കു വേണ്ട പ്രോത്സാഹനവും ശിക്ഷണവും ആ വിശ്രുതകലാകാരൻ നിർലോഭം നൽകി. ഹിമാൻസുറായി ലീലാചിററ്നീസിന്റെ സംഗീതവാസന ഗ്രഹിക്കുകയും സംഗീതം പഠിക്കുവാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്തു. "കങ്കൻ", "ബന്ധൻ" "ജൂല" ആദിയായ ചിത്രങ്ങളിൽ അവർ ഏററവും ഹൃദയാവർജ്ജകമായ പാട്ടുകയും അഭിനയിക്കുകയുംചെയ്തു. ആ കലാപ്രകടനങ്ങൾ ഒരിക്കലും വാടാത്ത മല്ലികാകുസുമങ്ങളാണ്. "സെയൻറ്തുളസീദാസ്" എന്ന ചിത്രമാണ് ലീലാചിററ്നീസ് അഭിനയിച്ചിട്ടുള്ളതിൽ ഏററവും ഉൽകൃഷ്ടമായ ചിത്രം. "ഗസാൽ" എന്ന ചിത്രത്തിലെ അഭിനയവും ആകർഷണീയമായിട്ടുണ്ട്.

പ്രശസ്തി വർദ്ധിച്ചപ്പോൾ അവർക്ക് നിരവധി നിർമ്മാണകരിൽനിന്നും ചലച്ചിത്രാഭിനയത്തിന് ക്ഷണം ലഭിച്ചു. അക്കൂട്ടത്തിൽ ഏതാനും മോശപ്പെട്ട ചിത്രങ്ങളിലും അവർ അഭിനയിക്കുന്നതിന് ഇടയായിട്ടുണ്ട്. ധാരാളം പണം ലഭിച്ചുതുടങ്ങിയപ്പോൾ സ്വന്തമായി ചിത്രങ്ങൾ നിർമ്മിക്കുന്നതിനുള്ള ഒരു അഭിലാഷവും അവരിൽ അങ്കുരിച്ചു. "കഞ്ജൻ" എന്ന ചിത്രത്തിന്റെ കഥ എഴുതുകയും അഭിനയിക്കുകയും ഡയറക്ട് ചെയ്യുകയും ചെയ്തത് ലീലാചിററ്നീസായിരുന്നു. പക്ഷേ ആ ചിത്രം പ്രതീക്ഷാനുസരണം വിജയിച്ചില്ല. ലീലാചിററ്നീസിന് അതിൽ വലിയ നൈരാശ്യവും സംഭവിച്ചു.

സ്ത്രീകളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ശക്തമായി വാദിക്കുന്ന പ്രക്ഷോഭകാരിയാണ് ലീലാചിററ്നീസ്. അഭ്യസ്തവിദ്യകളായ തരുണികൾ സിനിമയിൽ ധാരാളമായി പ്രവേശിക്കണമെന്ന് പലപ്പോഴും അവർ അഭിപ്രായപ്പെട്ടിട്ടുണ്ട്. കൊല്ലത്തിൽ രണ്ടോ മൂന്നോ ചിത്രങ്ങളിൽ അവർ അഭിനയിക്കുന്നു. അതുകൊണ്ടു ലഭിക്കുന്ന പണംകൊണ്ടു ബാക്കികാലം സുഖമായി ജീവിക്കുന്നു. അവർക്ക് ദുരഭിമാനത്തിന്റെ ലേശമില്ല; മററുള്ളവർ തന്നെപ്പററി എന്തു പറയുന്നുവെന്നതിൽ അവർ ശ്രദ്ധകൊടുക്കാറുമില്ല. തനിക്ക് ആവശ്യമില്ലാത്ത കാര്യങ്ങളിൽ ഏർപ്പെട്ട് അവർ ഗർഹണീയത വരിക്കാറുമില്ല. ഒരു ഗ്രാമീണയുവതിയുടെ ശാലീനതയാണ് അവരിൽ കൂടുതലായി ദർശിക്കുവാൻ കഴിയുന്നത്. മാന്യതയുടെ അതിരുവിടാതെ അവർ ലഘുവും ഉത്തമവുമായ ജീവിതം നയിക്കുന്നു. പാരീസ് തുടങ്ങിയ പാശ്ചാത്യരാജ്യങ്ങളിലെല്ലാം അവർ പര്യടനം നിർവ്വഹിച്ചിട്ടുമുണ്ട്.

ചിത്രത്തിൽ കാണുന്നരീതിയിലുള്ള സൌന്ദര്യമൊന്നും ലീലാചിററ്നീസിനില്ല. കൃത്രിമമായ "മേക്കപ്പിന്റെ" സാമർത്ഥ്യംകൊണ്ടാണ് അവർ ആകർഷണീയത വർദ്ധിപ്പിക്കുന്നത്. ഇപ്പോഴത്തെ ചിത്രങ്ങളിലെല്ലാം അവർക്കുവേണ്ടി പാടുന്നത് മററുള്ളവരാണ്. സൌന്ദര്യപ്രദർശനത്തെക്കാൾ അഭിനയവൈദഗ്ദ്ധ്യമാണ് ഒരു നടിക്ക് അനിവാര്യമെന്നു വിശ്വസിക്കുന്ന സ്ററുഡിയോ പ്രവർത്തകർ ലീലാചിററ്നീസിനെ ഇപ്പോഴും ചിത്രങ്ങളിൽ അഭിനയിപ്പിച്ചുകൊണ്ടിരിക്കുന്നു. അവരുടെ പുതിയ ചിത്രമായ "ശഹീദിൽ" ഭാവോജ്ജ്വലമായി അഭിനയിക്കുന്നതിന് അവർക്ക് സാധിച്ചിട്ടുണ്ട്. "നമൂനാ" എന്ന ചിത്രത്തിലും അവർ തന്മയത്വമായി അഭിനയിച്ചിട്ടുണ്ട്. ഏതാനും പുതിയ ചിത്രങ്ങളിൽ കൂടി അഭിനയിക്കുന്നതിന് ലീലാചിററ്നീസ് ഇപ്പോൾ കരാർചെയ്തു കഴിഞ്ഞിട്ടുമുണ്ട്.

വ്യക്തിപരമായ ജീവിതത്തെ സംബന്ധിച്ചിടത്തോളം ലീലാചിററ്നീസിന്റെ ജീവിതത്തിൽ പല പരാജയങ്ങളും സംഭവിച്ചിട്ടുണ്ട്. സാമ്പത്തികമായി അവർക്ക് വളരെയൊന്നും ഉയരുവാൻ സാധിച്ചിട്ടില്ല. ലീലാചിററ്നീസ് ഇപ്പോൾ ഭർത്തൃരഹിതയായി സ്വന്തം സന്താനങ്ങളോടുകൂടി ബോംബെയിൽ ബസാർക്രോസ് റോഡിലുള്ള ഒരു ബംഗ്ലാവിൽ താമസിച്ചുകൊണ്ടിരിക്കുന്നു. അവരുടെ സന്താനങ്ങൾ കാന്തിയും മൂല്യവുംപൊഴിക്കുന്ന താരങ്ങളായി ഭാവിയിൽ ഉയരുകയില്ലെന്നാരുകണ്ടു?

—o—

# ൧൬ മില്ലിമീററർ ഫിലിം

സാധാരണ സിനിമാപ്രദർശനത്തിന് ഉപയോഗിക്കാറുള്ളത് ൩൫ മില്ലിമീററർ വീതിയുള്ള ഫിലിമാണ്. ൩൫ മില്ലിമീററർ ഫിലിം വെട്ടെന്നു തീപിടിക്കുമെന്നുള്ളതാണ് അതിന്റെ ഒരു വലിയ ന്യൂനത. ൧൬ മില്ലിമീററർമാത്രം വീതിയുള്ള "൧൬ മില്ലിമീററർ" ഫിലിമിന് ചില പ്രത്യേകമായ വൈശിഷ്ട്യങ്ങളുണ്ട്. "൧൬ മില്ലിമീററർ" തീയിലിട്ടാൽ കരിയുകയല്ലാതെ തീപിടിക്കുകയില്ല. ഇൻഫർമേഷൻ പടങ്ങൾക്കും മററ് ആർഭാടപൂർവ്വമായ സന്ദർഭങ്ങളുടെ ചിത്രീകരണത്തിനും മററും ഇപ്പോൾ ൧൬ മി. മീ. ഫിലിമാണ് ഉപയോഗിക്കുന്നത്. ഒതുക്കവും പടം പിടിക്കുന്നതിനുള്ള എളുപ്പവും ഇത്തരം ഫിലിമിന്റെ വിശേഷതയുമാണ്. ൧൬ മി. മീ. ഫിലിമിന് പല ഗുണങ്ങളുണ്ടെങ്കിലും ഇന്ത്യയിലെ നിർമ്മാതാക്കൾ ഇന്നധികവും ൩൫ മില്ലിമീററർ ഫിലിമിലാണ് സിനിമാകഥകൾ എടുക്കുന്നത്. ഹോളിവുഡിലും മററു പാശ്ചാത്യരാജ്യങ്ങളിലും ൧൬ മി. മീ. ഫിലിമിൽ ചലച്ചിത്രങ്ങൾ നിർമ്മിക്കാൻ ആരംഭിച്ചിട്ടുണ്ട്. ഇന്ത്യൻചിത്രനിർമ്മാതാക്കളും അവരെ അനുകരിക്കുന്നതു അഭിലഷണീയമായിരിക്കും.

ചലച്ചിത്രനിർമ്മാണത്തിന്റെ ചിലവ് വളരെ ചുരുക്കാൻ കഴിയുമെന്നുള്ളതാണ് ൧൬ മി. മീ ഫിലിമിന്റെ പ്രധാന ഗുണം. ൩൫ മി. മീ. "പ്രൊജക്ടറിന്" പതിനായിരവും അതിലധികവും രൂപാ വിലയുള്ളപ്പോൾ ൧൬ മി. മീ. പ്രദർശനയന്ത്രത്തിന് ഏകദേശം ൮൫൦൦ രൂപയ്ക്കു ലഭിക്കുന്നതാണ്. ൧൬ മി. മീ പ്രദർശനയന്ത്രം ഉപയോഗിക്കുന്നതായാൽ ഫിലിമിനെസംബന്ധിച്ചും യന്ത്രത്തെസംബന്ധിച്ചും ചിലവ് കാൽഭാഗമായി വെട്ടിക്കുറയ്ക്കുവാൻ കഴിയും. ൧൬ മില്ലിമീററർ ഫിലിമിലെ ശബ്ദത്തിന്റെയും ചിത്രത്തിന്റെയും ഗുണത്തെക്കാൾ കൂടുതലായിട്ടൊന്നും ൩൫ മില്ലിമീററർ ഫിലിംകൊണ്ട് ലഭിക്കാറുമില്ല. ബഹുവർണ്ണത്തിൽ ഒരു ൩൫ മില്ലിമീററർചിത്രം നിർമ്മിക്കുന്നതിന് വളരെയധികം ഉപകരണങ്ങളും വലിയ സാങ്കേതികവിദഗ്ദ്ധന്മാരുടെ സഹകരണവും ആവശ്യമാണ്. എന്നാൽ ഈദൃശമായ വിഷമങ്ങൾ കൂടാതെ ൧൬ മില്ലിമീററർ ഫിലിമിൽ ബഹുവർണ്ണചിത്രങ്ങൾ നിർമ്മിക്കുവാൻ സാധിക്കുന്നതുമാണ്.

വിദ്യാഭ്യാസപരമായ ചിത്രങ്ങളുടെ നിർമ്മാണത്തിന് ഇപ്പോൾ ൧൬ മില്ലിമീററർഫിലിം ധാരാളമായി ഉപയോഗിക്കുന്നുണ്ട്. ഫിലിമിൽകൂടി വിദ്യാപ്രചരണം നടത്തുന്നതിന് റഷ്യയും അമേരിക്കയും സുലഭമായി ധനം ചെലവഴിച്ചുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസപരമായ ചിത്രങ്ങൾക്കുള്ള സാദ്ധ്യതകളെപ്പററി ആ രാജ്യങ്ങളിലെ വിദ്യാഭ്യാസപ്രവർത്തകർക്ക് ശരിയായ ബോധവുമുണ്ട്. ഭൂമിശാസ്ത്രം, ചരിത്രം, ശക്തിശാസ്ത്രം, ഭാഷ, ആരോഗ്യശാസ്ത്രം തുടങ്ങി എല്ലാ വിഷയത്തെക്കുറിച്ചുമുള്ള ചിത്രങ്ങളും അവിടെ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ഇന്ത്യൻകേന്ദ്രഗവർമ്മെൻറും പ്രവിശ്യാഗവർമ്മെൻറുകളും വിദ്യാഭ്യാസപരമായ ചിത്രങ്ങളുടെ ഉപയോഗത്തെ പ്രോത്സാഹിപ്പിച്ചുതുടങ്ങിയിട്ടുമുണ്ട്.

പ്രയോജനപ്രദവും വിപുലവുമായ രീതിയിൽ ൧൬ മില്ലിമീററർ ചിത്രങ്ങളിൽകൂടി പരസ്യങ്ങൾ പ്രചരിപ്പിക്കുന്നതിനും സാദ്ധ്യമാണ്. സംഘടനാപരമായകാര്യങ്ങൾക്കായി സംഘടനകളും രാഷ്ട്രപുരോഗതിക്ക് ആവശ്യമായ കാര്യങ്ങളെപ്പററി ജനങ്ങൾക്ക് അറിവുകൊടുക്കുവാൻ ഭരണകൂടങ്ങളും ഇപ്പോൾ ൧൬ മില്ലിമീററർ ചിത്രങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുന്നുണ്ട്. വിനോദത്തിനുവേണ്ടി ൧൬ മില്ലിമീററർ ഫിലിമിൽ പടം എടുക്കുന്ന വ്യക്തികളുടെ സംഖ്യയും അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

൮ മില്ലിമീററർ ഫിലിമുകളും ഇന്നു പ്രചാരത്തിൽ വന്നിട്ടുണ്ട്. എന്നാൽ ഈ മൂന്നുതരം ഫിലിമുകളും അവയുടെ പ്രദർശനയന്ത്രങ്ങളും സൌകര്യവും ചിലവും സാമാന്യമായി തുലനം ചെയ്തുനോക്കുമ്പോൾ കൂടുതൽ സ്വീകാര്യമായിത്തോന്നുന്നത് ൧൬ മില്ലിമീററർ ഫിലിമുകളാണ്. ൮ മില്ലിമീററർ ഫിലിമിനും ൧൬ മില്ലിമീററർഫിലിമിനും വിലയിൽ പറയത്തക്ക വ്യത്യാസമൊന്നുമില്ല. ൧൬ മില്ലിമീററർഫിലിം ഒരു ചുരുളിന് ൮൦ രൂപാമുതൽ ൩൦൦ രൂപാവരെ വിലയുള്ളപ്പോൾ ൮ മില്ലിമീററർ ഫിലിമിന് ൧൦ രൂപാമുതൽ ൮൫൦ രൂപാവരെ വിലവരുന്നുണ്ട്. ൮ മില്ലിമീററർഫിലിമിനെ അപേക്ഷിച്ച് സ്വനപതിപ്പിൽ കൂടുതൽ സൌകര്യം ൧൬ മില്ലിമീററിനുതന്നെയാണ്.

൩൫ മില്ലിമീററർ ഫിലിമിന്റെ സ്ഥാനം ൧൬ മില്ലിമീററർ ഫിലിം കരസ്ഥമാക്കുമോ എന്നുള്ളതല്ല പരിഗണനാർഹമായ പ്രശ്നം. എന്നാൽ ൩൫ മില്ലിമീററർ ഫിലിമിന് ഉള്ളതിനെക്കാൾ വിപുലവും വിലയേറിയതുമായ കഴിവുകളാണ് സാംസ്കാരികമായും വിദ്യാഭ്യാസപരവുമായ രംഗങ്ങളിൽ ൧൬ മില്ലിമീററർഫിലിമിന് ഉള്ളതെന്ന് സംശയംമെന്യേ പ്രസ്താവിക്കാൻ കഴിയും. ഈ വിഷയം ഗവർമ്മെൻറും നിർമ്മാതാക്കളും ധരിച്ച് വേണ്ടവിധത്തിൽ പ്രവർത്തിക്കുന്നത് കൂടുതൽ ആശാസ്യമായിരിക്കും.

—o—

# വാർത്തകൾ

"ഇതയഗീതം" എന്ന തമിഴ്ചിത്രത്തിന്റെ നിർമ്മാണം പൂർത്തിയായിരിക്കുന്നു. ജോസഫ് തളിയത്തു ഡയറക്ടുചെയ്ത ഈ ചിത്രത്തിൽ ടി. ആർ. മഹാലിംഗം, രാജകുമാരി, സുശീല രാജലക്ഷ്മി, കെ. ശാരംഗപാണി തുടങ്ങിയവരാണ് അഭിനയിച്ചിരിക്കുന്നത്.

* * *

എം. എൽ. പ്രൊഡക്ഷൻസ് തയാർ ചെയ്യുന്ന "പഴക്കാരി" എന്ന ചിത്രനിർമ്മാണം ആരംഭിച്ചിരിക്കുന്നു. ടി. ആർ. മഹാലിംഗം, ടി. ഏ. ജയലക്ഷ്മി എന്നിവർ പ്രധാനഭാഗങ്ങളിൽ അഭിനയിക്കുന്ന ഈ ചിത്രം ടി. മാർക്കോണിയാണ് ഡയറക്ട് ചെയ്യുന്നത്.

* * *

ജൂപ്പിററർ കമ്പനിക്കാരിൽനിന്നും മദ്രാസിലുള്ള പ്രഗതി സ്ററുഡിയോയുടെ മാനേജുമെൻറ് ആർ. കെ. പിക്ചേഴ്സുകാർ ഏറെറടുക്കുകയും അവരുടെ ദേവമനോഹരി എന്ന തമിഴ്ചിത്രത്തിന്റെ തെലുങ്കുപതിപ്പു നിർമ്മാണം ആരംഭിക്കുകയും ചെയ്തിരിക്കുന്നു.

* * *

ടി. ആർ. രാജകുമാരി മദ്രാസ് പട്ടണത്തിൽ സ്വന്തമായി നിർമ്മിച്ചിരിക്കുന്ന സിനിമാമന്ദിരത്തിന്റെ മാനേജുമെൻറ് ചിത്രാടാക്കീസുകാർ ഏററെടുത്തിരിക്കുന്നു.

* * *

കാർമണ്ട് മാതൃകയിൽ ചിത്രങ്ങൾക്ക് "കളർ" നൽകുന്നതിനു ഇന്ത്യയിൽ സ്ഥിരമായി ഒരു ഘടകം സ്ഥാപിക്കുവാൻ അഖിലലോക വർണ്ണചിത്രസംഘടന തീരുമാനിച്ചിരിക്കുന്നു.

* * *

തമിഴ്നാട് ടാക്കീസുകാർ "അദൃഷ്ടദീപം" എന്ന പേരിൽ ഒരു ചിത്രം നിർമ്മിക്കുന്നതിനു ജോലികൾ ആരംഭിച്ചിരിക്കുന്നു. ഈ ചിത്രത്തിലെ ഗാനങ്ങൾ ശ്രീമതി പി ലീലയെക്കൊണ്ടു റിക്കാർഡുചെയ്തുകഴിഞ്ഞു. തമിഴിലും തെലുങ്കിലും ഈ ചിത്രം തയാർ ചെയ്യുന്നതാണ്.

* * *

യു. പി-യിലെ ൨൦൨ പ്രദർശനശാലകളിലും ൪൦ സഞ്ചാരപ്രദർശനശാലകളിലും കൂടി കഴിഞ്ഞ ഏഴുമാസത്തെ പ്രദർശനവരവിൽനിന്നും ഗവർമ്മെൻറിനു ൩൨ ലക്ഷം രൂപാ ആദായനികുതി പിരിച്ചെടുക്കുന്നതിനു സാധിച്ചു.

* * *

ബോംബെ പ്രോവിൻസിലുള്ള സിനിമാപ്രസിദ്ധീകരണങ്ങളുടെ പ്രതിനിധികളെല്ലാംകൂടിചേർന്നു ഒരു സമ്മേളനം നടത്തിയിരിക്കുന്നു.

* * *

പ്രസിദ്ധ സ്വീഡിഷ് സിനിമാതാരമായ ഇൻഗ്രീസ് ബർഗമാനും ഇററാലിയൻ ഡയറക്ടറായ റോബർട്ടോറോസ്സലിനിയും തമ്മിലുള്ള വിവാഹം ഈയിട മെക്സിക്കോയിലെ ജൂവാറസ് എന്ന പട്ടണത്തിൽവെച്ചു "പ്രോക്സി" വഴി നടന്നിരിക്കുന്നു.

* * *

മദ്യനിരോധനം ഏർപ്പെടുത്തിയതുമൂലം ബോംബെയിലെ ചില താരങ്ങൾക്കു വലിയ അസൌകര്യങ്ങൾ ഉണ്ടായിരിക്കുന്നു. ഈയിട ബോംബെയിലെ ഒരു സിനിമാതാരം ചിത്രനിർമ്മാതാവുമൊന്നിച്ചു മദ്യപിക്കുകയുണ്ടായി. പോലീസ് അവരെ കണ്ടുപിടിക്കുകയും ഓരോരുത്തരും ൩൦൦ തൊട്ടി വെള്ളം കോരുന്നതിനും മറോരാളുകൾ ൧൨ ഷർട്ടുകൾ തൈക്കുന്നതിനും ശിക്ഷനൽകുകയുണ്ടായി.

* * *

ഗുജറാത്തിഫിലിം എക്സ്ട്രാ നടനായ വിനോദ് പുരുഷോത്തമന്റെ പേരിൽ ഒരു കേസ് ബോംബെ മജിസ്ട്രേട്ടു കോടതിയിൽ ചാർജ്ജുചെയ്തിരിക്കുന്നു. ഹോർമുഷ്ജി എന്ന ഒരു പാഴ്സിയുടെ ഭാര്യയായ ധനഭായിയുമായി അസാന്മാർഗ്ഗികബന്ധത്തിൽ പുരുഷോത്തമൻ ഏർപ്പെട്ടു എന്നതാണ് കേസ്സിന്റെ കാരണം.

* * *

രാഷ്ട്രപിതാവായ മഹാത്മാഗാന്ധിജിയുടെ ജീവചരിത്രം ചലച്ചിത്രത്തിലെടുക്കുന്നതിനു ഡയറക്ടർ വി. ശാന്താറാം തീരുമാനിച്ചിരിക്കുന്നു. ഗാന്ധിജിയുടെ ജീവചരിത്രം മൂന്നായി വിഭജിച്ച് ഓരോഭാഗവും ഓരോ ചിത്രനിർമ്മാതാക്കൾ തയാറാക്കുന്നപദ്ധതിയും സ്വീകരിക്കപ്പെട്ടിട്ടുണ്ട്.

* * *

ന്യൂട്ടോൺ സ്ററുഡിയോയിലെ മികച്ച ക്യാമറാമാനും ഡയറക്ടറുമായ ജിതൻബാനർജി സ്വന്തമായി ഒരു ചലച്ചിത്രം നിർമ്മിക്കുന്നതിനു തീരുമാനിക്കുകയും അതിലേക്കു ലളിതാ പത്മിനിമാരെ തിരഞ്ഞെടുക്കാനും തീരുമാനിച്ചിരിക്കുന്നു.

* * *

പാക്കിസ്ഥാൻ പ്രധാനമന്ത്രി ലിയാക്കത്ത് ആലിഖാന്റെ അമേരിക്കൻ പര്യടനം പാക്കിസ്ഥാൻ ഗവർമ്മെൻറ് ഫിലിംചെയ്തു് പ്രദർശിപ്പിച്ചുതുടങ്ങിയിരിക്കുന്നു.

* * *

അനുമർപ്രേമ് എന്ന ശരത്ചന്ദ്രചാറർജിയുടെ നോവൽ ചലച്ചിത്രത്തിലെടുക്കാൻ സോർട്ട് പ്രൊഡക്ഷൻസ് തീരുമാനിച്ചിരിക്കുന്നു.

* * *

ബോംബെയിൽ പതിനഞ്ചു വയസ്സായ ഒരു ബാലിക തന്റെ വസ്ത്രത്തിനു മണ്ണെണ്ണയൊഴിച്ചു തീകൊളുത്തി ആത്മഹത്യചെയ്തിരിക്കുന്നു. തന്റെ സഖിയുമൊന്നിച്ചു സിനിമാകാണാൻ പോയിട്ടു രാത്രി ൧൧ മണിക്കു തിരിച്ചുവന്നപ്പോൾ പിതാവു ശകാരിച്ചതാണ് ഈ സാഹസകൃത്യത്തിന് ബാലികയെ പ്രേരിപ്പിച്ചത്. അവളെ കഠിനമായ പൊള്ളലോടെ ആശുപത്രിയിൽ കൊണ്ടുപോയി. എന്നാൽ ആശുപത്രിയിൽ എത്തി അധികം കഴിയുന്നതിനു മുൻപു മരണമടഞ്ഞു.

* * *

സുരയ്യയെ ഒന്നുകാണുന്നതിന് ഹൈദ്രബാദിൽനിന്നും രണ്ടു യുവതികൾ ബോംബെയിൽ പോയി. സുരയ്യായുടെ വീട്ടിൽപോയി കാണുന്നതിനു സൌകര്യവും അനുവാദവും കിട്ടാതിരുന്നതുകൊണ്ട് അവർ രഞ്ജിററ് സ്ററുഡിയോയുടെ വാതുക്കൽ പോയി കാത്തുനിന്നു. ഈ വിവരം അറിഞ്ഞു സുരയ്യയുടെ ഡ്രൈവർ അവർക്ക് ആ നടിയെ കാണുന്നതിനുള്ള സൌകര്യമുണ്ടാക്കിക്കൊടുത്തു. ഡ്രൈവറുടെ പ്രവർത്തിയിൽ സന്തോഷിച്ച് ഒരു യുവതി സുരയ്യയെക്കൂടെക്കൂടെ കാണുന്നതിനും പരിചയപ്പെടുന്നതിനുംവേണ്ടി ആ ഡ്രൈവറെ വിവാഹം നടത്തുകയും ചെയ്തു.

* * *

ബോംബെയിലെ "ദി റോയൽ ഓപ്പറാഹൌസിൽ" സിനിമകാണുന്നതിനു ചെന്ന പതിനേഴുവയസ്സുള്ള ഒരു മഹാരാഷ്ട്രയുവതിക്കു പെട്ടെന്നു ഹോട്ടൽബാലകനിൽ ഒരു പ്രണയം തോന്നി. അവർ തിയേററിനുള്ളിൽ പ്രവേശിച്ച് സിനിമയിലെ പ്രേമരംഗങ്ങൾ ദർശിച്ചപ്പോൾ അവളുടെ ഹൃദയത്തിലെ പ്രേമവും വർദ്ധിച്ചു. അവർ ഉടനെ തന്നെ വെളിയിൽവന്നു ഹോട്ടൽബാലകനായ അവളുടെ കാമുകനുമായി ഗാന്ധർവ്വവിവാഹം നടത്തുകയും ചെയ്തിരിക്കുന്നു.

—o—

## വിഷയവിവരം


| | | പേജ് |
|---|---|---|
| 1. | സിനിമാപംക്തി | 2 |
| 2. | അവിസ്മരണീയനായ യൂസഫ മെഹറാലി | 3 |
| 3. | ഈ ആഴ്ച്ചയിലെ നക്ഷത്രഫലം — തകഴി കെ. രാമവാര്യർ | 4 |
| 4. | മനുഷ്യനെ തേടി (കവിത) — പി. കെ. ഗോവിന്ദപ്പിള്ള ബി. ഒ. എൽ | ,, |
| 5. | മഴവില്ല് (കവിത) — തോട്ടയ്ക്കാട്ടു മാധവൻപിള്ള | ,, |
| 6. | കൊറിയൻകുഴപ്പം — ഏ. കെ. ശങ്കർ | 5 |
| 7. | സംയോജനത്തിനുശേഷം — നാനാ | 6 |
| 8. | പാർലമെൻറും സംസ്ഥാന നിയമസഭകളും — എം. ആർ. കൃഷ്ണപിള്ള | 7 |
| 9. | ചിത്രങ്ങൾ | 8&9 |
| 10. | ഭൂമിശാസ്ത്രത്തിന്നൊരു മുഖവുര — ചന്ത്രോത്ത് കുഞ്ഞിരാമൻനായർ | 10 |
| 11. | ഷൂമാൻപ്ലാൻ-അത് രാഷ്ട്രീയ വടംവലികൾക്കു കളമൊരുക്കുന്നു — എം. ഗോപിനാഥൻനായർ B.Sc B.L | 11 |
| 12. | കാർട്ടൂൺചിത്രങ്ങൾ | 12 |
| 13. | ചിത്രപ്രദർശനക്കിറുക്ക് (ഏകാങ്കം) — എം. എൻ. ഗോവിന്ദൻനായർ | 13 |
| 14. | സാരനാഥ് — കെ. എസ്സ്. പിള്ള, പന്തളം | 14 |
| 15. | ഗ്രന്ഥവിചാരം | 15 |
| 16. | 'സൌഗന്ധിക'ത്തിലെ മനോധർമ്മരംഗങ്ങൾ — ടി. എസ്. അനന്തസുബ്രഹ്മണ്യം | ,, |
| 16. | മഞ്ഞക്കൊടി | 16 |


മുഖചിത്രം — അഖിലേന്ത്യാസോഷ്യലിസ്റ്റ് പാർട്ടി ജനറൽ സെക്രട്ടറി ശ്രീ ജയപ്രകാശനാരായൻ.

—o—

# മലയാളരാജ്യം

ആഴ്ചപ്പതിപ്പ്

പുസ്തകം ൨൩ | കൊല്ലം, ൧൧൨൫ മിഥുനം ൨൬-ാംനു തിങ്കളാഴ്ച 10th July 1950. | ലക്കം ൩൬




യൂസഫ് മെഹറലി



അശോകമേത്ത
(മദ്രാസ് സമ്മേളനാദ്ധ്യക്ഷൻ)



കമലാദേവിചതോപാദ്ധ്യായ



അച്യുതപട്ടവർദ്ധൻ

# അവിസ്മരണീയനായ യൂസഫ് മെഹറലി

ഇപ്രാവശ്യം മദ്രാസ്സിൽ വച്ചു നടക്കുന്ന സോഷ്യലിസ്റ്റ് കക്ഷിയുടെ എട്ടാമത്തെ വാർഷികസമ്മേളനത്തിലേക്ക് അദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ടിരുന്ന യൂസഫ് മെഹറലി ജൂലൈ ൨-ാം തീയതി രാവിലെ ബോംബെയിലുള്ള ഒരു ചികിത്സാമന്ദിരത്തിൽ വച്ച്, എട്ടുവർഷത്തോളമായി കാർന്നുതിന്നുകൊണ്ടിരുന്ന ഹൃദ്രോഗബാധയാൽ ഇഹലോകവാസം വെടിഞ്ഞിരിക്കുന്നു. ഇതുമൂലം ഇന്ത്യയിലെ പൊതുജീവിതത്തിൽ ഉണ്ടായിട്ടുള്ള വിടവ് വളരെക്കാലത്തേയ്ക്കു നികത്തപ്പെടാതെ സ്ഥിതിചെയ്യുന്നതാണ്. കക്ഷിബന്ധമോ, മതപരമായ പരിഗണനകളോ കൂടാതെ സർവരുടേയും പ്രീതിക്കും ആദരവിനും പാത്രമായിരുന്ന മെഹറലി ഇന്ത്യൻസ്വാതന്ത്ര്യസമരത്തിലെ ഒരു മുന്നണിഭടനും, ഒരു നവീനഭാരതസൃഷ്ടിയിൽ വ്യാപൃതനായിരുന്ന ഒന്നാംകിട ശില്പിയും ആയിരുന്നു.

മരിക്കുമ്പോൾ മെഹറലിക്ക് വയസ്സ് നാല്പത്തിനാലേ ഉണ്ടായിരുന്നുള്ളു. ഈ ഹ്രസ്വജീവിതകാലത്തുതന്നെ, പ്രധാനപ്പെട്ട ഏഴെട്ടു കൊല്ലക്കാലം കഠിനമായി രോഗം ബാധിക്കപ്പെട്ടവനും, വളരെക്കാലം ജയിൽപ്പുള്ളിയും ആയിരുന്നു. ശേഷിച്ച കാലത്തിനകം അദ്ദേഹം മാതൃഭൂമിക്കുവേണ്ടി ചെയ്തിട്ടുള്ള സേവനങ്ങൾ അതിശയനീയവും ആർക്കും പ്രചോദനം നൽകുന്നതും ആയിരുന്നു. ഒരു രാഷ്ട്രീയപ്രവർത്തകൻ മാത്രമായിരുന്നില്ല അദ്ദേഹം. ഒരു വിദ്യാർത്ഥിപ്രവർത്തകൻ എന്ന നിലയിലാണ് അദ്ദേഹം കാൺഗ്രസ്സുമായുള്ള ബന്ധം സ്ഥാപിച്ചതുതന്നെ. ൧൯൨൮-ൽ അദ്ദേഹം ബോംബെ യൂത്ത്ലീഗ് സ്ഥാപിച്ചു. ൧൯൨൯-ൽ ന്യൂയോർക്കിൽവച്ചുനടന്ന അഖിലലോകയുവജനസമ്മേളനത്തിൽ ഇന്ത്യയിൽനിന്നുള്ള പ്രതിനിധിസംഘത്തിന്റെ നേതൃത്വം വഹിച്ചതു് മെഹറലിയാണ്. ൧൯൪൧-ൽ നടന്ന അഖിലേന്ത്യാവിദ്യാർത്ഥിസമ്മേളനത്തിന്റെ അദ്ധ്യക്ഷനും ഇദ്ദേഹമായിരുന്നു. പിറ്റേവർഷം അദ്ദേഹം ബോംബെയിലെ മേയറായി തെരഞ്ഞെടുക്കപ്പെട്ടു. അന്നദ്ദേഹത്തിനു മുപ്പത്തിയഞ്ചിനുമേലെ പ്രായമുണ്ടായിരുന്നുള്ളു. അനേകലക്ഷം ജനങ്ങൾ അധിവസിക്കുന്ന ബോംബെ നഗരത്തിന്റെ ചരിത്രത്തിൽ ഇത്രയും ചെറുപ്പക്കാരനായ ഒരു മേയർ, ആ നഗരത്തെ ഭരിച്ചിട്ടില്ല. ചരിത്രപ്രസിദ്ധമായ കാൺഗ്രസ്സ് എ. ഐ. സി. സമ്മേളനം ബോംബെയിൽവച്ചുകൂടിയതു്, മെഹറലി മേയറായിരിക്കുമ്പോഴാണ്. പ്രസ്തുതസമ്മേളനം ക്വിറ്റ് ഇന്ത്യാപ്രമേയം പാസ്സാക്കിയതും, ഗാന്ധിജി ഉൾപ്പെടെയുള്ള നേതാക്കന്മാർ അറസ്റ്റ് ചെയ്യപ്പെട്ടതും, രാജ്യവ്യാപകമായ തോതിൽ ബ്രിട്ടീഷു് മർദ്ദനം കൊടുവാഴ്ച നടത്തിയതും, അതിനെ ഭാരതം അങ്ങോളമിങ്ങോളം ചെറുത്തുനിന്നതും, പ്രസ്തുത മഹാപ്രസ്ഥാനത്തിൽ ഭാരതത്തിന്റെ മഹാശൗര്യം ദർശിച്ച് വിദേശികൾ ഇന്ത്യവിട്ടുപോകുവാൻ തയ്യാറായതുമെല്ലാം ഇന്ത്യാചരിത്രത്തിലെ ഏടുകളിൽ രക്തലിപികളിൽ കുറിച്ചിട്ടുള്ള വസ്തുതകളാണ്. ഹരിജൻ മുഖേന ഗാന്ധിജി ആ ഇടയ്ക്കു് പ്രസിദ്ധപ്പെടുത്തിയിരുന്ന ലേഖനങ്ങൾ പ്രസ്തുത സമ്മേളനത്തോടടുപ്പിച്ച് ‘ക്വിറ്റ് ഇന്ത്യ’ എന്ന പേരിൽ സമാഹരിച്ച് പ്രസിദ്ധപ്പെടുത്തിയതും മെഹറലിയാണ്.

മെഹറലി ഒന്നാംതരം ഒരു എഴുത്തുകാരൻ കൂടിയായിരുന്നു. സോഷ്യലിസം സംബന്ധിച്ച് അദ്ദേഹം അഗാധമായ പഠനം നടത്തിയിരുന്നു. തത്സംബന്ധമായി അദ്ദേഹം നിരവധി ലേഖനങ്ങളും എഴുതിയിട്ടുണ്ട്. കൂടാതെ ഏതാനും ഉത്തമഗ്രന്ഥങ്ങളും മെഹറലിയുടെ വകയായി ഉണ്ട്. ഇന്ത്യയിലെ നേതാക്കന്മാരെ സംബന്ധിച്ചും അദ്ദേഹം ധാരാളമായി എഴുതിയിട്ടുണ്ട്. വശ്യവചസ്സായ വാഗ്മി എന്ന നിലയിലും മെഹറലി കീർത്തി സമ്പാദിച്ചിരുന്നു.

ആദ്യന്തം ഒരു സോഷ്യലിസ്റ്റായിരുന്നു അദ്ദേഹം. അതിനാൽ അദ്ദേഹത്തിന്റെ ചരമം സോഷ്യലിസ്റ്റ് പാർട്ടിയ്ക്കു് വന്നുചേർന്ന ഒരു നഷ്ടമാണ്. സോഷ്യലിസ്റ്റ് പാർട്ടിയുടെ അന്തഃകരണം എന്ന പേരിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നതു്. പ്രസ്തുത പാർട്ടിയുടെ ജനറൽ സെക്രട്ടറിയായ ശ്രീ ജയപ്രകാശ് നാരായണൻ പറയുന്നതു് ഗാന്ധിജി ഒഴിച്ചാൽ തനിക്കു ഏറ്റവും പ്രചോദനം ലഭിച്ചിട്ടുള്ളതു് മെഹറലിയിൽ നിന്നാണെന്നാണ്. ഇന്ത്യൻ സോഷ്യലിസ്റ്റ് പാർട്ടിയുടെ പ്രധാന ശില്പികളിൽ ഒരാളായിരുന്നു മെഹറലി.

൧൯൦൩ സെപ്തംബർ ൨൩-ാംനു ആണ് മെഹറലിയുടെ ജനനം. ബോംബെയിൽ ആണു വിദ്യാഭ്യാസം നടത്തിയതു്. ഗവമെന്റ് ലാകാളേജിൽനിന്നു ബിരുദം സമ്പാദിച്ചു അദ്ദേഹം അധികം താമസിയാതെ ഇന്ത്യൻ നാഷണൽകാൺഗ്രസ്സിൽ ചേർന്നു. കാൺഗ്രസ്സിൽ നിന്നു അദ്ദേഹം പിന്നീടു വിട്ടുപോകയുണ്ടായെങ്കിലും, അദ്ദേഹവുമായി ഇടപെടാൻ സംഗതിയായിട്ടുള്ള കാൺഗ്രസ്സ് നേതാക്കന്മാരെല്ലാം തന്നെ അദ്ദേഹത്തിന്റെ സ്വഭാവൗദാര്യത്തെയും, സേവനതൽപ്പരതയേയും എന്നും പ്രശംസിക്കുകയാണു ചെയ്യുന്നതു്. ൧൯൪[illegible]ന്ന പിടിപെട്ട ഹൃദ്രോഗത്തിനു ചികിത്സ നടത്തുവാനായി മി. മെഹറലി അമേരിക്കയിലേക്കു പോകുകയും അവിടെ ഒരു വർഷം താമസിക്കുകയുമുണ്ടായി. രോഗം വളരെ ഭേദപ്പെട്ട നിലയിലാണ് അദ്ദേഹം മടങ്ങിയെത്തിയതു്. ഇന്ത്യയിൽ തിരിച്ചെത്തിയതിൽ പിന്നെ രോഗനിമിത്തമുള്ള ബുദ്ധിമുട്ടുകളെ കണക്കാക്കാതെ അനസ്യൂതമായി പ്രവർത്തിച്ചുപോരികയായിരുന്നു. മരിക്കുന്ന അവസരത്തിൽ മെഹറലി ബോംബെ കാർപ്പൊറേഷനിലേയും, ബോംബെ നിയമസഭയിലേയും സാമാജികനായിരുന്നു.

മെഹറലിയുടെ ചരമം സോഷ്യലിസ്റ്റ് പാർട്ടിക്കു എത്രവലിയ നഷ്ടമാണു വരുത്തിയിട്ടുള്ളതെന്നു് ആ കക്ഷിയിലെ നേതാക്കന്മാർ പുറപ്പെടുവിച്ചിട്ടുള്ള പ്രസ്താവനകളിൽനിന്നു മനസ്സിലാക്കാം. പാർട്ടിക്കുള്ളിൽ ഒരുപോലെ മതിക്കപ്പെടുകയും, മാനിക്കപ്പെടുകയും ചെയ്തിരുന്ന നേതാവാണ് മെഹറലി. “അപകടകരമായി ജീവിക്കുക” എന്നതായിരുന്നു അദ്ദേഹത്തിന്റെ മുദ്രാവാക്യമെന്നും അതനുസരിച്ചു പ്രവർത്തിച്ചതിനാലാണ് ഈ ഇളംപ്രായത്തിൽ ജീവൻ ഉപേക്ഷിക്കേണ്ടിവന്നതെന്നും ശ്രീമതി കമലാദേവിചതോപാദ്ധ്യായ പറയുന്നു. രാജാജി മദ്രാസ്സിലെ പ്രധാനമന്ത്രിയായിരിക്കുന്നകാലത്തു് മെഹറലി കേരളത്തിൽ വന്നിരുന്നതും നിരോധനത്തെ ലംഘിച്ച് തടവു വരിച്ചതും അപകടത്തെ വരിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ സന്നദ്ധതയ്ക്കും സാഹസബുദ്ധിക്കും തെളിവായി ഇവിടുള്ള പലരും ഓർക്കുന്നുണ്ടാവും. ഈ ധീരതയ്ക്കും സാഹസത്തിനും പിന്നിൽ എളിയവരോടുള്ള അനുകമ്പയും സ്നേഹവും ആണു് പ്രകടിതമായി കണ്ടിരുന്നതു്. അതിനാൽ അവ അദ്ദേഹത്തിന്റെ മഹാമനസ്കതയ്ക്കു തെളിവുകളായും തീർന്നിരിക്കുന്നു. നിർഭയനെങ്കിലും മൃദുഹൃദയനും, സാഹസികനെങ്കിലും ചിന്താശീലനും, ത്യാഗസന്നദ്ധനെങ്കിലും, സ്നേഹശീലനും ആയിരുന്ന മെഹറലി നിസ്തുലനായ ഒരു വ്യക്തി ആയിരുന്നു. അതിനാൽ, കക്ഷിഭേദമോ, മതഭേദമോ കൂടാതെ എല്ലാവിഭാഗത്തിലുംപെട്ടിരുന്നവർ അദ്ദേഹത്തെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു.

പ്രസിഡന്റ് ഡാ: രാജേന്ദ്രപ്രസാദും പ്രധാനമന്ത്രി പണ്ഡിതനെഹ്റുവും മെഹറലിയെപ്പറ്റി ചെയ്തിട്ടുള്ള പ്രശംസ ഔപചാരികമായ ഖേദപ്രകടനങ്ങളായി തള്ളിക്കളയാവുന്നതല്ല. മെഹറലിയുടെ അകാലചരമം പൊതുജീവിതത്തിനു ഒരു മഹാനഷ്ടമാണെന്നു് ഡാ: രാജേന്ദ്രപ്രസാദും, സ്നേഹസമ്പന്നനായ ഒരു സുഹൃത്തും സ്വാതന്ത്ര്യസമരത്തിലെ ഒരു യോദ്ധാവും ആണു് നഷ്ടമായിരിക്കുന്നതെന്നു് പണ്ഡിതനെഹ്റുവും അഭിപ്രായപ്പെടുന്നു. തനിക്കു തോന്നുന്ന കാര്യങ്ങൾ ഛലവാക്കുകൂടാതെ പറയുകശീലമുള്ള ആചാര്യകൃപലാനി അഭിപ്രായപ്പെടുന്നതിങ്ങിനെയാണ്. “[illegible]ത്തെ അധഃപാതം ആവശ്യപ്പെടുന്ന യജമാനനാണ് പോളിറ്റിക്സ്. ഈ അത്യധഃപാതം ആവശ്യമായിരുന്നിട്ടുപോലും മെഹറലി സാത്വികമായ ആദർശങ്ങൾ പരിപാലിച്ചുപോന്നു. ഇവയിൽ ഇൻഡ്യയുടെ പുരാതനസംസ്കാരങ്ങളോടും, കലയോടും, ഇതിഹാസങ്ങളോടുമുള്ള അദ്ദേഹത്തിന്റെ വമ്പിച്ച പ്രേമവും ഉൾപ്പെടുന്നു. ഇതു് ഇക്കാലത്തു, മുസ്ലിങ്ങളുടെയിടയ്ക്കു് കാണാൻ കഴിയാത്ത ഒരു ഗുണമാണ്. എന്നാൽ മെഹറലിയാകട്ടെ എല്ലാപ്രകാരത്തിലും ഒരു ഇന്ത്യാക്കാരനായിരുന്നു. ആധുനികഭാരതത്തിന്റെ സൃഷ്ടിക്കു് കാരണമായിത്തീർന്നിട്ടുള്ള എല്ലാ ഗുണങ്ങളുടെയും ചേരുവയായിരുന്നു അദ്ദേഹം.”

ഇങ്ങനെ മെഹറലിയുടെ അകാലവിയോഗം ഭാരതത്തിലെ എല്ലാകക്ഷികൾക്കുമുള്ള നഷ്ടമാണ്. അദ്ദേഹം കാൺഗ്രസ്സിൽനിന്നും വിട്ടുപോയി സോഷ്യലിസ്റ്റ് കക്ഷിയിൽ ചേർന്നുവെന്നുള്ളതു് വാസ്തവംതന്നെ. എന്നാൽ എതിർപക്ഷകക്ഷിയിലെ പ്രമാണി എന്ന നിലയിൽ അദ്ദേഹം നടത്തിയിട്ടുള്ള വിമർശനങ്ങൾ സൃഷ്ടിപരമായ പ്രവർത്തനങ്ങൾക്കു സഹായകമായി ഭവിച്ചിട്ടുള്ള ദേശീയവും, നഗരസംബന്ധമായും ഉള്ള പ്രശ്നങ്ങൾക്ക് അദ്ദേഹം തുല്യപ്രാധാന്യം നൽകിയിരുന്നു. ഇന്ത്യ തനിച്ചല്ല എന്നും, ലോകഗതി ഇന്ത്യയുടെ ഭാഗധേയത്തെ നിയന്ത്രിക്കുമെന്നും അദ്ദേഹം വിശ്വസിച്ചിരുന്നു. നിസ്സ്വാർത്ഥനും, സതതോദ്യോഗിയുമായ മെഹറലി ഏതു ദേശത്തേയും യുവജനങ്ങൾക്ക് മാതൃകയായിരിക്കേണ്ടതാണ്.

—o—

---

സോഷ്യലിസ്റ്റ്പാർട്ടിയുടെ ഉദ്ദേശം തെരഞ്ഞെടുപ്പുകളിൽ ജയിക്കുക എന്നതുമാത്രമല്ല. സംഘടന, പ്രചരണം, പ്രക്ഷോഭണം, സമരം, സൃഷ്ടിപരപ്രവർത്തനം തുടങ്ങിയ ജനകീയമാർഗ്ഗങ്ങളിലൂടെ, ഒരു സോഷ്യലിസ്റ്റ്‌രാഷ്ട്രം കെട്ടിപ്പടുക്കുന്നതിനും ഒരു സോഷ്യലിസ്റ്റ് സമുദായം സൃഷ്ടിക്കുന്നതിനും ജനങ്ങളെ സജ്ജരാക്കുകയെന്നതാണ് സോഷ്യലിസ്റ്റ് പാർട്ടിയുടെ പ്രധാന ലക്ഷ്യം.

— ജയപ്രകാശ് നാരായൻ

# ഈ ആഴ്ചയിലെ നക്ഷത്രഫലം

26-11-125-മുതൽ 32-11-125
10-7-1950 ,, 16-7-1950

തകഴി, കെ. രാമവാര്യർ

അശ്വതി— അനുഭവസമ്പത്തുക്കൾനിമിത്തം അനൎത്ഥങ്ങളും നഷ്ടവും ഉണ്ടാകും. സന്താനങ്ങളുടെ കാര്യംകൊണ്ട് മനഃപീഡയും വ്യയാധിക്യവും ഗൃഹസുഖക്കുറവും ജലദോഷാദി അസുഖവും സംഭവിക്കും.

ഭരണി — പുതിയ പ്രവൎത്തമാൎഗ്ഗങ്ങൾ ആരാഞ്ഞുകൊണ്ടിരിക്കും. അൎഹമായ അവകാശങ്ങൾ ലഭിക്കും. സാഹസികയത്നങ്ങൾ പലതും പ്രവൎത്തിച്ചു പണമുണ്ടാക്കുവാൻ മുതിരും. സന്തോഷപ്രദമായ വാൎത്തകൾ ശ്രവിക്കും.

കാൎത്തിക — കുഴപ്പമേറിയ പ്രശ്നങ്ങൾക്കു പരിഹാരം തേടും. വ്യാപാരപുരോഗതി പ്രതീക്ഷപോലെ കാണുകയില്ല. പ്രബലവ്യക്തികളുമായി പെരുകും. കളത്രാരിഷ്ടതയ്ക്കിടയുണ്ട്. ശരിയായ വിശ്രമമില്ലാതിരിക്കും.

രോഹിണി— സ്വകാൎയ്യനിൎവ്വഹണാൎത്ഥം പല കഠിനപ്രയത്നങ്ങളിലുമേൎപ്പെടും. അവിചാരിതമായ അപകടങ്ങളും അപമാനതയും നേരിടും. രക്തദോഷത്തിനിടയാകും. തൊഴിൽപരമായ പ്രയോജനം പ്രതീക്ഷിക്കാം.

മകയിരം — സന്താനങ്ങളുടെ കാൎയ്യത്തിൽ മനസ്സ് ലീനമായിരിക്കും. വിദ്യാഭ്യാസവിഷയത്തിൽ ശ്രദ്ധയേറും. ധനകാൎയ്യത്തിൽ സുഹൃത്തുക്കളെ സമീപിക്കും. കൎമ്മങ്ങളിൽ ആശാവഹമായ ലക്ഷണങ്ങൾ കണ്ടെത്തും. കുടുംബത്തിൽ അല്പം ചില അസ്വാസ്ഥ്യങ്ങൾക്കിടവരും.

തിരുവാതിര ആരംഭോദ്യമങ്ങൾ പലതും തകരും. ശരീരത്തിനു ക്ലേശകരമായ പ്രവൎത്തികൾ ചെയ്യും. അന്തേവാസികളാൽ അനൎത്ഥങ്ങൾ സംഭവിക്കും. പണകാൎയ്യത്തിൽ വിഷമിക്കും. വാതവായുക്കൾ ഇളകും

പുണൎതം പ്രയോജനശൂന്യമായ വ്യയം വന്നുകൊണ്ടിരിക്കും. പരസ്വാതന്ത്ര്യത്തിനുവേണ്ടി സംഘടിതയത്നങ്ങൾ നടത്തും. ദുൎഘടഘട്ടങ്ങളിൽ ഗൃഹനായികയുടെ സമാധാനം പ്രയോജനപ്പെടും. സല്ക്കാൎയ്യങ്ങളിൽ ശ്രദ്ധ പതിയും.

പൂയം – മിത്രങ്ങളുടെ ദ്രോഹബുദ്ധി പ്രത്യക്ഷപ്പെടും. സമയംപോലെ മറിയുന്ന സ്വഭാവത്തിൽ എത്തിച്ചേരും. ചുമതലകൾ പലതും നിറവേറുകയില്ല. ദുൎഭാഷണവും സംസൎഗ്ഗവും കാൎയ്യവിഘ്നതയുണ്ടാക്കും.

ആയില്യം —സ്ത്രീകളുടെ പ്രേരണസാഹസം പ്രവൎത്തനപുരോഗതിയെ വളൎത്തും. പുതുതായി ചില പ്രവൎത്തനത്തിൽ പ്രവേശിക്കുവാനൊരുമ്പെടും. പൊതുജനപ്രീതിനേടാൻ ശ്രദ്ധപതിക്കും. ചെലവുകൂടുതലായിരിക്കും.

മകം — പൊതുജനതാല്പൎയ്യപ്രസക്തിയും ചിരപ്രതീക്ഷിതകാൎയ്യങ്ങളുടെ ഉലച്ചിലുകളും, ബുദ്ധിപരപ്രവൎത്തനത്താൽ യശസ്സും, സ്ഥാനനേതൃത്വവും, ഭരണകാൎയ്യങ്ങളിൽ ശുഷ്കാന്തിയും, കാൎയ്യവ്യാകുലതയും സഞ്ചാരവും ഫലം.

പൂരം—നയവൈകല്യതയാൽ പലരും എതിരാകും. ശരീരത്തിനും മനസ്സിനും ക്ലേശംതട്ടുന്ന സംഗതികൾ സംഭവിക്കും. ഭാവികാൎയ്യങ്ങളുടെ പ്രവൎത്തനത്തെ ആസൂത്രണംചെയ്യും. വ്യാപാരപുഷ്ടിക്കുവേണ്ടി അനവരതം പ്രയത്നിക്കും. പണക്കുഴപ്പം നിരാശക്കിടവരുത്തും

ഉത്രം— നിയമകാൎയ്യങ്ങളെപ്പറ്റി ചിന്തിക്കേണ്ടതായിവരും. അനുചരന്മാരെക്കൊണ്ടു പല ഗുണങ്ങളും ലഭിക്കും. പലരുടേയും അതൃപ്തിയും എതിൎപ്പും പൊതുജനദൃഷ്ടിയിൽനിന്നുയരും. ആലോചനാപൂൎവ്വം കാൎയ്യങ്ങൾ നിയന്ത്രിക്കും.

അത്തം — അതിഥിസൽക്കാരം കൂടുതലായി വന്നുകൊണ്ടിരിക്കും. സ്വപ്രവൎത്തികളിൽ ന്യായമായ അഭിവൃദ്ധിയുണ്ടാകും. സുചിന്തിതങ്ങളായ പലകാൎയ്യങ്ങളും ആലോചിച്ചുറയ്ക്കും. തനിക്കും കുടുംബജനങ്ങൾക്കും ചില അരിഷ്ടതകൾ നേരിടും.

ചിത്തിര — നിരന്തരമായ പരിശ്രമത്താൽ തൃപ്തികരമായ അനുഭവഗുണം സിദ്ധിക്കും. ചുമതലയേറിയ പല കാൎയ്യങ്ങളിലും പ്രവേശിക്കും. നല്ലകാൎയ്യങ്ങൾക്കായി പണം ചെലവിടും. ചിരപ്രതീക്ഷിതങ്ങളായ ചില കാൎയ്യങ്ങൾ നിൎവ്വഹിക്കും.

ചോതി - എതിൎപാൎട്ടികളാൽ കാൎയ്യസാദ്ധ്യത്തിനു വിളംബവും അപവാദവും സൎക്കാർകാൎയ്യങ്ങളിൽ വൈഷമ്യതകളും കളത്രവിഷയമായ മനഃപീഡയും ഉണ്ടായിരിക്കും ചുമയും ജലദോഷവും ദന്തരോഗവുംകൂടി വിശേഷാൽ വന്നുചേരും.

വിശാഖം — വ്യാപാരം മന്ദഗതിയെ പ്രാപിക്കുന്ന ചുറ്റുപാടുകൾ സംജാതമാകും. സ്വജനങ്ങളുടെ സഹായസഹകരണം സന്തോഷത്തിനിടവരുത്തും. പണത്തിന്റെ വിനിയമനങ്ങൾ ആലോചനാശൂന്യമായി ചെയ്യുകയാൽ വിഷമിക്കും.

അനിഴം സ്ത്രീഹേതുകമായ മനഃപ്രീണനം കാൎയ്യതാമസത്തിനും ആലോചനക്കുറവിനും ഇടയാകും. പണത്തിന്റെ ഞെരുക്കം വിഷമവൎദ്ധിപ്പിച്ചുകൊണ്ടിരിക്കും. അദ്ധ്വാനത്തിനു ഫലം തുച്ഛമായിരിക്കും. ഉദരപീഡാദികൾ പിടിപെടും.

തൃക്കേട്ട—വ്യവസ്ഥാപിതകാൎയ്യങ്ങളിൽ പ്രവേശിച്ച് വിജയം വരിക്കും. സ്വാഭീഷ്ടങ്ങൾ നിറവേറുന്നതിൽ പല കുതന്ത്രങ്ങളും പ്രയോഗിക്കും. ആവേശജന്യമായ പല വികാരങ്ങൾ ഹൃദയത്തെ മഥനംചെയ്യും. ന്യായമായ ആദായം ലഭിക്കും. സ്ഥാനോൽക്കൎഷത്തെ പ്രാപിക്കും.

മൂലം—സംഘടിതകാൎയ്യപ്രവൎത്തനപരിപാടിയെ വിജയോന്മുഖമായി നയിച്ചുകൊണ്ടുപോകും. ദിനചൎയ്യയുടെ മാറ്റത്താൽ ആരോഗ്യകരവും ചുമതലയേറിയ പല കാൎയ്യങ്ങളിൽ മനസ്സു പുകഞ്ഞുകൊണ്ടിരിക്കും സൈ്വരത കുറവായിരിക്കും.

പൂരാടം—അന്യരുടെ കാൎയ്യങ്ങളിൽ ഇടപെടുകയാൽ സ്വന്തം ചുമതലകൾക്ക് വിളംബംതട്ടും. കഠിനപ്രവൎത്തികൾ ചെയ്യും ചെയ്യിച്ചും ആദായം ഉണ്ടാക്കും. പതനം അഭിഘാതം എന്നിവയാൽ ശരീരാസ്വാസ്ഥ്യം നേരിടും.

ഉത്രാടം—സ്വപ്രവൎത്തികളിൽ യഥാവസരം ഏൎപ്പെട്ട പ്രയോജനം കൈവരിക്കും. പല ഗൂഢപ്രവൎത്തനത്തിലും സഹകരിക്കുന്നതിനുള്ള ചുറ്റുപാടുകൾ വലയംചെയ്യും. എന്നാൽ പൊതുജനങ്ങളുടെ പ്രീതിയും സ്നേഹവും നേടും.

തിരുവോണം—സ്നേഹിതരുടെ സഹകരണത്തോടുകൂടി പല കാൎയ്യങ്ങളും ശരിപ്പെടുത്തും. പക്ഷെ ഗൃഹസുഖം തീരെ ലഭിക്കയില്ല. പണക്കുഴപ്പത്താൽ പലരും ശത്രുക്കളാകും.

അവിട്ടം— ഉദാസീനത ഹേതുവായി വ്യാപാരങ്ങളിൽ നഷ്ടം നേരിടും. സാഹസികകാൎയ്യങ്ങളിൽ പ്രവേശിച്ച് ശരീരത്തിന് ക്ഷീണം തട്ടിക്കും. പാരിതോഷികവും കുറയുകയില്ല. സന്താനങ്ങളുടെ ആവശ്യം നിറവേറുവാൻ വെമ്പൽകൊള്ളും.

ചതയം—പ്രവൎത്തികൾക്ക് സ്വച്ഛതയും വെടിപ്പും വരുത്തുവാൻ നല്ലപോലെ പരിശ്രമിക്കും. പക്ഷെ താല്പൎയ്യങ്ങൾ പലതിനും കടകവിരുദ്ധമായ ഫലങ്ങൾ അനുഭവപ്പെടും. ഉന്നതവ്യക്തികളുടെ സാഹചൎയ്യം നേടും.

പൂരുരുട്ടാതി—വാതപിത്തങ്ങൾ കോപിക്കും. സഹജാതരോ സഹായികളോ നിമിത്തം ചില ചിത്തശല്യത ജനിക്കും വ്യവസായങ്ങളിൽ നഷ്ടമോ അനൎത്ഥമോ നേരിടും. ബന്ധുക്കൾക്ക് സുഖം കാണുകയില്ല. പൊതുകാൎയ്യങ്ങളിൽ ഓരോരുത്തർ അപവാദം പരത്തും.

ഉത്രട്ടാതി – പ്രവൎത്തനങ്ങളിൽ വിജയം ലഭിക്കും. ഭരിച്ച ചുമതലകൾ വഹിക്കുവാൻ വിഷമിക്കും. പലരോടും ക്ഷോഭിച്ചു സംസാരിക്കും. ഗാൎഹികസുഖത്തിന് കുറവുവരികയില്ല. വരുമാനത്തിൽകവിഞ്ഞ ചെലവു ചെയ്തുകൊണ്ടിരിക്കും.

രേവതി—പണത്തിന്റെതട്ട് സകലരംഗങ്ങളിലും പ്രത്യക്ഷപ്പെടും. കാൎയ്യമില്ലാത്തകാൎയ്യങ്ങളിൽ ചെന്നുചാടി വിഷമിക്കും. സ്വകൃത്യങ്ങൾ ശരിക്കു നിൎവ്വഹിക്കാതെ മാറ്റിവെയ്ക്കും. വിദേശീയസുഹൃത്തുക്കളുടെ പരിചയംകൊണ്ടുള്ള പ്രയോജനം പ്രതീക്ഷിക്കാം.

—ഠ—

## മനുഷ്യനെ തേടി

—ഠ—

പി. കെ. ഗോവിന്ദപ്പിള്ള,
ബി. ഒ. എൽ.

അതുലവിപുലവിശാലമാകും
ക്ഷിതിതലമൊക്കെഞാൻ തേടിനോക്കി
മനുജാകൃതികളവിടെയെല്ലാം
മഹിമയൊടേററം നിറഞ്ഞിരുന്നു
സുരുചിരസുസ്മിതസുന്ദരരായ്
സുഖമൊഴിതൂകിയിരുന്നെന്നാലും
പുനരൊന്നുസൂക്ഷിക്കെ, ഹന്ത! സാക്ഷാൽ
മനുജനെയെങ്ങുമേ കണ്ടതില്ല?

മതവുംമതത്തിൻപിരിവുകളും
ഗതിമുട്ടുമാചാരനീതികളും
ജാതിയും ജാതിയിൽജാതികളും-
മോതിയാൽതീരാത്ത ഭീതികളും
പരമവിചിത്രമാം ബന്ധങ്ങളും
പൊരുളററ വിശ്വാസനിഷ്ഠകളും
അനുദിനം കണ്ടുഞാൻ ദിക്കിലെങ്ങും
മനുജതേ! കണ്ടില്ലനിന്നെമാത്രം

കന്തുകൾ, കല്ലുകൾ, കത്തികളും
അമ്പുകൾ, തോക്കുകൾ, ബോംബുകളും
അമ്പോ! പരിഷ്കാരംപോയി, താററം_
ബോംബോളം-ഹൈഡ്രജൻബോംബിനോളം
കൂടുതൽകൂടുതൽ മാരകത്വം
തേടുംമഹാസ്ത്രങ്ങൾ സൃഷ്ടങ്ങളായ്
എത്രനൂററാണ്ടുകൾകൊണ്ടുനിന്നേ
മത്ത്യതേ! കൊല്ലുന്നതെല്ലതെല്ലായ്

ധരണീശ്വരരുണ്ടു, രാജ്യതന്ത്ര-
പരരാം സചിവന്മാരുണ്ടനേകം,
ജയമത്തസൈന്യേശരുണ്ടു, നാനാ-
നയകോവിദന്മാരുമുണ്ടുകാണ്മാൻ
മഹിതമതാദ്ധ്യക്ഷരുണ്ടു, ബുദ്ധി-
മഹിമാഢ്യരുമുണ്ടുവേണ്ടുവോളം
എന്നാ, ലൊഴിഞ്ഞു കിടക്കയാണി-
മ്മന്നിൽ മനുജന്റെ സിംഹാസനം?

സന്ന്യാസിവേഷങ്ങൾനോക്കി, ഭിക്ഷാ-
സന്നദ്ധസാധുക്കൾതന്നെനോക്കി,
വിദ്യാൎത്ഥിവൃന്ദത്തെനോക്കി, ശില്പ-
വിദ്യാവിചക്ഷണന്മാരെനോക്കി,
സംഗീതസാഹിത്യസൽകലാളീ-
ഭംഗീവിലാസികൾതന്നെനോക്കി.
ഈക്ഷാപഥത്തിലണഞ്ഞില്ലെന്നാൽ
സാക്ഷാൽമനുജന്റെ സന്നിധാനം!

പരമതപസ്സിൽ മുഴുകിവാഴ-
മരിയതപോധനവൎയ്യരേയും
പെരുകുംപ്രതാപത്തിൽ ലോകമെല്ലാം-
മെരിപൊരിക്കൊള്ളിച്ച വീരരേയും
ധവളയശസ്സിന്റെ ചന്ദ്രികയിൽ
ഭുവനംകുളൎപ്പിച്ച വിജ്ഞരേയും
അനവധികണ്ടുഞാൻ – കണ്ടതില്ല
മ്മനുജന്റെ മഹനീയമഹിമമാത്രം!

അക്ഷിക്കു ഗോചരമായ്ഭവിക്കാം
പക്ഷെ മനുജതരണ്ടുപേരിൽ
കല്മഷമറെറാരു യോഗിയിലും
കല്മഷംതീണ്ടാത്ത പൈതലിലും.

എന്നാൽ പ്രകടിതമല്ലൊരാളിൽ,
അന്യനിലാന്നില്ല സ്വഭാവികാസം
അവ്യയം വിശേഷാഭരണശക്തം
ദിവ്യമനുജതേ! നീയെവിടെ?

ധനികന്റെയൈശ്വൎയ്യധോരണിയിൽ
ധനമഹിമാവിന്റെ മത്തതയിൽ
അതുലദരിദ്രന്റെ ദീനതയിൽ
അതുമൂലമെത്തുന്ന ദുഷ്കൃതിയിൽ
പുരുദീൎഘജീവിതയാത്രയിങ്കൽ
ഒരുതെരെപ്പുറവും രക്ഷോഭരത്തിൽ
മനുജതയയ്യോ! മറഞ്ഞിടുന്നു-
ണ്ടണുവും വികസിതമായിടാതെ!

കാമവും ക്രോധവും മാത്സൎയ്യവു-
മീമട്ടുനാനാവികാരങ്ങളിൽ
ആടികുഴഞ്ഞു പരവശനാ-
യോടിക്കിതച്ചുതളൎന്നനിശം
അന്ധമായീവിധം മുമ്പിലേക്കായ്
ഹന്ത! ഗമിക്കവേ, മാനുഷത്വം
വീൺകൊഴിഞ്ഞുപോം —പിന്നെയങ്ങു
കാണുന്നുമാനുഷരൂപംമാത്രം!

യന്ത്രങ്ങളിൽവീണരഞ്ഞു, രാജ്യ-
തന്ത്രങ്ങളിൽപ്പെട്ടു ശോഭമങ്ങി
ദുഷ്ടമന്ത്രങ്ങൾതാൻ കേട്ടുകേട്ടു
നഷ്ടചൈതന്യമായ്തീൎന്നനിത്യം
കള്ളം ചതിവും പകയുമേററു
പൊള്ളിവലഞ്ഞുവിവശമായി
എന്നെന്നു സ്തമിച്ചീടുകല്ലോ
മന്നിനെവിണ്ണാക്കും മാനുഷത്വം!

ഒരുനാൾ മനുജനഹിംസതന്റെ
തിരുവുടലാൎന്നിങ്ങവതരിച്ചു
ഉലകമൊട്ടവിലവന്നുകഷ്ടം
പുലിമുഖം മാരണശയ്യയാക്കി!
മനുജൻകനിവോടുവന്നുവീണ്ടു-
മനഘപ്രശാന്തിതൻവിഗ്രഹമായ്
നിരഘനവനെക്കൃതഘ്നലോകം
കുരിശിൽതറയ്ക്കുകതന്നെചെയ്തു!
വരുകയായായ വീണ്ടും മനുജനിങ്ങു
സുരുചിരസത്യത്തിൻ കാതലായി
അമലസത്യാഗ്രഹംകൊണ്ടുസൂൎയ്യ-
നണയാത്തസാമ്രാജ്യംവെന്നുകേറി
അവനെയും ലോകം നളികാഗ്നിയി-
ലാഹുതിചെയ്തേയടങ്ങിയുള്ളൂ!

ഉൾകിന്നൊരിക്കലും വേണ്ടയല്ലോ
വിലയെഴും മഹനീയമാനുഷനെ!
അനവധിനൂററാണ്ടിടയ്ക്കു, സാക്ഷാൽ
മനുജൻ മഹിയിലൊന്നെത്തിനോക്കും.
ഒരുനിമിഷത്തിലവനെലോകം
കുരുതികഴിക്കാനൊരുങ്ങുകയായ്
ദുഷ്ടം ഭയദമേ നിന്റെഭാവം
രാക്ഷസം! ആസുരം! പൈശാചികം!

മനുഷ്യനത്തേടിഹാ! വീണ്ടുമീഞാ-
നനുമാത്രം സഞ്ചരിച്ചീടുകയായ്
അലമൊന്നുസൂക്ഷിക്കെ, യേവരിലും
പലമട്ടുമനുജൻ ലസിച്ചുകണ്ടു
ചിലരിലുറങ്ങുന്നു ഗാഢഗാഢം
ചിലരിലോ മങ്ങിമയങ്ങിടുന്നു
ചിലരിൽമുറിപ്പെട്ടുമാഴ്കിടുന്നു,
ചിലരിൽ നിൎജ്ജീവംകിടന്നിടുന്നു
തലയൊന്നുപൊക്കുവാൻ തീരെവയ്യാ,
തലയുന്നതുണ്ടു ചിലരിലെന്നും
പലവിധമുള്ളത്തിലേവ, മോരോ-
നിലയിൽ മനുജൻമറഞ്ഞിരിപ്പൂ!

എവരിലുമിങ്ങനെയോരോവിധം
വിവശംവലയുന്ന മാനുഷനെ,
സുചിരസുഷുപ്തിയകററിമാററി,
സുഖമായ് മുറിവുകൾ ഭേദമാക്കി,
സുരുചിരബോധവും പൂൎണ്ണതയു-
മരുളിയുയൎത്തുകി, ലാക്ഷണത്തിൽ,
മനുജൻ യഥാൎത്ഥമനുജനാകും
അനഘഗുണാഞ്ചിതദേവനാകും
ഭുവനം മലിനതാഹീനമാകും
അവികലനിൎമ്മലസ്വൎഗ്ഗമാകും!
മനുജൻജയിക്കട്ടെ വീണ്ടും;—സാക്ഷാൽ
മനുജത നാട്ടിലുയൎന്നിടട്ടെ
മഹനീയനാമമ്മനുജനെത്തി
മഹിയിൽ ജയക്കൊടി നാട്ടിടട്ടേ!

## മഴവില്ല്

തോട്ടയ്ക്കാട്ടു മാധവൻപിള്ള

ഇന്നെത്രവേഗം മറഞ്ഞുപോകാം
വിണ്ണിൽനിന്നങ്ങുനീ മാരിവില്ലേ!
രോമഹൎഷാദ്രമാമെന്റെചിത്തം
പേറുന്ന പൂമൊട്ടുമാവനപോരാ!
മയൊല്ലേ, മായൊല്ലേ മാരിവില്ലേ,
മായികാമഞ്ജുളഭാസുരാംഗി!

മിന്നലിൻസാരം കവൎന്നെടുത്തു
വിണ്ണവർ നിൎമ്മിച്ചമാലപോലെ,
നിഷ്കളങ്കോജ്ജ്വലമാം നീലവിണ്ണിൻ
നിസ്തുലരാഗാൎദ്രദീപ്തിപോലെ,
മാദകമാധുരിച്ചാൎത്തുപോലെ,
മായൂഖമംഗളലേഖപോലെ
ഇന്ദ്രധനുസ്സേ, നവോജ്ജ്വലാഭം
വിണ്ണണിമാറിൽ നീ മിന്നുമ്പോഴും
തപ്തനിരാശമാണെങ്കിലുമെൻ
ചിത്തമനുരാഗസിക്തമാവൂ!
മായൊല്ലേ, മായൊല്ലേ മാരിവില്ലേ,
മാധവമംഗളരംഗദീപ്തേ!

അല്ല! നീ മാഞ്ഞു കഴിഞ്ഞുവെന്നോ?
അല്ലലിലെന്നെയെറിഞ്ഞുവെന്നോ?
ഒററനിമിഷമിന്നെന്നെയേവം
വിഭ്രമിപ്പിക്കുവാൻ മാത്രമാണോ
ബാലാരുണാരുണരശ്മികൾ നിൻ
ചേലററചിത്രം വരച്ചുകാട്ടി?

ഒന്നുഞാൻ നിന്നെപ്പുകത്തിയില്ലി-
ങ്ങോൎന്നുഞാൻ നിന്നെമുകൎന്നതില്ല,
പോയെന്നോ കൈവിട്ടുവിണ്ണിലേക്കാ-
മായാമയൂഖമണിപ്രകാണ്ഡം!
പല്ലിളിച്ചിങ്ങുപകച്ചുനോക്കും
പുല്ലുകൾ നിൎമ്മിച്ച വജ്രമാല്യം
നാകസുഷമേ, നിനക്കുമുന്നിൽ
രാഗോപഹാരമായ് ചാൎത്തുംമുന്നേ
കഷ്ടം! ക്ഷണികതേ, നീ ലയിച്ചു-
ചുററിച്ചുലിക്കുമക്കാൎപ്പടൎപ്പിൽ!
വിത്തപ്രതാപത്തോടേററുമുട്ടി-
ത്തട്ടിത്തകരുന്ന രംഗതുല്യം!

* * *

നിന്നനുരാഗം ഘനീഭവിച്ചു
നന്ദനാരാമനറുംതണലിൽ
നീരാനീരാശയാൽ വാടിവാടി
നാളെയും വന്നുഞാൻ കാത്തുനില്ക്കും!
ഒന്നുശങ്കിപ്പു ഞാൻ; ഈസ്സമയം
വണ്ണവൈശിഷ്ട്യമേ, നീവരുമോ?

—ഠ—

# കൊറിയൻ കുഴപ്പം

എ. കെ. ശങ്കർ

ഇൻഡ്യൻ കൗൺസിൽ ഓഫ് വേൾഡ് അഫേഴ്സ്

വിദൂരപൂർവദേശത്ത് കോളുകൊണ്ടുനിന്ന അഗ്നിപർവതം ഇതാ പൊട്ടിയിരിക്കുന്നു. അവിടത്തെ സംഭവഗതികൾ സൂക്ഷ്മം അറിയാവുന്നവർപോലും ഇത്രവേഗം സംഗതികൾ രൂപംപ്രാപിക്കുമെന്നുദ്ദേശിച്ചില്ലെന്നു മാത്രം. എന്തെന്നാൽ, കഴിഞ്ഞ ഏതാനും മാസങ്ങളിൽ താല്ക്കാലികമായി മാത്രമെങ്കിലും ഒരു ശാന്തത അവിടെ കളിയാടിയിരുന്നു. എന്താണിത്രവേഗം ഈ മൈൻ പൊട്ടിത്തെറിക്കാൻ കാരണം? ആരാണിതിനു കുററവാളികൾ? മഹാശക്തികളുടെ ചേരിതിരിഞ്ഞുള്ള മൽപിടുത്തത്തിൻെറ ബാഹ്യപ്രകടനമല്ലേ ഇതു? ദൂരവ്യാപകങ്ങളും, വിഷമമേറിയ മററനേകപ്രശ്നങ്ങളുൾക്കൊള്ളുന്നതുമായ ഈ തീപിടുത്തം, സമാധാനകാംക്ഷികളായ ബഹുഭൂരിപക്ഷം ജനങ്ങളെ നാശഗർത്തത്തിലേയ്ക്കു വലിച്ചിഴയ്ക്കുയില്ലേ? സമരം കൊറിയാകൊണ്ടു അവസാനിക്കുമോ? അടുത്ത ലോകമഹായുദ്ധത്തിൻെറ വഴിത്തിരിക്കു തീകൊളുത്തിയ ഈ സംഭവം ആ അത്യാഹിതത്തിലേക്കു ലോകത്തെ കൂടുതൽ അടുപ്പിക്കയല്ലേ ചെയ്യുന്നതു്?

ഇന്നു കൊറിയയിൽ നടക്കുന്ന രൂഗീയമായ കൂട്ടക്കൊലയുടെ പശ്ചാത്തലം ഇരുകക്ഷികളും ൧൯൪൬-ൽ തന്നെ സൃഷ്ടിച്ചുകഴിഞ്ഞിരുന്നു. മാർച്ചുമാസത്തിൽ സിയോളിൽവച്ചു കൂടിയ സോവിയററ്-അമേരിക്കൻ കോൺഫറൻസിൽ, സോവിയററ് ഡെലിഗേഷൻനേതാവായ ഷ്ററിക്കോവ് - ഇന്നു ഉത്തരകൊറിയയിലെ റഷ്യൻ സ്ഥാനപതി — പ്രഖ്യാപിക്കയുണ്ടായി, "സോവിയററ് യൂനിയൻ, സ്വാതന്ത്ര്യവും, പ്രജായത്തഭരണവ്യവസ്ഥിതിയോടുകൂടിയതും, യൂനിയനുമായി സൗഹാർദ്ദബന്ധം പുലർത്തുന്നതുമായ കൊറിയയെ, സോവിയററ് യൂനിയനെതിരായുള്ള ഒരു സമരത്തിനു കളമാക്കുവാൻ മററാരു ശക്തിയേയും അനുവദിക്കയില്ല." അമേരിക്കൻ പ്രതിനിധിയാകട്ടെ, അമേരിക്കൻ രീതിയിലുള്ള പ്രജായത്തഭരണവ്യവസ്ഥിതിയോടുകൂടിയതും, സ്വാതന്ത്ര്യവും, അമേരിക്കയുമായി സൗഹാർദ്ദബന്ധം പുലർത്തുന്നതുമായ, ഒരു കൊറിയയെ കെട്ടിപ്പടുക്കുവാൻ ശ്രമിക്കുമെന്നു വ്യക്തമാക്കി. അങ്ങനെ ഏററവും വിഭിന്നമായ അന്തരീക്ഷത്തിലും, ഓരോ കക്ഷിയുടെ ആദർശത്തിനും ആവശ്യത്തിനും അനുകൂലമായി, ൩൮ ഡിഗ്രി സമാന്തരമേഖലയ്ക്കു, കൊറിയായെ, വടക്കും, തെക്കും, രണ്ടു വിഭാഗങ്ങളായി വേർതിരിച്ചു നിർത്തി, കഴിഞ്ഞ നാലു സംവത്സരങ്ങളുടെ പരിശ്രമഫലമായി, കൊറിയൻ ജനതയെ അന്യോന്യം അവിശ്വാസവും ഭീതിയും നിറഞ്ഞ രണ്ടു ജനവിഭാഗങ്ങളായി രൂപാന്തരപ്പെടുത്തി.

## ഉത്തരകൊറിയ-റഷ്യയുടെ "കാർബൺകോപ്പി"

ഉത്തരകൊറിയയുടെ ഈ നുഴഞ്ഞുകയററം റഷ്യയുടെ സർവവിധ പരുന്തുണയോടുംകൂടിയാണെന്നു റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. റഷ്യ, ചൈനയെ സംബന്ധിച്ചിടത്തോളം ഒരു നിഷ്പക്ഷ നിലയാണു സ്വീകരിച്ചതെങ്കിൽ, ഉത്തരകൊറിയയെ സുശക്തമായി കെട്ടിപ്പടുക്കുന്നതിനും, തങ്ങളുടെ ഒരു പ്രധാന സ്നേഹിതരാജ്യമായി രൂപാന്തരപ്പെടുന്നതിനും, കൊറിയയുടെ ആഭ്യന്തരകാര്യങ്ങളിൽപ്പോലും — പരോക്ഷമായെങ്കിലും — കൈകടത്തിയിട്ടുണ്ടു്. ഉത്തരകൊറിയയിലെ സ്ഥാപനങ്ങൾ, ഭരണരീതി, സാമൂഹ്യവും, സാമ്പത്തികവുമായ പുരോഗമനസ്വഭാവം-ഇവസസൂക്ഷ്മം മനസ്സിലാക്കിയതിനുശേഷം ആൻഡ്രൂ രോത്ത് എന്ന അമേരിക്കൻ ലേഖകൻ, ഉത്തരകൊറിയ റഷ്യയുടെ കാർബൺ കോപ്പിയാണെന്നഭിപ്രായം പുറപ്പെടുവിച്ചു. ഈ പരമാർത്ഥം ഒളിക്കുന്നതിനു ഉത്തരകൊറിയയിലെ നേതാക്കന്മാർ ശ്രമിച്ചിട്ടുമില്ല. ഒരു ഉത്തരകൊറിയൻ നേതാവു് വിളിച്ചുപറയുകയുണ്ടായി, "കൊറിയ, സോവിയററ്യൂണിയനിലെ നൂതനവും, ഏററവും പുരോഗമനപരവുമായ സംസ്കാരത്തെ ഏത്രയുംവേഗം പകർത്തുവാൻ ശ്രമിക്കണം." ഈ ആഹ്വാനം, ഉത്തരകൊറിയ, അതുപടി പ്രായോഗികമാക്കിയെന്നുതന്നെ പറയാം.

സോവിയററ്യൂണിയനു് തങ്ങളുടെ ആശയങ്ങൾ ഉത്തരകൊറിയയിൽ പകർത്തുന്നതിനു് നല്ല പരിശീലനം കിട്ടിയവരും, കമ്മ്യൂണിസത്തിൽ പരിപൂർണ്ണ വിശ്വാസമുള്ളവരും ആയ ഒരു കൂട്ടം നേതാക്കന്മാരെ ലഭിച്ചു. കിം—ഇൽ—സുങ്ങ്—ഉത്തരകൊറിയൻ പ്രീമിയർ—൩൯ വയസ്സുമാത്രം പ്രായമുള്ള ഒരു വിപ്ലവകാരിയും യുവത്വം തുളുമ്പുന്ന നേതാവുമാണ്. ഇദ്ദേഹം ൧൯-ാമത്തെ വയസ്സിൽ ഒരു ഒളിപ്പോരുസംഘടന രൂപീകരിക്കയും, ക്രമേണ അതു് വിപുലമാക്കി, അത്ഭുതകരമാംവണ്ണം ജാപ്പനീസു് ഫാസിസ്ററുകളെ ചെറുത്തുനില്ക്കുകയും, എതിരാളികളിൽ അതിയായ ഭീതിയും, നാശവും വരുത്തുകയുംചെയ്തു. ഇദ്ദേഹത്തിൻെറ അനുയായികൾ, ഫാസിസ്റ്റുവിരുദ്ധ സംഘടനയിലെ മുന്നണിനേതാക്കന്മാരും, കമ്മ്യൂണിസ്റ്റു് തത്വങ്ങളിൽ പരിപൂർണ്ണവിശ്വാസമുള്ളവരും, ഭൂരിപക്ഷം ജനതയുടെ ആരാധനാപുരുഷന്മാരുമാണു്.

ഈ നേതാക്കന്മാർക്കു കിട്ടിയ വലിയ സമ്പത്തു് കൊറിയയുടെ ൯൦-ശതമാനം വിദ്യുച്ഛക്തികേന്ദ്രങ്ങളും ഉത്തരകൊറിയയിൽ സ്ഥിതിചെയ്യുന്നു എന്നുള്ളതാണു്. ഇതിൽ ലോകപ്രസിദ്ധിയുള്ള "യാലു" നദി പ്രോജക്ട് പോലും ഉൾപ്പെടുന്നു. അടുത്തതായി, ആധുനിക പുരോഗതിക്കാവശ്യമായ ഇരുമ്പു്, ഉരുക്കു്, സിമൻറു് ഇവ ഉൽപ്പാദിപ്പിക്കുന്ന തൊഴിൽശാലകളും, കൊറിയയുടെ ൯൦-ശതമാനം കെമിക്കൽ വ്യവസായകേന്ദ്രങ്ങളും പ്രാരംഭത്തിൽതന്നെ ലഭിച്ചു.

എന്നാൽ, മുഖ്യമായി അവർ നേരിടേണ്ടിവന്നപ്രശ്നം പരിശീലനംസിദ്ധിച്ച എഞ്ചിനീയർമാരുടേയും, തൊഴിലാളികളുടേയും ദൗർലഭ്യമാണു്. വലിയ മെഷീനുകളും, അസംസ്കൃതസാധനങ്ങളും, ഗതാഗത സൗകര്യത്തിനുള്ള ഉപകരണങ്ങളും, വ്യാവസായികപുരോഗതിക്കു് അത്യാവശ്യം വേണ്ടതാണല്ലോ ഇവയെല്ലാം, റഷ്യയുമായി കൊറിയ ഒപ്പുവച്ച സാമ്പത്തികസാംസ്കാരികദശവത്സര ഉടമ്പടിപ്രകാരം ധാരാളമായി ലഭിച്ചു. ഈ ബാദ്ധ്യത പത്തു സംവത്സരങ്ങൾക്കുശേഷം തീർന്നാൽമതിയെന്നാണു് വ്യവസ്ഥ റഷ്യ, ഇതിനുപുറമേ, സുശക്തമായ ഒരു സഖ്യകക്ഷിയെ കരുപ്പിടിപ്പിക്കുന്നതിനുവേണ്ട സകല സഹായങ്ങളും നൽകി. എഞ്ചിനീയർമാർ പ്രഫസറന്മാർ—എന്നു തുടങ്ങി എല്ലാത്തുറകളിലും സോവിയററ്യൂണിയൻ റഷ്യാക്കാരെ സംഭാവനചെയ്യുന്നതിനു മടിച്ചില്ല.

ഇന്നു ഏതൊരു ഏഷ്യൻരാജ്യത്തേയും അഭിമുഖീകരിക്കുന്ന മൗലികമായ ഒരു പ്രശ്നം ഭൂവുടമയുടെ വിതരണസമ്പ്രദായമാണെന്നുള്ളതിനു സംശയമില്ല. ഈ മൗലികപ്രശ്നം ഏററവും കാമ്യമായവിധം ഉത്തരകൊറിയയ്ക്കു നേരിടുവാൻ സാധിച്ചിട്ടുള്ളതായിരിക്കണം. എങ്ങനെയെന്നാൽ, ൧൯൪൬-ആരംഭംമുതൽക്കേ ജപ്പാൻകാരും, വൻകിടജന്മികളും കയ്യടക്കിയിരുന്ന ഭൂമി മുഴുവനും ഗവൺമെൻറു് പൊതുസ്വത്താക്കി, വില്ലേജ്കമ്മിററികളെ—ഏഴുലക്ഷം കുടുംബങ്ങൾക്കായി— വീതിച്ചുകൊടുക്കാൻ ചുമതലപ്പെടുത്തി. ഏററവും കാര്യക്ഷമതയോടുകൂടിയാണു് കമ്മിററികൾ പ്രവർത്തനം നടത്തുന്നതു്. ചൈനയിലെ ഭൂവിതരണസമ്പ്രദായത്തിൽനിന്നു വ്യത്യസ്തമായ ഒരു നയമാണു് ഇവിടെ സ്വീകരിച്ചിരിക്കുന്നതു്. ചൈനയിൽ ഭൂവുടമ കർഷകനിൽ സ്ഥിതിചെയ്യുമ്പോൾ, ഉത്തരകൊറിയായിൽ വില്ലേജ്കമ്മിററികളിലാണു് ഈ ഉടമസ്ഥാധികാരം സ്ഥിതിചെയ്യുന്നതു്. കർഷകനു് ഭൂമി കൈമാററംചെയ്യുന്നതിനുള്ള അധികാരമില്ല. എന്നാൽ, അവൻെറ ഭൂമിയിൽ സ്ഥിരമായി കൃഷിചെയ്യാം. ഇങ്ങനെ ഭൂരിപക്ഷം കർഷകർക്കും അനുഗ്രഹമായ, പുരോഗമനോന്മുഖമായ—ഭൂവിതരണസമ്പ്രദായം കർഷകനെ കൂടുതൽ ഗവൺമെൻറിനോടടുപ്പിച്ചു. അതിനാൽ, ഈ വ്യവസ്ഥിതി നിലനിറുത്തുവാൻ അവർ ഉറവുമിക്കയും ചെയ്യും.

കഴിഞ്ഞ ഏതാനുംവർഷങ്ങളിലെ വ്യവസായോൽപാദനം നാലിരട്ടി വദ്ധിച്ചതായി കണക്കുകൾതെളിയിക്കുന്നു. ആഹാരകാര്യത്തിൽ ബുദ്ധിമുട്ടനുഭവിച്ചുകൊണ്ടിരുന്ന ഉത്തരകൊറിയ ഇന്നു സ്വയംപര്യാപ്തതയിലെത്തിയിരിക്കുന്നു. വിപ്ലവകരവും, പുരോഗമനപരവുമായ ഈ സാമ്പത്തിക-സാമൂഹികപരിവർത്തനങ്ങൾ ഭൂരിപക്ഷത്തിനു് സ്വാഗതാർഹമെങ്കിലും ജന്മികളും, വലതുപക്ഷക്കാരും, ഉൽപാദനവിമുഖരുമായ ഒരുവിഭാഗം "ഇത്തിക്കണ്ണികളെ" നിർബന്ധമായി ദക്ഷിണകൊറിയായിലേയ്ക്കു് കടക്കുന്നതിനിടയാക്കി. ഈ പലായനംമൂലം സുരക്ഷിതവും ഐക്യതയോടുകൂടിയതുമായ ഒരു വിഭാഗത്തെ സൃഷ്ടിക്കുന്നതിനു സോവിയററ്യൂണിയനു സാധിച്ചു. ഈ വിഭാഗം "ഇരുമ്പുതിരശ്ശീല" കൊണ്ടു് മൂടുകയുംചെയ്തു.

## ദക്ഷിണകൊറിയ അമേരിക്കൻ "കവോമിന്താങ്ങ്"

അമേരിക്ക ദക്ഷിണകൊറിയയിൽ പ്രവേശിച്ചപ്പോൾ ഒരു കമ്മ്യൂണിസ്റ്റു് "പീപ്പിൾസ് ഗവൺമെൻറു്" അവിടെ നിലവിലുണ്ടായിരുന്നിട്ടും, യാതൊരുകാരണത്താലും സഹകരിക്കാൻ തയ്യാറില്ലാതെ, ജപ്പാൻകാരുടെ സഹായത്തോടുകൂടി ഭരണം മുമ്പോട്ടുകൊണ്ടുപോകുവാൻ ശ്രമിച്ചു. ജപ്പാൻകാരുടെ വേർപാടിനുശേഷവും പിൻതിരിപ്പൻപാർട്ടികളുമായി സഖ്യതപുലർത്തുകയുംചെയ്തു. ഈ പെരുമാററം ജനങ്ങൾക്കു് അമേരിക്കയോടു് വെറുപ്പുതോന്നുന്നതിനിടയാക്കി. എന്തെന്നാൽ, ഈ പിൻതിരിപ്പന്മാരുടെ സഹായത്തോടുകൂടിയാണു് ഇതിനുമുമ്പും അവരെ കൊള്ളയടിച്ചുവന്നതു്. ഉദ്യോഗസ്ഥന്മാരുടെ അനീതികളും അക്രമപ്രവർത്തനങ്ങളും ജനതാമദ്ധ്യത്തിൽ ഗവൺമെൻറിനോടുള്ള മതിപ്പും വിശ്വാസവും ഇല്ലാതാകുന്നതിനിടയാക്കി. ഉത്തരകൊറിയായിൽനിന്നു് ഓടിയെത്തിയ ജനവിഭാഗത്തിൽനിന്നും സാമ്പത്തികമായ അധപ്പതനവും മററനേക വിഷമപ്രശ്നങ്ങളും അമേരിക്ക നേരിടേണ്ടിവന്നു. ഇവയെ നേരിടുന്നതിനു് ശക്തമായ ഭരണകൂടത്തിൻെറ അഭാവം മനസ്സിലായെങ്കിലും മൗലികമായ കാര്യങ്ങളിൽ മാററംവരുത്തുവാൻ അമേരിക്ക തയ്യാറായില്ല. വലതുപക്ഷക്കാരും ജന്മികളും പോലീസ്സിൻെറ സഹായത്തോടുകൂടി കാര്യങ്ങൾ മുൻപോട്ടുകൊണ്ടുപോയി.

ഉത്തരകൊറിയ "ഇരുമ്പുതിരശ്ശീലയ്ക്കുള്ളിൽ" എന്നാരോപിക്കുമ്പോൾ, ദക്ഷിണകൊറിയ ഒരു "പോലീസ്സ്റ്റേററായി" രൂപാന്തരപ്പെട്ടു. പൗരസ്വാതന്ത്ര്യം നിർദ്ദാക്ഷിണ്യം അടിച്ചമർത്തപ്പെട്ടു. മുതലാളിത്തധനതത്വശാസ്ത്രത്തിൻെറ ബൈബിളെന്നറിയുന്ന "വെൽത്തു് ഓഫ് നേഷൻസ്" എന്ന പുസ്തകം കമ്മ്യൂണിസ്റ്റു് സാഹിത്യമായി ദക്ഷിണകൊറിയൻ അധികാരികൾ ധരിച്ചതായി ഒരു രസാവഹമായ കഥയുണ്ടു്. ഗവൺമെൻറു് എതിർപക്ഷത്തെ നശിപ്പിക്കുവാനായി പല കടുംകൈകളും സ്വീകരിച്ചു.

## കൊറിയൻപ്രശ്നം ഐക്യരാഷ്ട്രസംഘടനയിൽ

൧൯൪൭ ആദ്യംമുതല്ക്കുതന്നെ ഇരുകക്ഷികളും ഒരേസമയം സൈന്യം പിൻവലിക്കണമെന്നു സോവിയററ്യൂണിയൻ വാദിക്കുവാൻ തുടങ്ങി. എന്തെന്നാൽ, തങ്ങളുടെ വിഭാഗത്തിൻെറ കെല്പു് അവർ നേരത്തേതന്നെ മനസ്സിലാക്കിക്കഴിഞ്ഞിരുന്നു. റഷ്യയുടെ സഹായംകൂടാതെതന്നെ ഉത്തരകൊറിയയ്ക്കു് ഒരു ഐക്യകൊറിയ സ്ഥാപിക്കുവാൻ സാധിക്കുമെന്നവരാഗ്രഹിച്ചു. അമേരിക്കാജനസംഖ്യയുടെ മൂന്നിൽ രണ്ടുഭാഗവും തങ്ങളുടെ അധീനത്തിലായതിനാൽ ഒരു പൊതുതെരഞ്ഞെടുപ്പു നടത്തണമെന്നും, അങ്ങിനെ ഉത്തരകൊറിയ എതിരാണെങ്കിൽതന്നെയും, ഭൂരിപക്ഷം എങ്ങനെയെങ്കിലും സമ്പാദിച്ചു സ്വാധീനം തുടർന്നുകൊണ്ടുപോകാമെന്നുംആശിച്ചു. എന്നാൽ, തുടരെയുള്ള ഗെറില്ലാപ്രവർത്തനങ്ങൾമൂലം ഈ പ്രശ്നം ഐക്യരാഷ്ട്രസംഘടനയുടെ രണ്ടാംപൊതുസമ്മേളനത്തിൽ അമേരിക്ക അവതരിപ്പിച്ചു.

ഈ പ്രശ്നം ൧൯൪൭ സെപ്തംബറിൽ ചർച്ചയ്ക്കെടുത്തപ്പോൾ സോവിയററ്യൂണിയൻ ഇരുകക്ഷികളും ഒരേസമയം പിന്മാറണമെന്നും; ഒരു ഐക്യകൊറിയ സ്ഥാപിക്കുന്നതിനുള്ള പൂർണ്ണാധികാരം കൊറിയൻജനതയ്ക്കു വിട്ടുകൊടുക്കണമെന്നും വാദിച്ചു. ഇരുകക്ഷികളുടെ ഈ പിന്മാററം ആഭ്യന്തരകലഹത്തിനു വഴിതെളിയിക്കുമെന്ന കാരണത്താൽ അമേരിക്ക സ്വീകരിച്ചില്ല. അടുത്തതായി, കൊറിയക്കാരുടെ പ്രതിനിധികൾ പൊതുസമ്മേളനത്തിൽ അഭിപ്രായം പറയുന്നതിനു് അവസരം നൽകണമെന്നു് റഷ്യ ആവശ്യപ്പെട്ടു. ഈ രണ്ടുപ്രമേയങ്ങളും ഭൂരിപക്ഷം നിരാകരിക്കയുണ്ടായി. ഐക്യരാഷ്ട്രസംഘടനയുടെ നേതൃത്വത്തിൽ ഒരു തെരഞ്ഞെടുപ്പു നടത്തണമെന്നും; തെരഞ്ഞെടുപ്പടിസ്ഥാനപ്പെടുത്തിയ ഒരു ദേശീയഗവൺമെൻറ സ്ഥാപിച്ചതിനുശേഷമേ സൈന്യങ്ങളെ പിൻവലിക്കുവാൻ പാടുള്ളു എന്ന പ്രമേയം അമേരിക്ക അവതരിപ്പിച്ചു. എന്നുമാത്രമല്ല, ഒരു ഐക്യരാഷ്ട്ര താല്ക്കാലികകമ്മീഷൻ സ്ഥാപിക്കണമെന്നും; ഈ കമ്മിഷൻെറ ആഭിമുഖ്യത്തിൽ തെരഞ്ഞെടുപ്പും, ഗവൺമെൻറുരൂപീകരണവും, സൈനികഉടമ്പടികൾ രൂപീകരിക്കണമെന്നും മററും അടങ്ങിയിരുന്നു. ഈ പ്രമേയം ബഹുഭൂരിപക്ഷത്തോടുകൂടി പാസ്സായി. ആസ്ത്രേലിയാ, ക്യാനഡ, ചൈന, എൽസാൽവഡോർ, ഫ്രാൻസ്, ഇൻഡ്യാ, ഫിലിപ്പീൻസു്, സിറിയാ, യുക്രയിൻ ഈ രാജ്യങ്ങളായിരുന്നു കമ്മിഷനംഗങ്ങൾ.

ഇന്ത്യ ഒരു ഐക്യകൊറിയ സ്ഥാപിക്കുന്നതിനുവേണ്ട താല്പര്യം കൊറിയൻപ്രശ്നം ചർച്ചചെയ്ത എല്ലാ അവസരങ്ങളിലും പ്രദർശിപ്പിച്ചു. താല്ക്കാലികകമ്മിഷൻെറ അദ്ധ്യക്ഷനായിരുന്ന മി: കെ. പി. എസ്. മേനവൻ ഇതിനു ഒരു ഒത്തുതീർപ്പു കണ്ടുപിടിക്കുന്നതിനു കഴിയുന്നത്ര ശ്രമിച്ചു. എന്നാൽ, വ്യക്തികളുടെ പരിശ്രമംകൊണ്ടുമാത്രം സാധിക്കാത്ത മററു പ്രശ്നങ്ങളിലൊന്നായി ഇതും പരിണമിച്ചു. സോവിയററ്യൂണിയൻെറ നിസ്സഹകരണവും എതിർപ്പും തുടക്കംമുതല്ക്കു അനുഭവപ്പെട്ടുതുടങ്ങി. ഐക്യകക്ഷിയുടെ ആഭിമുഖ്യത്തിൽ നടത്തിയ തെരഞ്ഞെടുപ്പു് ഉത്തരകൊറിയ ബോയിക്കോട്ടുചെയ്യുകയും ചെയ്തു. ഉത്തരകൊറിയയും ഒരു തിരഞ്ഞെടുപ്പു് നടത്തി. ദക്ഷിണകൊറിയായിലെ ഭൂരിപക്ഷവും ഇതിൽ വോട്ടുചെയ്തെന്നും, കൊറിയമുഴുവൻ അവർ സ്ഥാപിച്ച "ഡെമോക്രാറ്റിക് പീപ്പിൾസ് റിപ്പബ്ളിക്ക് ഓഫ് കൊറിയയുടെ" സ്വാധീനത്തിലാണെന്നും അവർ ഘോഷിച്ചു. ദക്ഷിണകൊറിയ തെരഞ്ഞെടുപ്പിനുശേഷം "സിയോളിൽ" സിങ്മൻറീയുടെ നേതൃത്വത്തിൽ ഒരു ദേശീയഗവൺമെൻറ് സ്ഥാപിച്ചു. ൧൯൪൮ സെപ്തംബറിൽ റഷ്യൻസേന "പീപ്പിൾസ് റിപ്പബ്ളിക്കിൻെറ" ആവശ്യാനുസരണം പിൻവലിക്കയുണ്ടായെങ്കിലും; അമേരിക്ക ൧൯൪൯ അവസാനത്തോടുകൂടി മാത്രമാണു്—അഞ്ചുറപേരടങ്ങിയ ഒരുപദേശകസമിതിയെ നിറുത്തിയതിനുശേഷം— പിൻവാങ്ങിയതു്.

ഐക്യരാഷ്ട്രസംഘടനയുടെ കഴിഞ്ഞ പൊതുസമ്മേളനങ്ങളിൽ ഈ പ്രശ്നം വീണ്ടും വീണ്ടും ചർച്ചചെയ്യപ്പെട്ടെങ്കിലും ഒരു സമാധാനപരമായ ഒത്തുതീർപ്പിനോ, ഒരു ഐക്യകൊറിയ പുനഃസ്ഥാപിക്കുന്നതിനോ സാധിച്ചിരുന്നില്ല.

അമേരിക്ക ഏഷ്യയുമായി ഇടപെടുമ്പോൾ തെളിഞ്ഞുകാണുന്ന പാപ്പരത്തം കൊറിയയിലും ആവർത്തിച്ചതായി കാണാം. ഇതിനകം ൨൦൦ കോടി ഡോളറോളം അമേരിക്ക ദക്ഷിണകൊറിയയിൽ ചിലവഴിച്ചുകഴിഞ്ഞു. ഇതിൽ ഏറിയപങ്കും ഗെറില്ലാപ്രവർത്തനങ്ങൾ അമർച്ചചെയ്യുന്നതനായി ചിലവാക്കുകയുണ്ടായി. അങ്ങിനെ ദക്ഷിണകൊറിയ ൧൯൪൯-ലും ൧൯൫൦-ലെ സാമ്പത്തികവ്യവസ്ഥിതിയോടുകൂടിത്തന്നെ കഴിയുന്നു. ഡോളറുകൊണ്ടു് എല്ലാ ഏഷ്യൻരാജ്യങ്ങളേയും ഡെമോക്രസിക്കുവേണ്ടി വിലയ്ക്കുവാങ്ങുന്ന സമ്പ്രദായം, മുമ്പോട്ടിരമ്പിപ്പായുന്ന ശക്തിപ്രവാഹത്തിൽ മൺതിട്ട കെട്ടുകയാണെന്നു് ചൈനയിലെ അനുഭവം മനസ്സിലാക്കിയിട്ടും, പൊന്നിൻെറ തിളക്കത്തിൽ അമേരിക്കൻ ഭരണതന്ത്രജ്ഞന്മാർക്കു് അറിയാൻകഴിഞ്ഞിട്ടില്ലെന്നുതോന്നുന്നു. ഏഷ്യയിൽ അമേരിക്കൻധനസഹായംകൊണ്ടു ജന്മിത്തം നിലനിറുത്തുവാനും, ജീർണ്ണിച്ചു നശിക്കാറായ സ്ഥാപനങ്ങളെ പൊക്കിനിറുത്തുവാനുമുള്ള ശ്രമവും, ജനദ്രോഹികളായനേതാക്കന്മാരെ താലോലിക്കലും കണ്ടാൽ ഡെമോക്രസിയിൽ അതിയായ വിശ്വാസമുള്ളവർപോലുംഏഷ്യയിൽ ഇന്നുകാണുന്ന അമേരിക്കൻ ഡമോക്രസിയുടെ പ്രായോഗികരീതിയിൽ അവജ്ഞപ്രകാശിപ്പിക്കുന്നതിലത്ഭുതമില്ല. ഏഷ്യയിലെ പ്രശ്നങ്ങളെ ഏഷ്യൻകണ്ണുകളിൽകൂടി കാണാത്തിടത്തോളം-മൗലികപ്രശ്നങ്ങളെ മനസ്സിലാക്കാത്തിടത്തോളംകാലം—അമേരിക്കൻനയം ഏഷ്യയിൽ വിജയിക്കുകയില്ല. ഇന്നത്തെ സൈനികതീരുമാനം എന്തുതന്നെയായാലും ചൈനയുടെ ചരിത്രം ഒന്നുകൂടി വ്യക്തമായി കൊറിയയിൽ അടുത്തുതന്നെ ആവർത്തിക്കും.

[കൊറിയൻസമരത്തിൻെറ ഇന്നത്തെ നില വ്യക്തമാകുന്ന ബ്ളോക്ക് പതിന്നാറാംപേജിൽ കൊടുത്തിരിക്കുന്നു.]

—o—

വിദൂരപൂർവദേശത്ത് കോളുകൊണ്ടുനിന്ന അഗ്നിപർവതം ഇതാ പൊട്ടിയിരിക്കുന്നു. അവിടത്തെ സംഭവഗതികൾ സൂക്ഷ്മം അറിയാവുന്നവർപോലും ഇത്രവേഗം സംഗതികൾ രൂപംപ്രാപിക്കുമെന്നുദ്ദേശിച്ചില്ലെന്നുമാത്രം. എന്തെന്നാൽ, കഴിഞ്ഞ ഏതാനും മാസങ്ങളിൽ താല്ക്കാലികമായിമാത്രമെങ്കിലും ഒരു ശാന്തത അവിടെ കളിയാടിയിരുന്നു. എന്താണിത്രവേഗം ഈ മൈൻ പൊട്ടിത്തെറിക്കാൻ കാരണം? ആരാണിതിനു കുററവാളികൾ? മഹാശക്തികളുടെ ചേരിതിരിഞ്ഞുള്ള മൽപിടുത്തത്തിൻെറ ബാഹ്യപ്രകടനമല്ലേ ഇതു്. ദൂരവ്യാപകങ്ങളും, വിഷമമേറിയ മററനേകപ്രശ്നങ്ങളുൾക്കൊള്ളുന്നതുമായ ഈ തീപിടുത്തം, സമാധാനകാംക്ഷികളായ ബഹുഭൂരിപക്ഷം ജനങ്ങളെ നാശഗർത്തത്തിലേക്കു വലിച്ചിഴയ്ക്കുയല്ലേ? സമരം കൊറിയാകൊണ്ടു് അവസാനിക്കുമോ? അടുത്ത ലോകമഹായുദ്ധത്തിൻെറ വഴിത്തിരിക്കു് തീകൊളുത്തിയ ഈ സംഭവം ആ അത്യാഹിതത്തിലേക്കു് ലോകത്തെ കൂടുതൽ അടുപ്പിക്കയല്ലേ ചെയ്യുന്നതു്. അന്താരാഷ്ട്രീയസ്ഥിതിഗതികൾ സൂക്ഷ്മം പഠിച്ചുകൊണ്ടിരിക്കുന്ന ലേഖകൻ ഈ ചോദ്യങ്ങൾക്കെല്ലാം ഈ ലേഖനത്തിൽ മറുപടി പറഞ്ഞിരിക്കുന്നു.

ഫലിതലേഖനം

# സംയോജനത്തിനുശേഷം

നാനാ

എറണാകുളത്തുവച്ച്—

മൂന്നു നാലുപേർകൂടി വഴിയിൽ ഓടാതെ കിടന്നുപോയ ഒരു ലോറി തള്ളിനീക്കുകയാണ്. അവരിലൊരുത്തൻ ഒരു കൈമാത്രം ലോറിയിൽകൊടുത്തുകൊണ്ട് അലക്ഷ്യഭാവത്തോടെയായിരുന്നു ലോറി തള്ളിയിരുന്നത്. മാറാക്കെ ബീഡി വലിക്കുന്നുമുണ്ടായിരുന്നു. മുഴുവൻ ശക്തിയുമുപയോഗിച്ചു തള്ളിക്കൊണ്ടിരുന്ന അയാളുടെ കൂട്ടുകാർക്ക് അയാളുടെ ഉപേക്ഷ കണ്ടിട്ട് സഹിച്ചില്ല. അതുകൊണ്ട് അവരിലൊരുവൻ ഈ അലസനോട് ചോദിച്ചു, "എന്താണ്ടോ താൻ തിരുതാംക്കൂറുകാരുടെ തെളള് തെരണോ?"

* * *

തിരുവനന്തപുരത്തുവച്ച്—

ഒരു കാളേജുവിദ്യാർത്ഥി തന്റെ സഹപാഠിയോട് തികട്ടിയോട്ടു ചോദിക്കുകയാണ്, "പിന്നെ നമ്മളൊക്കെ ആരാണ്? കൊച്ചീരാജാവിന്റെ ആളുകളോ?"

സന്ദർഭം: കാളേജിലെ സുന്ദരിപ്പെണ്ണ്, തന്റെ ടേബിളിലൂടെ വൈരുദ്ധ്യവും അന്ധചാപത്താ യിക്കിട്ടിരുന്ന ഒരു വിദ്യാർത്ഥിയിൽ കണ്ണു ഉടക്കിയിട്ടുണ്ടെന്നുള്ള സംഗതിയെപ്പറ്റി, അവളുടെ പുറകെ സൃംഗരിച്ചു നടന്നിരുന്ന ഒരു കൂട്ടം വിദ്യാർത്ഥികൾ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ.

സംയോജനത്തിനു വളരെ മുൻപുവരെ പ്രചാരത്തിലിരുന്ന ഒരു പ്രയോഗമാണ് "ഞങ്ങളോ, കൊച്ചീരാജാവിന്റെ ആളുകളോ?" എന്നത്. കൊള്ളരുതാത്തവനെന്നോ തെങ്കിലും തരത്തിൽ മാററിനിർത്തപ്പെടുന്ന തിരുവിതാംകൂറുകാരൻ സാധാരണയായി ഈ ചോദ്യം ചോദിച്ച് അനാവശ്യമായ തരംതിരിക്കലിനെതിരായി അമർഷം കൊള്ളാറുണ്ട്. കൊച്ചീക്കാരനേയും തിരുവിതാംകൂറുകാരനേയുംകൂടി ഒന്നിച്ചുവച്ച് പരിശോധിക്കുമ്പോൾ ഒരു തിരുവിതാംകൂറുകാരന് താനാണുന്നതനെന്നേതോന്നുകയുള്ളൂ. കൊച്ചിക്കാരൻ മയ്യാടക്കാരനും, ശുദ്ധഗതിക്കാരനും, അതുകൊണ്ട് എല്ലാവരാലും വേഗം കളിപ്പിക്കപ്പെടാവുന്നവനുമായിട്ടാണ് തിരുവിതാംകൂറുകാരന്റെ കണ്ണിൽ പെട്ടിട്ടുള്ളത്. നമ്മബോധത്തെ കസ്തൂരിത്തരത്തിലേയ്ക്കു വഴിതെററിച്ചു വിടാറുള്ള തിരുവിതാംകൂറുകാർ കൊച്ചിക്കാരെ ചെണ്ടകൊട്ടിക്കുന്നതും സാധാരണമാണ്. നമ്പൂതിരിമാരുമായി അടുത്തു കഴിഞ്ഞിട്ടുള്ള കൊച്ചിക്കാർക്ക് നമ്പൂതിരിവർഗ്ഗത്തിന്റേതായ സകല ഗുണങ്ങളും സിദ്ധിച്ചിട്ടുണ്ട്—ശുദ്ധത, നിഷ്കാപട്യം മുതലായവ. ഇംഗ്ലീഷുകാർക്ക് അയർലണ്ട്കാർ എങ്ങിനെയോ അതുപോലെയാണ് തിരുവിതാംകൂറുകാർക്ക് കൊച്ചിക്കാർ. ഇംഗ്ലീഷുകാരും അയർലണ്ടുകാരും അയൽനാട്ടുകാരാണ്. ഇരുക്കൂട്ടർക്കും ഉണ്ട് തികഞ്ഞ ഫലിതബോധം. പക്ഷേ ഇംഗ്ലീഷുകാർ കൂടുതൽ പ്രസരിപ്പുള്ളവരും തങ്ങളെത്തന്നെ അപഹസിച്ചു ചിരിക്കാൻ കഴിവുള്ളവരുമാണ്. അയർലണ്ടുകാർ അവരെയും അവരുടെ നാട്ടിനെയും നോക്കിച്ചിരിക്കാൻ തുനിയുന്നവരല്ല. അവർ ശുദ്ധന്മാരാണ്. അതുകൊണ്ട് ഇംഗ്ലീഷുകാർ അയർലണ്ടുകാർ ഒരുമാതിരി മടയന്മാരാണെന്ന തോന്നലും ഉണ്ടായിട്ടുണ്ട്.

* * *

എറണാകുളത്തുവച്ച്—

നല്ലതുമ്പും മുട്ടിനുതാഴെവരെ നീണ്ടുകിടക്കുന്ന ജൂബ്ബായും ധരിച്ചു, കക്ഷത്തിലൊരു പെൺകുടവും ഒതുക്കി തേവര റോഡിൽക്കൂടി പൊയ്ക്കൊണ്ടിരുന്ന ഒരു സാധാരണക്കാരൻ, എതിരേവന്ന ഒരു മദ്ധ്യവയസ്കനോടു ചോദിച്ചു: "നാരായണമേനവനദ്ദേഹം താമസിക്കുന്നതെവിടെയാണെന്നറിയാമോ?" അക്ഷരസ്ഫുടതയോടെ, സാവധാനത്തിലായിരുന്നു ചോദ്യം.

"നാരായണമേൻനഃ? ദേ-ത്-ദേയ്-ക്കാൺനില്ലേ, ദ്-ന്നയാണെമേന്റെ വീട്," ജൂബ്ബാക്കാരനെ സൂക്ഷിച്ചു നോക്കിക്കൊണ്ട മദ്ധ്യവയസ്കൻ മറുപടിപറഞ്ഞു. എന്നിട്ട്, ഒരു പുഞ്ചിരിയോടെ "തിര്രുതാംക്രൂറഃ?" എന്നൊരെതിർചോദ്യവും ഇട്ടുകൊടുത്തു. "അതെ" എന്നുള്ള ഉത്തരം കേട്ടിട്ട് 'ഞാൻ പറഞ്ഞില്ലെ ആണെന്ന്' എന്നൊരു ഭാവം മുഖത്തു വരുത്തിക്കൊണ്ട് മദ്ധ്യവയസ്കൻ സംതൃപ്തനായി പോകേണ്ടിടത്തേയ്ക്കു യാത്രതുടർന്നു.

പെൺകുടയുടെകാര്യം നമുക്കു വിസ്മരിക്കാം.

ആ ജൂബ്ബയുടെ കാര്യമോ? ജൂബ്ബാധരിക്കുന്നവരെല്ലാം തിരുവിതാംകൂറുകാരാണെന്നു കൊച്ചിക്കാർ വിചാരിക്കുമോ? ഇല്ല. പക്ഷേ ആ നട്ടുവിട്ടഞ്ഞിയ, സോഡാക്കുപ്പിപോലുള്ള ജൂബ്ബായുടെ "ചോററൽ" തിരുവിതാംകൂറുകാർക്കുതന്നെ.

തിരുവിതാംകൂറുകാരനു മലയാളത്തിലെ അക്ഷരമാലയിലെ അക്ഷരങ്ങൾ എല്ലാം ആവശ്യമുണ്ട്, സംസാരിക്കുമ്പോൾകൂടിയും. എഴുത്തും വായനയും ഇല്ലെന്നുവരികിൽ കൊച്ചിക്കാരനു ഒന്നരഡസൻ അക്ഷരങ്ങൾ മതിയാകും. സംസാരിക്കുമ്പോൾ അയാൾ എല്ലാ അക്ഷരങ്ങളും ഉപയോഗിക്കാറുണ്ടെന്നുവരികിൽ കൂടി അവയിൽ അല്പം ചിലവമാത്രമേ പുറത്തേയ്ക്കു വരാറുള്ളൂ. മററുള്ളവ നാക്കിന്റെ ദ്രുതചലനംകൊണ്ടു മറിഞ്ഞു തൊണ്ടയ്ക്കുള്ളിലേയ്ക്കു വീണുപോകുന്നുണ്ടാകണം. തിരുവിതാംകൂറുകാരന്, സംസാരിക്കുമ്പോൾ, താൻ പറയുന്നതു മററുള്ളവർ മനസ്സിലാക്കരുത് എന്ന് അത്ര വലിയ നിർബ്ബന്ധമില്ലെന്നു തോന്നുന്നു.

ഇതൊന്നുമല്ല തിരുവിതാംകൂറുകാരനെ തിരിച്ചറിയാൻ കൊച്ചിക്കാരനെ സഹായിച്ചത്. ആ 'നാരായണമേനവനദ്ദേഹം' എന്ന പ്രയോഗമാണ്. നാരായണമേനവൻ എത്ര വലിയ ഉദ്യോഗസ്ഥനായിരുന്നാലും ശരി കൊച്ചിക്കാർക്ക് അദ്ദേഹം വെറും നാരായണമേനോൻ മാത്രം. ഉദ്യോഗത്തണ്ടും, വങ്കത്തവും നിറമാടുന്ന തിരുവിതാംകൂറിലെ 'അദ്ദേഹ'പ്രയോഗം കൊച്ചിക്കാരെ രസിപ്പിക്കാറുണ്ട്. 'അങ്ങുന്ന്', 'അങ്ങത്ത', 'അദ്ദേഹം', 'കൊച്ചമ്മ' ഇവയൊക്കെ തെക്കെടേത്ത് എന്നു കൊച്ചിക്കാർ പറഞ്ഞു പരിഹസിക്കുമ്പോൾ മാത്രമേ തിരുവിതാംകൂറുകാർ അവരുടെയിടയിലുള്ള ദാസ്യമനോഭാവത്തെപ്പററി അറിയുന്നുള്ളൂ. തിരുവിതാംകൂറിലെ മുൻസിഫിന്റെയും മജിസ്ട്രേട്ടിന്റെയും വീട്ടിൽ അരിവയ്ക്കുന്നതും, വെള്ളംകോരുന്നതും, പാത്രംതേയ്ക്കുന്നതും, കുഞ്ഞിനെയെടുക്കുന്നതും അവരുടെ ശിപായിമാരാണ്. കൊച്ചിയിൽ യജമാനനും ഭൃത്യനും തമ്മിൽ പറയത്തക്കതായ അകൽച്ചയില്ലതന്നെ. ഇവിടത്തെ 'ഉത്തരവ്' മുഖലുകളും 'അമ്മച്ചി' വിളികളും കൊച്ചിയിൽ കേൾക്കുകയില്ല. അവിടത്തെ ഭൃത്യന്മാർ പേരുപറഞ്ഞാണ് അവരുടെ 'യജമാനന്മാരെ' വിളിക്കുക—സമപ്രായക്കാരാണെങ്കിൽ. കൊച്ചിയിൽ, തിരുവിതാംകൂറിലെപ്പോലെ അഞ്ചുരൂപാക്കാരനു മൂന്നുരൂപാക്കാരനെ പുച്ഛമല്ല, മൂന്നുരൂപാക്കാരൻ അഞ്ചുരൂപാക്കാരനെ വണങ്ങേണ്ട; രണ്ടുപേരും ഒപ്പം ഇരിക്കുകയും, നടക്കുകയും, വെയിലത്തും മഴയത്തും കുടനൂർത്തുപിടിക്കുകയും ചെയ്യും.

* * *

തിരുവനന്തപുരത്തുവച്ച്—

മന്ത്രിയായിരുന്ന ശ്രീ. ഇക്കണ്ടവാര്യരെ കാണാനായി അദ്ദേഹത്തിന്റെ വസതിയിലേക്ക് ഒരുദ്യോഗസ്ഥൻ കയറിച്ചെന്നു. പുറത്തെങ്ങും ആരെയും കണ്ടില്ല. കുറച്ചുനേരം കഴിഞ്ഞപ്പോൾ ഒരു ശിപായി ഉദ്യോഗസ്ഥന്റെ അടുക്കലേയ്ക്കുവന്നു.

"അദ്ദേഹം ഉണ്ടേ?" എന്നുദ്യോഗസ്ഥൻ (തിരുവിതാംകൂറുകാരൻ) ചോദിച്ചു.

"വാരരാണേ? എൻട്ലെം"

"ഈ കാർഡുകൊണ്ടുപോയി അകത്തുകൊടുക്കണം"

"ഠ്ന്താത്? കാർഡോ? ഠ്ന്തിനാണെ? വാരരെക്കാണാനിതൊന്നും വേണോംന്നില്ല്യ. അങ്ങ്ടങ്ങ് കയറിച്ചെല്ലൂന്നേ—"

ഇനി ഇതിന്റെ മറുവശം.

എറണാകുളത്തുവച്ച്—

മന്ത്രിയായിരുന്ന ശ്രീ. വി ഓ. മാക്കാസിന് എറണാകുളം വിശ്രമമന്ദിരത്തിൽ ഒരു രാത്രി കഴിച്ചുകൂട്ടേണ്ട വന്നുപോലും. നേരംവെളുത്ത് ഒന്നുരണ്ടുമണിക്കൂർ കഴിഞ്ഞിട്ടും മന്ത്രി ഉണർന്നു പുറത്തേയ്ക്കുവരാഞ്ഞതുകൊണ്ട് മന്ദിരം വാച്ചർ മന്ത്രിയെ വിളിച്ചുകളയാമെന്നു തീർച്ചപ്പെടുത്തി. മന്ത്രി ഉറങ്ങുന്ന മുറിയുടെ വാതില്ക്കൽചെന്നു നിന്നുകൊണ്ട് വാച്ചർ വിളിതുടങ്ങി, "ഹേ മക്കോസ! ഹേ മക്കോസേ! നേരം പുലർന്നുപോ. ഹേ മക്കോസേ, എണീക്കിൻ"

തിരുവനന്തപുരത്തു പ്രചരിച്ചിരുന്ന രണ്ടു കഥകളാണ് ശ്രീ: വാര്യരുടെയും ശ്രീ: മക്കോസിന്റെയും. ശ്രീ: മക്കോസ് വാച്ചറുടെ വിളികേട്ടു കോപിച്ചു എന്നുകൂടിപ്പറഞ്ഞാലേ തിരുവിതാംകൂറുകാരുടെ സ്വഭാവം വെളിവാക്കാൻ സാധിക്കൂ. പക്ഷേ ശ്രീ: മക്കോസ് നല്ല ഉറക്കമായിരുന്നതുകൊണ്ട് വിളികേട്ടില്ല എന്നുതന്നെ നമുക്ക് സമാധാനിക്കാം. ഈ കഥകൾ രണ്ടും നടന്നിട്ടില്ല എന്നാണറിയുന്നത്. അങ്ങനെയാണെന്നുവരികിൽകൂടി അവയെ, കൊച്ചിക്കാരുടെ സമത്വബോധത്തിനും ദാസ്യമനോഭാവമില്ലായ്മയ്ക്കും ഉദാഹരണങ്ങളായി സ്വീകരിക്കാൻ മടിക്കേണമെന്നില്ല. വെറും 'കഥകളാ'യി കരുതിയാൽ മതി.

* * *

തിരുവനന്തപുരത്തുവച്ച്—

എനിക്ക് അറിഞ്ഞുകൂടാതിരുന്ന ഒരു സംഗതിയെപ്പററി വിശദവിവരങ്ങൾ ഗ്രഹിക്കാമെന്ന് കരുതി, ഞാൻ ഒരുയർന്ന തിരുവിതാംകൂറുകാരനുദ്യോഗസ്ഥനെക്കാണാനായിച്ചെന്നു. ഞാനറിയാനാഗ്രഹിച്ച നിസ്സാരകാര്യത്തിനുത്തരം പറയുന്നത് അദ്ദേഹത്തിന്റെ ഗൗരവത്തിനു പററിയതല്ല എന്നദ്ദേഹത്തിനു തോന്നുകയാൽ കടുത്ത സ്വരത്തിലദ്ദേഹമിങ്ങനെ അരുളിച്ചെയ്തു: "അതെന്നോടുവേണോ വന്നുചോദിക്കാൻ? അപ്പുറത്ത് പത്തിരുപതു ക്ലാർക്ക്സ് ഇരിക്കുന്നുണ്ട്. അവരോടാരോടെങ്കിലും ചെന്നുചോദിക്കണം. എനിക്കു നൂറു ജോലിയുണ്ട്. കണ്ടുകൂടെ?" കാണാമായിരുന്നു, ഇലക്ട്രിക്കുപങ്കയുടെ കീഴിൽ മലർന്നുകിടന്നുകൊണ്ട് സിഗരററുവലിച്ചു പുകച്ചുരുളുണ്ടാക്കിവിടുന്ന ജോലിയിൽ വ്യാപൃതനായിരുന്ന അദ്ദേഹത്തിനെ ബുദ്ധിമുട്ടിക്കേണ്ടിവന്നതിൽ എനിക്കു ഖേദം തോന്നി, മാപ്പുചോദിച്ചുകൊണ്ട് ഞാനിറങ്ങിപ്പോരികയുംചെയ്തു.

ഒരുയർന്ന കൊച്ചിക്കാരനുദ്യോഗസ്ഥനെ കാണാൻ ഞാൻ പോയതും എനിക്കു മറക്കാനൊക്കുകയില്ല. ഞാൻ ചെന്നപ്പോൾത്തന്നെ, "അവിടെ ഇരിക്കൂ. ഞാൻ ഈ കടലാസ് ഒന്നുനോക്കട്ടെ. ഒരുമിനിട്ട്" എന്നുപറഞ്ഞുകൊണ്ടാണ് അദ്ദേഹം എന്നെ സ്വീകരിച്ചത്. എന്നിട്ട് ക്ലാർക്കിനെ വിളിച്ചുവരുത്തി എന്റെ ആവശ്യം സാധിച്ചുതരുകയും, പുഞ്ചിരിയോടെ എന്നോടു യാത്ര പറഞ്ഞയയ്ക്കുകയുംചെയ്തു.

തിരുവിതാംകൂറിലെ ഉദ്യോഗസ്ഥന്മാരുടെ പൊണ്ണത്തരങ്ങളും കൊള്ളരുതായ്മകളും അധികകാലം കഴിയുന്നതിനുമുമ്പുതന്നെ കൊച്ചിക്കാരും കൈക്കലാക്കുമെന്നു നമുക്കാശിക്കാം.

* * *

കഥ ഇത്തിരി കാര്യംപറയാം.

ഒരു കൊല്ലത്തിനുമുമ്പുവരെ അയൽനാട്ടുകാരായിക്കഴിഞ്ഞ കൊച്ചിക്കാരും തിരുവിതാംകൂറുകാരും ഒരു കൊല്ലംകൊണ്ട് ഓറനാട്ടുകാരായിക്കഴിഞ്ഞുവരികയാണ്. അടുത്തുകഴിയേണ്ടവരായതുകൊണ്ടുമാത്രം സ്നേഹപൂർവം ശ്രമിക്കുന്നവരാണ് അയൽക്കാർ. ഉന്മേഷത്തെപ്പല്ലുകൊണ്ടുചിരിക്കുകയും ഉള്ളിലെപ്പല്ലുകൊണ്ടിറുമ്മുകയുംചെയ്യുന്നവരാണവർ. അവർ ഉള്ളിലൊതുക്കിയ അസൂയയോടെയാണ് സമീപിക്കുന്നതും പെരുമാറുന്നതും താൻ തന്റെ അയൽക്കാരനെക്കാൾ എത്രയായാലും ഭേദമാണെന്നുകരുതാത്ത ഒരുവനും ഇല്ലാത്തതുകൊണ്ടാണ് കൊച്ചിക്കാരൻ തിരുവിതാംകൂറുകാരനെപ്പററിപ്പറയുമ്പോൾ തിരുവിതാംകൂറുകാരൻ മോശമായിപ്പോകുന്നതും, തിരുവിതാംകൂറുകാരൻ കൊച്ചിക്കാരനെപ്പററി പറയുമ്പോൾ തിരുവിതാംകൂറുകാരൻ കേമനായിത്തീരുന്നതും.

തിരുവിതാംകൂറുകാർ ആർഭാടപ്രിയന്മാരും, തണ്ടന്മാരും, അല്പന്മാരും, ശുചിത്വംകുറഞ്ഞവരും, പണക്കൊതിയന്മാരും അതുകൊണ്ടു കള്ളന്മാരും, ആഭാസന്മാരും, മത്സ്യമാംസാദികളിൽ ഇഷ്ടമുള്ളവരും, കറുത്ത കൂട്ടനിൽ പ്രതിപത്തിയുള്ളവരുംമററുമാണെന്നാണ് കൊച്ചിക്കാർ പറയാറുള്ളത്. കൊച്ചിക്കാരുടെ അസൂയയും, മണ്ടത്തരത്തെയും, സങ്കുചിതമനോഭാവത്തെയും ആഢ്യത്വത്തെയും, അവരുടെ മുലക്കച്ചയ്യത്തെയും പുളിച്ച കാളനേയുംപററി പുച്ഛിക്കാത്ത തിരുവിതാംകൂറുകാരനും അടങ്ങുകയില്ല.

കൊച്ചിക്കാർക്ക് ഗുണങ്ങളും ദോഷങ്ങളും ഉള്ളതുപോലെ തിരുവിതാംകൂറുകാർക്കുമുണ്ട്. ഒരു പക്ഷേ ഒരുകൂട്ടർക്ക് ഗുണങ്ങൾകൂടിയിരുന്നെന്നു വന്നേക്കാം. ആരോ സഹവിദ്യാഭ്യാസത്തെപ്പററി ഇങ്ങനെ പറഞ്ഞിട്ടുള്ളതായി ഓർക്കുന്നു. ആൺകുട്ടികൾ കൂടുതൽ ബുദ്ധിയുള്ളവരാണ്. ബുദ്ധികുറവുള്ള പെൺകുട്ടികളുമായി സഹവസിക്കുമ്പോൾ ആൺകുട്ടികളുടെ ബുദ്ധി പെൺകുട്ടികളിലേയ്ക്കു പകരുകയും അല്പകാലം കഴിഞ്ഞു ആൺകുട്ടികളും പെൺകുട്ടികളും തുല്യബുദ്ധിയുള്ളവരായിത്തീരുകയും ചെയ്യുന്നു. നഷ്ടം ആൺകുട്ടികൾക്കും ലാഭം പെൺകുട്ടികൾക്കും. ഒരു പാത്രത്തിൽ അമ്പതുഡിഗ്രി ചൂടുള്ളവെള്ളവും മറെറാന്നിൽ മുപ്പതു ഡിഗ്രി ചൂടുള്ളവെള്ളവും ഉണ്ടെന്നു വിചാരിക്കുക. രണ്ടുംകൂടി ഒന്നിക്കുമ്പോൾ അമ്പതുഡിഗ്രിയും മുപ്പതുഡിഗ്രിയുംകൂടിച്ചേർന്ന് നാല്പതുഡിഗ്രി ആയിത്തീരുമല്ലോ. അതുപോലെ കൊച്ചിയുടെ ഗുണങ്ങൾ തിരുവിതാംകൂർ ....കൈക്കലാക്കുമ്പോഴത്തേയ്ക്കും (സംയോജനത്തിനുശേഷം) തിരുവിതാംകൂറിന്റെ ദോഷങ്ങൾ കൊച്ചിയും സ്വീകരിച്ചിരിക്കും. ഒന്നിച്ചതിനുശേഷം ഒരിരുപത്തഞ്ചു കൊല്ലങ്ങൾ കഴിഞ്ഞു ഈ രണ്ടു രാജ്യക്കാരേയും വേർതിരിച്ചറിയത്തക്ക സ്വഭാവവ്യത്യാസങ്ങൾ അവരിൽ കണ്ടു എന്നുതന്നെവരുകയില്ല. ഒന്നിച്ചിട്ട് ഇപ്പോൾ കൊല്ലമൊന്നുമാത്രമായതുകൊണ്ടായിരിക്കാം ഇരുകൂട്ടരേയും നിഷ്പ്രയാസം തിരിച്ചറിയാൻ സാധിക്കുന്നത്. ഇനി ഇരുപത്തിനാലു കൊല്ലങ്ങൾക്കുശേഷം സ്ഥിതിഗതികൾ എങ്ങിനെയിരിക്കുന്നെന്ന് അന്ന് പറയാം.



"തന്നാണ്ടത്തെ അതിപ്രശസ്തനായ ബാലൻ"—ഈയിടെ അമേരിക്കയിൽ ആഘോഷിക്കപ്പെട്ട "നാഷണൽ ബോയിസ്ക്ലബ്ബ്‌വീക്ക്" പരിപാടികളിൽ ബാലന്മാരുടെ കായികമത്സരങ്ങളും ഉൾപ്പെട്ടിരുന്നു. അതിൽചേന്ന ബാലന്മാരുടെ കുടുംബാംഗങ്ങളും ആഘോഷങ്ങളിൽ സംബന്ധിച്ചു. സാഹചര്യസേവനം, ഉത്തമപൗരനാകുന്നതിനുള്ള വിധങ്ങൾ ഇവ പഠിക്കുന്നതിനും ബാലന്മാർക്ക് സന്ദർഭം ലഭിച്ചിരുന്നു. സാൻഫ്രാൻസിസ്കോയിലെ ഡേവിഡ് റസ്സൽ എന്ന 15 വയസ്സായ ബാലനാണ് ഏററവും പ്രശസ്തനായി തെരഞ്ഞെടുക്കപ്പെട്ടത്. ബോയിസ്ക്ലബ്ബ് അഫ് അമേരിക്കയുടെ ഡയറക്ടർ മി: ഡേവിഡ് ഡബ്ളിയു ആംസ്ട്രാംഗ് ബാലന് സമ്മാനം നൽകുന്നതാണ് ചിത്രം.




# പാർലമെൻറും സംസ്ഥാന നിയമസഭകളും

എം. ആർ. കൃഷ്ണപിള്ള



വൈസ്അഡ്മിറൽ മെർലിൻ ഒനീൽ, യൂണൈറഡ്സ്റ്റേററ്സ് കോസ്ററ്ഗാർഡിൻെറ കമാൻഡൻറ്. രണ്ടാംലോകമഹായുദ്ധത്തിൽ ഉത്തരആഫ്രിക്കയിലും ദക്ഷിണപസഫിക്ക്പ്രദേശത്തിലും കരയ്ക്കും കടലിലും ഉള്ള സമരപ്രവൎത്തനങ്ങളിൽ ഇദ്ദേഹംഏർപ്പെട്ടിരുന്നു.



ജെയിംസ് ബ്രയൻറ്കൊനൻറ്, ഹാർവാർഡ് സർവ്വകലാശാലാവൈസ്പ്രസിഡൻറ്. 1636-ൽ മസ്സച്ചുസൊററ്സിൽ കേംബ്രിഡ്ജിൽ സ്ഥാപിക്കപ്പെട്ട ഒരു പ്രശസ്തമായ വിദ്യാഭ്യാസസ്ഥാപനമാണ് ഹാർവാർഡ് സർവ്വകലാശാല.



ജോൺ വെസ്ലിസ്നൈഡർ. അമേരിക്കൻ ട്രഷറിസെക്രട്ടറിയായ മി. സ്നൈഡർ 1946 ജൂണിൽ പ്രസിഡൻറ് ട്രൂമാൻെറ മന്ത്രിസഭയിൽ അംഗമായി നിയമിതനായി. 1896 ജൂൺ 21-ാംനു അർകാൻസാസിൽ ജോൺസ്ബറോയിൽ ജനിച്ചു വാൻഡർബിൽററ സർവ്വകലാശാലയിൽനിന്നു ഡിഗ്രിനേടി. ഒന്നാംമഹായുദ്ധത്തിൽ അദ്ദേഹം സൈനികസേവനം നടത്തുകയും യുദ്ധാനന്തരം പല ബാങ്കുകളുമായി ഔദ്യോഗികബന്ധത്തിലേർപ്പെടുകയുംചെയ്തു. രണ്ടാംമഹായുദ്ധകാലത്തു ഡിഫൻസ് (പ്ലാൻറുകോർപ്പറേഷൻവൈസ്പ്രസിഡൻറും,) റികൺസ്ട്രക്ഷൻ ഫിനാൻസ് കാപ്പറേഷൻ എന്നിവയിൽ അദ്ദേഹം ഉയൎന്ന ഉദ്യോഗങ്ങൾ വഹിച്ചിരുന്നു.

1951 ഏപ്രിൽമേ മാസങ്ങളിൽ അടുത്ത പൊതുതെരഞ്ഞെടുപ്പുണ്ടാകുമെന്ന് ഏകദേശമായ ഉറപ്പ് ലഭിച്ചുവന്നിരിക്കുന്ന ഈ സന്ദർഭത്തിൽ ഭരണഘടനയിൽ തെരഞ്ഞെടുപ്പുകളെപ്പററി പ്രസ്താവിച്ചിരിക്കുന്നത് എന്താണെന്ന് നമുക്കു നോക്കാം.

ഇന്ത്യൻഭരണഘടനയിൽ 15-ാംഭാഗത്തിൽ 324-മുതൽ 329-വരെ വകുപ്പുകളനുസരിച്ചുവേണം തെരഞ്ഞെടുപ്പുകൾ നടത്തേണ്ടതു്. ഒരു ഇലക്ഷൻകമ്മിഷൻെറ ചുമതലയിലായിരിക്കും തെരഞ്ഞെടുപ്പുകൾ. സമ്മതിദായകലിസ്ററ് തയാറാക്കുക, പാർലമെൻറിലേക്കും സംസ്ഥാനനിയമസഭകൾക്കുംമേക്കും തെരഞ്ഞെടുപ്പു നടത്തുക, ഇന്ത്യാറിപ്പബ്ലിക്കിൻെറ പ്രസിഡൻറിൻെറയും ഉപാദ്ധ്യക്ഷൻെറയുംകൂടി തെരഞ്ഞെടുപ്പു നടത്തുക എന്നിവയാണ് ഇലക്ഷൻകമ്മിഷൻെറ പ്രധാനജോലികൾ. അതോടുകൂടി ഉണ്ടാകാവുന്ന ഇലക്ഷൻകേസുകൾസംബന്ധിച്ച് ഇലക്ഷൻ ട്രിബ്യൂണലിനെയും നിയമിക്കേണ്ട ചുമതലയും ഈ കമ്മിഷനുണ്ട്. ഒരു ചീഫ് ഇലക്ഷൻകമ്മിഷണറും പ്രസിഡൻറിൻെറ യുക്തംപോലെ നിയമിക്കപ്പെടാവുന്ന മററനേകം കമ്മിഷണർമാരും ഉൾപ്പെട്ടതാണ് ഇലക്ഷൻകമ്മിഷൻ. ഇപ്പോൾ ഒരു ചീഫ് ഇലക്ഷൻകമ്മിഷണറുടെ നിയമനംമാത്രമേ നടന്നിട്ടുള്ളൂ. ഈ ചീഫ്കമ്മിഷണറാണ് കമ്മിഷൻെറ അദ്ധ്യക്ഷൻ. സംസ്ഥാനങ്ങളിലെയും കേന്ദ്രത്തിലെയും അധോമണ്ഡലങ്ങളിലേക്കും അതുപോലെ സംസ്ഥാനനിയമസഭകളിലെ ഉപരിമണ്ഡലങ്ങളിലേക്കും ഉണ്ടാവുന്ന തെരഞ്ഞെടുപ്പിനുമുമ്പ് ഇലക്ഷൻകമ്മിഷനുമായി ആലോചിച്ചശേഷം പ്രാദേശികകമ്മിഷണർമാരെ, കമ്മിഷൻെറ ജോലികളിൽ സഹായിക്കുന്നതിന് പ്രസിഡൻറിന് നിയമിക്കാം. ഒരു പ്രാദേശികകമ്മിഷണറെ ഉദ്യോഗത്തിൽനിന്നും നീക്കണമെങ്കിൽ ചീഫ്ഇലക്ഷൻകമ്മിഷണറുടെ ശുപാർശയില്ലാതെ പാടില്ല. ചീഫ് ഇലക്ഷൻകമ്മിഷണറെ മാററുന്നതിനു സുപ്രീംകോടതിയിലെ ജഡ്ജിയെ മാററുന്നതിനുള്ള ചട്ടങ്ങളും സ്വീകരിക്കപ്പെടണമെന്നും വ്യവസ്ഥചെയ്തിട്ടുണ്ട്. ഇലക്ഷൻകമ്മിഷൻ ആവശ്യപ്പെടുന്ന ഉദ്യോഗസ്ഥന്മാരെ പ്രസിഡൻറും ഗവർണ്ണർമാരും രാജപ്രമുഖന്മാരും വിട്ടുകൊടുക്കണം. ഓരോ നിയോജകമണ്ഡലത്തിനും—കേന്ദ്രത്തിലേക്കായാലും സംസ്ഥാനത്തിലേക്കായാലും—ഓരോ പൊതുസമ്മതിദായകലിസ്ററുണ്ടായിരിക്കും. മററു അയോഗ്യതകളൊന്നുമില്ലാത്തപക്ഷം ഇരുപത്തൊന്നുവയസ്സു പൂർത്തിയായ ഏതു ഭാരതീയനും സ്ത്രീപുരുഷഭേദമെന്യേ പാർലമെൻറിലേയും സംസ്ഥാനനിയമസഭകളിലേയും അധോമണ്ഡലത്തിലേക്കുള്ള തെരഞ്ഞെടുപ്പിൽ വോട്ടുചെയ്യുന്നതിനവകാശമുണ്ട്. നിയോജകമണ്ഡലവിഭജനംസംബന്ധിച്ചോ ഓരോ നിയോജകമണ്ഡലവും തെരഞ്ഞെടുക്കേണ്ട അംഗങ്ങളുടെ സംഖ്യയെ സംബന്ധിച്ചോ യാതൊരു പരാതിയും നീതിന്യായക്കോടതികൾ സ്വീകരിക്കരുതെന്ന് മറെറാരു സുപ്രധാനവ്യവസ്ഥയുമുണ്ട്.

മുകളിൽ വിവരിച്ചിരിക്കുന്നതിൽനിന്നും സ്വതന്ത്രമായ തെരഞ്ഞെടുപ്പിനുള്ള സാഹചര്യങ്ങളാണ് ഭരണഘടനനിമിത്തം നമുക്കു ലഭിച്ചിരിക്കുന്നതെന്നു കാണാം. പാർലമെൻറിലേയ്ക്കും സംസ്ഥാനനിയമസഭകളിലേക്കും ഉള്ള തെരഞ്ഞെടുപ്പുകൾസംബന്ധിച്ച പരാതികൾ കേൾക്കുന്നതിന് പാർലമെൻറോ നിയമസഭകളോ ഏൎപ്പെടുത്തുന്ന പ്രത്യേകസമിതികൾമുമ്പാകെ ഹർജി ബോധിപ്പിക്കാം.

ഈ മൌലികതത്വങ്ങളെ അടിസ്ഥാനമാക്കി 1950-ലെ 43-ാംആക്ട് കേന്ദ്രത്തിലെ നിയമസഭ—ഇന്നു നിലവിലുള്ള ഏകമണ്ഡലമായ ഇന്ത്യൻപാർലമെൻറ്—പാസ്സാക്കി എട്ടത്തിന് മേമാസം 12-ാംതീയതി പ്രസിഡൻറിൻെറ അനുവാദവും കിട്ടി. The Representation of the People Act 1950, എന്നാണ് ആ നിയമം അറിയപ്പെടുന്നതു്. മുപ്പതുവകുപ്പുകളും അഞ്ചു് ഭാഗങ്ങളും നാലു പട്ടികകളുമാണ് ആകെ ഈ നിയമത്തിലുള്ളതു്. കേന്ദ്രത്തിലേയുംസംസ്ഥാനങ്ങളിലേയുംതെരഞ്ഞെടുപ്പുകൾ ഇന്ത്യൻഭരണഘടനയ്ക്കു വിധേയമായി ഈ പുതിയ നിയമം അനുസരിച്ചുവേണം നടത്തേണ്ടതു്. കേന്ദ്രത്തിലെ അധോമണ്ഡലത്തിലേയ്ക്ക് House of the People ആകെ 496 അംഗങ്ങളെയാണ് അയയ്ക്കേണ്ടതു്. കാഷ്മീരിൽനിന്നും ആറംഗങ്ങളേയും ആൻഡമാനും നിക്കോബാറും ദ്വീപുകളിൽനിന്ന് ഒരംഗത്തെയും റിപ്പബ്ലിക്കപ്രസിഡൻറ് നിയമിക്കുമ്പോൾ ബാക്കി 489 പേരെയും പ്രായപൂർത്തിവോട്ടവകാശത്തിന്മേൽ തെരഞ്ഞെടുക്കുകയാണ്. ഗവർണ്ണർസംസ്ഥാനങ്ങളിൽ ഉത്തരപ്രദേശത്തിനു 86-അംഗങ്ങൾ ഉള്ളതുകൊണ്ട് ആ പ്രദേശത്തിന് അമിതപ്രാധാന്യം ഉണ്ടെന്നു ചിലർ പറയുമെങ്കിലും ജനസംഖ്യാനുപാതികമായ പ്രാതിനിധ്യമേ അവിടെയും അനുവദിച്ചിട്ടുള്ളൂ. ഏററവും ചെറിയ സംസ്ഥാനമായ ആസാമിന് 12-അംഗങ്ങളെയും അനുവദിച്ചിട്ടുണ്ട്. രാജപ്രമുഖസംസ്ഥാനങ്ങളിൽ ഹൈദ്രബാദിന് 25-ം പെപ്സുയൂനിയന് 5-ം അംഗങ്ങളുള്ളപ്പോൾ തിരുവിതാംകൂർകൊച്ചി സംസ്ഥാനത്തിന് ഒരുഡസൻ സാമാജികന്മാരെ തെരഞ്ഞെടുക്കാൻ വ്യവസ്ഥയുണ്ട്. ഇപ്പോൾ നമ്മുടെ സംസ്ഥാനത്തെ ഏഴുപേരാണല്ലോ പ്രതിനിധീകരിക്കുന്നതു്. ചീഫ്കമ്മിഷണർസംസ്ഥാനങ്ങളിൽനിന്നും ഏററവും കൂടുതൽ അംഗങ്ങൾ—ആറുപേർ— വിന്ധ്യാപ്രദേശത്തുനിന്നുമാണ് തെരഞ്ഞെടുക്കപ്പെടുന്നതു്. ഡൽഹിക്കു നാലും ഹിമാലയപ്രദേശത്തിന് മൂന്നും അംഗങ്ങളാണുള്ളതു്.

ഗവർണ്ണർമാർ ഭരിക്കുന്ന ഒൻപതു സംസ്ഥാനങ്ങളിൽനിന്നും 374-ം, രാജപ്രമുഖസംസ്ഥാനങ്ങളിൽനിന്നും 96-ം, ചീഫ്കമ്മിഷണർമാരുടെ പ്രവിശ്യകളിൽനിന്നും 26-ം ഇങ്ങനെയാണ് 496 സ്ഥാനങ്ങൾ വിഭജിച്ചിരിക്കുന്നതു്.

സംസ്ഥാനനിയമസഭകളിലെ അധോമണ്ഡലത്തിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് പ്രായപൂർത്തിവോട്ടവകാശത്തിന്മേലാണല്ലോ. ചീഫ്കമ്മിഷണർമാർ ഭരിക്കുന്ന 11-സംസ്ഥാനങ്ങളിൽ നിയമസഭകളില്ലാത്തതുകൊണ്ട് അവിടെയെങ്ങും ജനകീയഭരണം യഥാർത്ഥത്തിലില്ല. അതുകൊണ്ടു തെരഞ്ഞെടുപ്പിനും വ്യവസ്ഥയില്ല. ഗവർണ്ണർസംസ്ഥാനങ്ങളിൽ ഉത്തരപ്രദേശത്തിന് 430 അംഗങ്ങളുണ്ടു്. അടുത്ത വലിയനിയമസഭ 375-അംഗങ്ങളുള്ള മദ്രാസിലെ ലെജിസ്ലേറീവ്അസംബ്ലിയാണ്. ആസ്സാമിനു 108 അംഗങ്ങളുള്ള ഏററവും ചെറിയ അസംബ്ലിയാണുള്ളതു്. രാജപ്രമുഖസംസ്ഥാനങ്ങളിൽ ഹൈദ്രബാദിന് 175-ം രാജസ്ഥാന് 160-ം മൂന്നാമത്തെ സ്ഥാനം ലഭിക്കുന്ന തിരുവിതാംകൂർകൊച്ചിക്ക് 108-ം അംഗങ്ങളുണ്ട്. കാഷ്മീരിന് എത്ര അംഗങ്ങളെന്നു ഇനിയും തീരുമാനിച്ചിട്ടില്ല. വിവിധ ലെജിസ്ലേറീവ്അസംബ്ലികളിലെ ആകെസംഖ്യ ഗവർണ്ണർസംസ്ഥാനങ്ങളിൽ 2294-ം രാജപ്രമുഖസംസ്ഥാനങ്ങളിൽ 761-ം ആണ്.

നാട്ടുരാജ്യങ്ങളിൽ മൈസൂറിനുമാത്രവും ഗവർണ്ണർസംസ്ഥാനങ്ങളിൽ ഒറിസ്സാ, മദ്ധ്യപ്രദേശം, ആസ്സാം എന്ന മൂന്നുസംസ്ഥാനങ്ങളൊഴികെയുള്ള മററു സംസ്ഥാനങ്ങൾക്കും ഓരോ ഉപരിമണ്ഡലവുമുണ്ട്. മൈസൂറിന് 40-ം ഉത്തരപ്രദേശം ബോംബെ മദ്രാസ് ബിഹാർ എന്നിവയിൽ ഓരോന്നിന് 72 വീതവും പശ്ചിമബംഗാളിന് 51-ം പഞ്ചാബിനു 40-ം അംഗങ്ങളെ അനുവദിച്ചിട്ടുണ്ട്. നല്ല വിവരമുള്ളവരും യഥാർത്ഥത്തിൽ വിദ്വാന്മാരുമായവരും പൊതുജനപ്രാതിനിധ്യത്തിലൂടെയും നിയമിതാംഗങ്ങളായുമാണ് ഉപരിമണ്ഡലങ്ങളിലെ അംഗങ്ങളാവുക. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിലെ നിയമസഭയ്ക്കു ഒരു മണ്ഡലം മതിയെന്ന് സവ്ഥാ യോഗ്യന്മാരായ ഇവിടുത്തെ നേതാക്കന്മാർ തീരുമാനിച്ചതു് ഉപരിമണ്ഡലത്തിൽ ഇരിക്കുന്നതിന് ഇവിടെ ആൎക്കും യോഗ്യതയില്ലെന്ന് വിശ്വസിക്കുന്നതുകൊണ്ടായിരിക്കാം, അതോ അസംബ്ലിയിൽനിന്നും പുറത്തുചാടുന്ന വല്ല വ്യക്തികൾക്കു നിയമവും അതേപടി നിയമസംഹിതയിൽ കൌൺസിലുണ്ടെങ്കിൽ സ്ഥാനം പിടിക്കുകയില്ലെന്നുള്ളതുകൊണ്ടുമാകാം!

ഇന്ത്യൻഭരണഘടനയിലെ 171-ാംവകുപ്പിലെ മൂന്നാംഉപവകുപ്പനുസരിച്ചാണ് സംസ്ഥാനനിയമസഭകളിലെ ഉപരിമണ്ഡലങ്ങളിൽ സാമാജികന്മാർ പ്രവേശിക്കുന്നതു്. ആകെയുള്ള അംഗങ്ങളിൽ മൂന്നിലൊരുഭാഗം നഗരസഭകളുടെയും ഡിസ്ട്രിക്ട്ബോർഡുകളുടെയും മററു പ്രാദേശികസ്ഥാപനങ്ങളുടെയും പ്രതിനിധികൾ തെരഞ്ഞെടുക്കുന്നതാണ്. അങ്ങനെ മൈസൂറിന് അക്കൂട്ടത്തിൽ 13-അംഗങ്ങളെയാണ് നിശ്ചയിച്ചിരിക്കുന്നതു്. ഏതെങ്കിലും ഒരു ഇന്ത്യൻസർവ്വകലാശാലയിൽനിന്നും മൂന്നുകൊല്ലത്തിനുമുമ്പു ബിരുദംവാങ്ങിയവരിൽനിന്നും പന്ത്രണ്ടിൽ ഒരുഭാഗംഅംഗങ്ങളെ തെരഞ്ഞെടുക്കും. ആ ഇനത്തിൽ മൈസൂറിനു മൂന്നംഗങ്ങളാണുള്ളതു്. ഒരു സെക്കണ്ടറിസ്കൂളിന് താണപടിയിലല്ലാത്ത ഒരു വിദ്യാലയത്തിൽ മൂന്നു കൊല്ലമെങ്കിലും അദ്ധ്യാപകവൃത്തിയിലിരുന്നവരിൽനിന്നും കൗൺസിലിൻെറ പന്ത്രണ്ടിലൊരുഭാഗം അംഗങ്ങളെ നിറയ്ക്കുന്നതാണ്. ആ വിഭാഗത്തിലും മൈസൂറിന് മൂന്നുപേരുണ്ട്. കൗൺസിലിൻെറ മൂന്നിലൊരുഭാഗം അംഗങ്ങളെ അസംബ്ലിക്കു വെളിയിൽനിന്നും അസംബ്ലിമെമ്പറന്മാർക്കു തെരഞ്ഞെടുക്കാം. അങ്ങനെ മൈസൂർ ഉപരിമണ്ഡലത്തിൽ 13-അംഗങ്ങളുണ്ട്. ശാസ്ത്രങ്ങളിലും കലകളിലും രാജ്യതന്ത്രജ്ഞതയിലും പ്രശസ്തി സമാൎജ്ജിച്ചിട്ടുള്ളവരിൽനിന്നും ബാക്കിയുള്ളവരെ (മൈസൂറിൽ 8) സംസ്ഥാനഭരണാധികാരി നിയമിക്കുന്നതാണ്. ഇന്നത്തെ രാഷ്ട്രീയനേതാക്കന്മാരുടെ തോതുവച്ചു നോക്കിയാൽ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിനു ഒരു ഉപരിമണ്ഡലം ഉണ്ടെങ്കിൽ തന്നെയും അവിടെ പോകുന്നതിനു യോഗ്യതയുള്ളവർ ഇവിടെ ഇല്ലെന്നുള്ളതുകൊണ്ടായിരിക്കാം ഇവിടെ ഉപരിമണ്ഡലം വേണ്ടെന്നു ഇവിടത്തെ കാൺഗ്രസ്സുകാർ വളരെ നേരത്തെ തീരുമാനിച്ചതും.

കേന്ദ്രത്തിലെ ഉപരിമണ്ഡലം—കൗൺസിൽ അഫ് സ്റ്റേററ്സ്—എങ്ങനെയാണ് രൂപീകരിക്കേണ്ടതെന്ന് ഭരണഘടനയിലെ 4-ം, 80-ം, 391-ം വകുപ്പുകൾ പ്രസ്താവിക്കുന്നുണ്ട്. ഒൻപതു ഗവർണ്ണർസംസ്ഥാനങ്ങൾക്കു 145 അംഗങ്ങളുള്ളതിൽ ഉത്തരപ്രദേശത്തിനു—ഭരണഘടനയിലെ യൂണൈറഡ് പ്രാവിൻസസ്സിന്—മാത്രം 31 അംഗങ്ങളുണ്ട്. അടുത്ത സ്ഥാനം 27 അംഗങ്ങളുള്ള മദ്രാസിനാണ്. ആസ്സാമിനാണ് ഏററവും ചെറിയസംഖ്യ—6 പേരെ—അനുവദിച്ചിരിക്കുന്നതു്. രാജപ്രമുഖസംസ്ഥാനങ്ങളിൽനിന്നും 53 അംഗങ്ങളെ അയയ്ക്കുന്നതിനാണ് വ്യവസ്ഥചെയ്തിരിക്കുന്നതു്. അതിൽ തിരുവിതാംകൂർ-കൊച്ചിക്കു 6-ം, നിയമസഭ ഇപ്പോഴില്ലാത്ത വിന്ധ്യാപ്രദേശത്തിനു 4-ം അംഗങ്ങൾ ഉൾപ്പെടുന്നു. ഹൈദ്രാബാദിന് 11 അംഗങ്ങളും പെപ്സുയൂണിയനു മൂന്നും അംഗങ്ങളാണു നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. പത്തു ചീഫ്കമ്മിഷണർപ്രവിശ്യകൾക്കുകൂടി ഏഴു അംഗങ്ങളെ അനുവദിച്ചിരിക്കുകയാണ്. ആജ്മീറിനും കൂർഗിനുംകൂടി ഒരാൾ, ബിലാസ്പൂരിനും ഹിമാചലപ്രദേശത്തിനുംകൂടി മറെറാരംഗം, മണിപ്പൂരിനും ത്രിപുരയ്ക്കുംകൂടി മൂന്നാമതൊരു സാമാജികൻ, ശേഷമുള്ള ഓരോ പ്രവിശ്യക്കും ഒരാൾ ഇങ്ങനെ പോകുന്നു വിഭജനരീതി. ആകെ ഈ ഉപരിമണ്ഡലത്തിനു മൂന്നു വിഭാഗം സംസ്ഥാനങ്ങളിലുംകൂടി 205 അംഗങ്ങളാണുള്ളതു്.

ഭരണഘടനയിലെ 80-ാംവകുപ്പിൽ വിവരിച്ചിരിക്കുന്നതു സംസ്ഥാനങ്ങളുടെ പ്രതിനിധികളായി 238-ൽ കവിയാത്ത അംഗങ്ങളും യൂണിയൻ പ്രസിഡൻറ് നിയമിക്കുന്ന 12 അംഗങ്ങളും കൂടിയുള്ളതാണ് ഉപരിമണ്ഡലമെന്നും പ്രസിഡൻറ നിയമിക്കുന്നവരിൽ സാഹിത്യം, വിവിധകലകൾ, ശാസ്ത്രങ്ങൾ, സാമൂഹ്യസേവനം മുതലായവയിൽ പ്രശസ്തി സമ്പാദിച്ചവരുൾപ്പെട്ടിരിക്കണമെന്നുമാണ്.

തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിന സംസ്ഥാനനിയമസഭയിലേയ്ക്കുള്ള 108 സീററും, പാർല്യമെൻറിലെ അധോമണ്ഡലത്തിലേയ്ക്കുള്ള 12 സീററും ഉപരിമണ്ഡലത്തിലേയ്ക്കുള്ള 6 സീററും മുഴുവനും കാൺഗ്രസ്സുകാർക്കുതന്നെ കൊടുക്കണമെന്നും സകല എതിരുകളും കാൺഗ്രസ്സ് സ്റ്റീംറോളറിൻെറ കീഴിൽ തകൎന്നു തരിപ്പണമാകുമെന്നും നാം കേട്ടുതുടങ്ങിയിട്ടുണ്ടല്ലോ. സ്ററാലിൻെറ റഷ്യയിലെപ്പോലുള്ള പാർല്യമെൻററി ഡെമോക്രസിയോ പണ്ഡിതനെഹ്റു അടിക്കടി പറയാറുള്ള പ്രജായത്തഭരണമോ ഏതാണ് ഈ കാൺഗ്രസ്സ് സ്റ്റീംറോളർ വഴി തിരുവിതാംകൂർ-കൊച്ചി ജനതയ്ക്കു ലഭിക്കാൻപോകുന്നതെന്നു പറയാറായിട്ടില്ല. ഒരു പക്ഷെ കൊറിയായിലെ യുദ്ധം ആലപ്പുഴ സമ്മേളനത്തിലെ പാർട്ടിലീഡർ പ്രശ്നത്തീരുമാനം, പതിനെട്ടാംപടിയോടു കാണിച്ച നിന്ദ്യവും നീചവുമായ നടപടി, കേരളകൗമുദി പ്രോസിക്യൂഷൻ, കാൺഗ്രസ്സ് ഡെമോക്രാററിക്കു പാർട്ടിയുടെ ജനനം മുതലായവകൊണ്ടു ഈ സംസ്ഥാനവും വിന്ധ്യാപ്രദേശംപോലെ നിയമസഭയില്ലാതെയും തെരഞ്ഞെടുപ്പു കൂടാതെയും ഇന്നത്തെപ്പോലെതന്നെ പൊതുജനവിശ്വാസം നശിച്ചാലും ഭരിക്കുകതന്നെ ചെയ്യുമെന്നുള്ള അധികാരികളുടെ ശാഠ്യത്തിനു വിധേയമായി ഭരിക്കപ്പെട്ടുവെന്നും വരാം.

—o—


## ഇന്ദിര

കെ. ദാമോദരൻ ബി. എ.

അഭിമാനവിജൃംഭിതനും സംസ്കാരസമ്പന്നനുമായ ഒരു യുവാവ് ദുഷ്ടാഗ്രഗണ്യനായ ഒരു കൂട്ടുകാരനാൽ അനുഭവിക്കേണ്ടിവന്ന സങ്കടങ്ങളും തത്സംബന്ധമായുണ്ടാകുന്ന പല ദുരിതരംഗങ്ങളും സരസമായി ഇതിൽ പ്രതിപാദിക്കുന്നു.

മാനേജർ, വില രൂ. 2

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

# സാരനാഥിലെ മൂലഗന്ധകുടിവിഹാരം - ശ്രീ ബുദ്ധഭഗവാന്റെ ഭൗതികാവശിഷ്ടങ്ങൾ സൂക്ഷിച്ചിരിക്കുന്ന പുണ്യസ്ഥലം












ഒന്നാമത്തെ വരി:-

സാരനാഥിലെ പുരാണവസ്തുഗവേഷണ വകുപ്പുവക കാഴ്ചബംഗ്ലാവിൽ സൂക്ഷിച്ചിരിക്കുന്ന അശോകസ്തംഭാഗ്രം. അതു് ഉറപ്പിച്ചിരിക്കുന്ന വെള്ളമാർബിളിലുള്ള പീഠമാണു് അടിയിൽക്കാണുന്നതു്. അശോകസ്തംഭം നിന്നിരുന്നിടത്തു് അതിന്റെ ചുററുമായി ഉണ്ടായിരുന്ന ശില്പവേലകളാണു് സ്തംഭാഗ്രത്തിന്റെ ചുററും വച്ചിരിക്കുന്നതു്. മൂലഗന്ധകുടിവിഹാരം, മുൻപിൽനിന്നുള്ള കാഴ്ച. അശോകസ്തംഭം നിന്നിരുന്ന സ്ഥലം. ഒടിഞ്ഞുപോയ സ്തംഭത്തിന്റെ ചുവട്ടുഭാഗമാണു് വേലിക്കുള്ളിൽ കാണുന്നതു്. ഇടതുവശത്തു കാണുന്നതു് 'ജഗദ്സിംഗ്'സ്തംഭത്തിന്റെ നഷ്ടാവശിഷ്ടങ്ങളാണു്. ബുദ്ധദേവന്റെ ഭൗതികാവശിഷ്ടങ്ങൾ സൂക്ഷിച്ചിരിക്കുന്ന കുംഭാരം. ഹുമയൂൺ സ്തംഭം - ഇവിടെവച്ചാണു് ജ്ഞാനലബ്ധിക്കുശേഷം ബുദ്ധഭഗവാൻ തന്റെ പഴയ ശിഷ്യന്മാരെ ആദ്യമായി കണ്ടുമുട്ടുന്നതു്. പഴയകാലത്തെ ശില്പകലാവൈദഗ്ദ്ധ്യത്തിനു് ഉത്തമോദാഹരണമായ ഒരു ശില്പവേല. പുരാണവസ്തുഗവേഷണ വകുപ്പുകാർ കണ്ടെടുത്തിട്ടുള്ളതാണിതു്.



രണ്ടാമത്തെ വരി:-

ധമകസ തൂപം - ബുദ്ധമതത്തിന്റെ സുവർണ്ണകാലത്തുണ്ടായിരുന്ന സാരനാഥ് സ്ഥാപനങ്ങളിൽ കോട്ടംതട്ടാതെ ഇന്നും അവശേഷിക്കുന്നതു് ഇതു മാത്രമാണു്. പുരാണവസ്തു ഗവേഷണവകുപ്പുവക കാഴ്ചബംഗ്ലാവു്. ഇതിലാണു് ഇൻഡ്യാഗവൺമെൻറിന്റെ ഔദ്യോഗികമുദ്രയായ അശോകസ്തംഭചക്രം സൂക്ഷിച്ചിരിക്കുന്നതു്.

മൂന്നാമത്തെ വരി:-

അശോകസ്തംഭത്തിന്റെ സമീപത്തായി സാഗർസിംഗ് സ്തംഭം നിന്നിരുന്ന ഭാഗം പുരാണവസ്തു ഗവേഷണവകുപ്പുകാർ ഗവേഷണം നടത്തിയതു്. സാരനാഥ് - റോഡിന്റെ ഇടതുവശത്തായി പുരാണവസ്തു ഗവേഷണവകുപ്പുകാർ ഗവേഷണം നടത്തിയ സ്ഥലങ്ങൾ. സന്യാസിമഠാവശിഷ്ടങ്ങളും മററും ഇതിൽ കാണാം.








നടുക്കു്:-

മൂലഗന്ധകുടിവിഹാരം - ഒരു പാർശ്വവീക്ഷണം: കമനീയമായ ഈ ദേവാലയത്തിലാണു് ബുദ്ധദേവന്റെ ഭൗതികാവശിഷ്ടങ്ങൾ സൂക്ഷിച്ചിരിക്കുന്നതു്.

നാലാമത്തെ വരി:-

സാരനാഥിലെ ജൈനമതക്ഷേത്രം.

സാരനാഥിൽ കുമാരീദേവി പണികഴിപ്പിച്ച മനോഹരബുദ്ധദേവാലം.

'ഹുമയൂൺസ്തംഭ'[illegible]ിന്റെ മുകൾഭാഗത്തുനിന്നും ലഭിക്കുന്ന ആവി[illegible]റഭാഗത്തിന്റെ ഹൃദയംകവരുന്ന കാഴ്ച.

ബുദ്ധദേവന്റെ [illegible]ൗതികാവശിഷ്ടങ്ങൾ സാരനാഥിലുള്ള മൂലഗ[illegible]ന്ധകുടിവിഹാരത്തിൽ സൂക്ഷിച്ചിരിക്കുന്നതു്.

Photo By:- K. S. Pillay & Party.

# ഭൂമിശാസ്ത്രത്തിന്നൊരു മുഖവുര

## ശാസ്ത്രീയമായ ഒരു വിശകലനം

### സർദാർ ചന്ത്രോത്ത് കുഞ്ഞിരാമൻനായർ

ജനങ്ങൾ ഉൽപ്പാദനോപകരണങ്ങൾവഴി ജീവസന്ധാരണത്തിന്നാവശ്യമായ സാധനങ്ങൾ ഉല്പാദിപ്പിക്കാൻ തുടങ്ങിയതോടൊപ്പം സമുദായത്തിന്റെ വളർച്ചയും ആരംഭിച്ചു. ഉല്പാദനോപകരണങ്ങൾ പരിഷ്കരിച്ചുവരുംതോറും സമുദായം തീ കണ്ടുപിടിക്കുന്നു; തമ്മിൽ തമ്മിലുള്ള ബന്ധങ്ങൾ, ഭാഷ, പാർപ്പിടം, കൃഷി എന്നിവയ്ക്കു പരിഷ്കാരം വരുത്തുകയും ചെയ്യുന്നു. പണിയായുധങ്ങളിൽ വീണ്ടും വീണ്ടും മാററം വരുന്നു. അതുമൂലം സാധനങ്ങൾ കൂടുതൽ കൂടുതലായി മിച്ചമുണ്ടാകുന്നു; കൈമാററങ്ങൾ സാധാരണമായിത്തീരുന്നു, അങ്ങിനെ അന്യോന്യബന്ധങ്ങൾ ക്രമപ്പെടുന്നു. കണക്കുകൂട്ടാൻ പഠിക്കുന്നു. എല്ലാനിലയിലും സമുദായം വളർന്നുവരുന്നു. അതോടെ ഓരോ സംഘങ്ങളും കുടിയേറിപ്പാർക്കാൻ പററിയ സ്ഥലമന്വേഷിച്ചു യാത്രയാരംഭിക്കുന്നു; ഒരുദിക്കിൽ നിലയുറപ്പിക്കുന്നു. കൃഷി സ്ഥിരമായിത്തുടങ്ങുന്നു. അളവും, തൂക്കവും, കോലും, ദൈർഘ്യവും, നാഴിക വിനാഴികയും, കിഴക്ക് വടക്ക് തുടങ്ങിയ ദിക്കുകളും കണ്ടുപിടിക്കുന്നു. ഇതിന്നിടയിലൊക്കെ മററുള്ള ഗ്രൂപ്പുകളുമായി നിരവധി കൂട്ടിമുട്ടലുകളുണ്ടാകുന്നു. പ്രകൃതിയോടു മല്ലിടുന്നു; അനേകം പാഠങ്ങൾ പഠിക്കുന്നു. പുഴകളും നദികളും കടലിടുക്കുകളും തരണം ചെയ്യുന്നു. നക്ഷത്രങ്ങളെനോക്കി ശീലിക്കുന്നു. അടുത്ത രാജ്യങ്ങളിലെ ജനങ്ങളുമായി ബന്ധപ്പെടുന്നു. സമുദായം വികസിക്കുന്നു. ഉല്പാദനോപകരണങ്ങൾ പിന്നെയും പിന്നെയും പരിഷ്കരിക്കുന്നു. വർഗ്ഗങ്ങളും യുദ്ധങ്ങളും ആവിർഭവിക്കുന്നു, സമുദായം പിന്നെയും പിന്നെയും വളരുന്നു. ഇങ്ങിനെയുള്ള വളർച്ചയിലെ ഏതൊരു പ്രത്യേക ഘട്ടമാണ്—ഏതൊരു പ്രത്യേകസംഗതിയാണ്—ഭൂമിയെപ്പററിയുള്ള അറിവിന്ന് അടിസ്ഥാനമായത് എന്നു തിട്ടമായിപ്പറവാൻ സാദ്ധ്യമല്ല. മററെല്ലാ അറിവുകളേയുംപോലെ, അതുവരെ സമുദായം ആർജ്ജിച്ച അറിവുകളുടെ ആകത്തുകയാണ് ഭൂമിയെസംബന്ധിച്ച അറിവിന്റേയും അടിസ്ഥാനമെന്നു മൊത്തത്തിൽപറയാം. അതുവരെ എന്നുവെച്ചാൽ ഏതുവരെ? ഈ കൃത്യമായ ഘട്ടമാണ്—സംഗതിയാണ്—തിട്ടമായിപ്പറവാൻ സാദ്ധ്യമല്ലാത്തത്. പക്ഷെ, ജനങ്ങൾ കാടുവിട്ടുയാത്ര ചെയ്തു നദീതടങ്ങളിലും മററും കുടിയേറിപ്പാർക്കാൻ ആരംഭിച്ചതായിരിക്കണം ഭൂമിയെസ്സംബന്ധിച്ചു പഠിക്കാൻ അവരെ നിർബ്ബന്ധിച്ചതെന്നു ഊഹിച്ചാൽ വലിയ തെററുണ്ടാവാനവകാശമില്ല. ചുരുക്കത്തിൽ, ഉല്പാദനോപകരണങ്ങളിൽ വന്നുചേർന്ന പരിഷ്കാരങ്ങൾ കൈമാററങ്ങളുടെ വർദ്ധനവിന്നിടയാക്കി; മററു പ്രദേശങ്ങളുമായി ബന്ധപ്പെടുവാൻ വഴിവെച്ചു; കൂട്ടിമുട്ടലുകളിൽനിന്നു ജയിക്കാനുള്ള അടവുകളും തന്ത്രങ്ങളും പഠിക്കാൻ നിർബ്ബന്ധിച്ചു. ഇതൊക്കെയും ഭൂമിയെപ്പററിയുള്ള അറിവു വികസിക്കുവാനിടയാക്കി. അങ്ങിനെ അതിർത്തിപ്രദേശങ്ങളും ഭൂമിയുടെകിടപ്പും കാലാവസ്ഥയും ഒക്കെ ക്രമേണ മനുഷ്യൻ മനസ്സിലാക്കിക്കൊണ്ടുവന്നു.

പരിഷ്കാരത്തിന്റെ പ്രാഥമികരംഗം ദൃശ്യമാകാൻ തുടങ്ങിയതോടുകൂടി—കാടത്തത്തിൽനിന്നും, പ്രാകൃതത്വത്തിൽനിന്നും ഉയർന്നതോടുകൂടി—സമുദായത്തിൽ ബുദ്ധിമാന്മാർ (Wise men) ആവിർഭവിച്ചു. സംഭവങ്ങൾ കുറേശ്ശ കുറേശ്ശയായി രേഖപ്പെടുത്താനാരംഭിച്ചു. സമുദായഘടന പാടെമാറി. വർഗ്ഗങ്ങളായി വേർതിരിഞ്ഞ സമുദായം വമ്പിച്ച യുദ്ധങ്ങൾ നടത്തിത്തുടങ്ങി. സ്ഥാപനങ്ങളും, വ്യവസ്ഥകളും പുതിയ പുതിയ രൂപങ്ങൾ കൈക്കൊണ്ടു. തത്വജ്ഞാനികൾ ഉണ്ടായി. ചിന്താഗതിക്ക് രൂപം വന്നു. അങ്ങിനെ വളർന്നുവന്ന സമുദായം ക്രിസ്തുവിന്നു ൨൦൦൦ കൊല്ലങ്ങൾക്കു മുമ്പുതന്നെ ഭൂമിയെസംബന്ധിച്ചും, നക്ഷത്രങ്ങളെസ്സംബന്ധിച്ചും ആലോചിക്കാനും പലതും മനസ്സിലാക്കാനും തുടങ്ങിയിരുന്നു എന്നു ചരിത്രം പറയുന്നുണ്ട്. ചൈന, അസീറിയ, ഗ്രീസ്സ്, ബാബിലോണിയ, ഇന്ത്യ, ഈജിപ്ത്, തുടങ്ങിയരാജ്യങ്ങളിലെ തത്വജ്ഞാനികളുടെ പേരാണീവിഷയത്തിൽ ചരിത്രം രേഖപ്പെടുത്തിയിട്ടുള്ളത്. അവർ സൂര്യ-ചന്ദ്രഗ്രഹണങ്ങളെക്കുറിച്ചുപോലും ചിന്തിക്കാൻ തുടങ്ങിയിരുന്നു. എങ്കിലും ഗ്രഹണത്തെസ്സംബന്ധിച്ചു കണക്കുകൂട്ടാൻ ആരംഭിച്ചതു ബി. സി. ൬൦൦-ൽ ആണെന്നുകാണുന്നു. അങ്ങിനെ ബി. സി. അഞ്ചാം നൂററാണ്ടിൽ ചരിത്രത്തിന്റെ പിതാവ് എന്നു വിളിക്കപ്പെടുന്ന ഹിറോഡോട്ടസ്സ് എഴുതിയ ചരിത്രം പുറത്തുവന്നു. ഭൂമിയെപ്പററി അതുവരെ ജനങ്ങൾ മനസ്സിലാക്കിയകാര്യങ്ങൾ അതിലധികം രേഖപ്പെടുത്തിയിട്ടുണ്ട്; ഇന്ത്യയിലെ പരുത്തിയെപ്പററിയും മററും അതിൽ വർണ്ണിച്ചിട്ടുണ്ട്. പിന്നീടു, ബി. സി. ൪-ാംനൂററാണ്ടിൽ എല്ലാ ശാസ്ത്രങ്ങളുടേയും പിതാവായി നാമറിയുന്ന അരിസ്റ്റോട്ടലാണ് ഭൂമി ഉരുണ്ടതാണെന്നു ആദ്യമായി സ്ഥാപിച്ചത്. ശരിയായ പ്രകൃതിതത്വങ്ങളിൽക്കൂടി ഭൂമിശാസ്ത്രത്തെ ഒരു യഥാർത്ഥ ശാസ്ത്രമാക്കി—പ്രകൃതിശാസ്ത്രത്തിന്റെ ഒരു ഭാഗമാക്കി—അവതരിപ്പിച്ചത് അദ്ദേഹമാണ്. പ്രപഞ്ചത്തിന്റെ ഒരു ഭാഗമാണു ഭൂമി എന്ന ചിന്താഗതി അതോടൊപ്പം വളർന്നു. ഗ്രഹണത്തെപ്പററി ഏതാണ്ട് ശരിയായ നിലയിലുള്ള ഗണിതം അക്കാലത്തു കണ്ടുപിടിക്കപ്പെട്ടു. അങ്ങിനെ ഭൂമിശാസ്ത്രം തെഴുക്കാൻ തുടങ്ങി.

* * *

ഗ്രീക്കു ചിന്തകന്മാർ പ്രപഞ്ചത്തെ വീക്ഷിച്ചിരുന്നതു പൊതുവെ പറയുകയാണെങ്കിൽ ഇങ്ങിനെയാണ്. "അനേകം ജനങ്ങളുടെ അന്യോന്യ ബന്ധങ്ങളും, ആഘാതപ്രത്യാഘാതങ്ങളും, ഒന്നിച്ചുചേരലുകളും, മാറിമറിയലുകളും, അററമില്ലാതെ കെട്ടിക്കുഴയുന്ന ഒരു ചിത്രമാണ് പ്രകൃതി." പ്രകൃതിയെക്കുറിച്ചു പൊതുവിൽ മാത്രമല്ല, മനുഷ്യസമുദായത്തിന്റെ ചരിത്രത്തെയും ബുദ്ധിയുടെ പ്രവർത്തനങ്ങളെയും എല്ലാം അവ പരിശോധിച്ചതും പര്യാലോചിച്ചതും ഈ തത്വമനുസരിച്ചാണ്. ഒരു പ്രത്യേകഘടകത്തെ പരിശോധിക്കുമ്പോൾ അതു ഉൾപ്പെട്ടിട്ടുള്ള എല്ലാററിനേയും ആകെക്കൂടി എടുത്തുനോക്കുന്നതുകൊണ്ടു ചലനങ്ങളേയും മാററങ്ങളേയും കണ്ടെത്തുവാൻ അവർക്കു കഴിയുന്നു. "പ്രാകൃതവും അവ്യക്തവുമെങ്കിലും ഈ പരിശോധനാമാർഗ്ഗത്തിന്റെ മെച്ചം അതാണ്. എന്നുവെച്ചാൽ ഒരേ സമയത്തുതന്നെ സകലതും ഉണ്ടുതാനും, ഇല്ലതാനും. എല്ലാം ചഞ്ചലാവസ്ഥയിലാണ്. ഉത്ഭവിച്ചും നശിച്ചുംകൊണ്ടിരിക്കുന്നു." എന്നാൽ ഈ തത്വശാസ്ത്രത്തിന്റെ പ്രധാനമായ ദോഷം പ്രപഞ്ചത്തിന്റെ ജ്ഞാനത്തിൽക്കൂടി അതിലെ ഓരോ ഘടകങ്ങളെക്കുറിച്ചും, അതുകളുടെ സവിശേഷപ്രവർത്തനങ്ങളേയും സ്വഭാവങ്ങളേയും കുറിച്ചും, പ്രത്യേകം പ്രത്യേകങ്ങളായ സ്വഭാവങ്ങളേയും വിവിധ ഫലങ്ങളേയും കുറിച്ചു, ശാസ്ത്രീയമായി പഠിക്കാനും ഉപയോഗപ്പെടുത്താനും വഴിവെട്ടിത്തെളിയിച്ചിട്ടില്ലെന്നുള്ളതാണ്. ഇതിന്നു വമ്പിച്ച ഗവേഷണങ്ങളും ചരിത്രവും എല്ലാം ആവശ്യമായിരുന്നു എന്നു പറയേണ്ടതില്ലല്ലൊ. അന്നത്തെ സമുദായവളർച്ചയ്ക്കു അതു അസാദ്ധ്യമായിരുന്നു. ഇതേ തത്വശാസ്ത്രപ്രകാരം ഭൂമി പ്രപഞ്ചത്തിലെ ഒരു അംശമാണെന്നും, ഏതാണ്ടു ഉരുണ്ടതാണെന്നും അല്ലാതെ ഭൂമിയുടെ വലിപ്പത്തെയും, മററു ഗ്രഹങ്ങളുമായുള്ളബന്ധത്തെയും ഉത്ഭവത്തെയും, പ്രവർത്തനങ്ങളെയും ആകർഷണശക്തിയേയും, ഭൂമിയിലെ വൻകരകളെയും, മേഖലകളെയും, സമുദ്രങ്ങളെയും, പർവ്വതങ്ങളെയും, വനങ്ങളെയും, നദികളെയും, സ്ഥലവിശേഷങ്ങളെയും, തടാകങ്ങളെയും, മണലാരണ്യങ്ങളെയും, ഉഷ്ണത്തെയും, മഴയെയും, ഭൂകമ്പങ്ങളേയും, അഗ്നിപർവ്വതക്ഷോഭങ്ങളേയും, കൊടുങ്കാററുകളേയും, വേലിയേററം വേലിയിറക്കം എന്നിവകളേയും, ഋതുക്കളേയും, വിവിധരാജ്യങ്ങളിലെ ജനങ്ങളേയും മററും പററിയുള്ള ശാസ്ത്രീയമായ അപഗ്രഥനത്തിന്നു യാതൊരുവഴിയും—അവ്യക്തമായ പൊതുതത്വമല്ലാതെ നമുക്കുണ്ടാക്കിത്തരുന്നില്ല. മേൽ പറഞ്ഞതുപോലെ ഉൽപാദനശക്തികളുടെ വളർച്ച അന്നു അത്രയ്ക്കു എത്തിയിട്ടുണ്ടായിരുന്നില്ല. കച്ചവടത്തിന്റെ വർദ്ധനവില്ലാതാകുന്ന ഗതാഗതങ്ങളും, സമുദ്രയാത്രകളും, അതോടനുബന്ധിച്ച മററുകാര്യങ്ങളും ഒന്നും അന്നു വർദ്ധിച്ചുവന്നിരുന്നില്ല. അതിന്നനുസരിച്ചുമാത്രമെ—അതായത്, കച്ചവടത്തിന്നടിസ്ഥാനമായ ഉൽപാദനസമ്പ്രദായത്തിന്നനുസരിച്ചുമാത്രമെ—ഉല്പാദനോപകരണങ്ങളുടെവളർച്ചയുടെതോതിലെ—ശാസ്ത്രത്തിന്നഭിവൃദ്ധിപ്പെടാൻ നിവൃത്തിയുള്ളൂ. ശാസ്ത്രത്തിന്റെ വളർച്ചയുടെ തോതേതോ, അതിന്നനുരൂപമായേ അതിന്റെ ഒരു ഭാഗമായ ഭൂമിശാസ്ത്രവും വളരുകയുള്ളൂ എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

* * *

ബുദ്ധമതത്തിന്റെ ആവിർഭാവത്തിനും അരിസ്റ്റോട്ടലിന്റെ കാലത്തിനുംശേഷം—ബി. സി. ൪-ം, ൩-ം നൂററാണ്ടുകളോടുകൂടി—രാജ്യങ്ങൾതമ്മിൽ കച്ചവടപരമായി കൂടുതൽ ബന്ധപ്പെട്ടുതുടങ്ങുകയും, അതിനെ അലക്സാണ്ടറിന്റെ പരാക്രമണങ്ങളും (൩൨൭-൩൨൫-ബി. സി.) സീസറുടെ ദിഗ്വിജയയാത്രകളും (൫൦ ബി. സി.) എന്നിവ സഹായിക്കുകയും ചെയ്തു. അതുഹേതുവായി ഭൂമിശാസ്ത്രജ്ഞാനത്തിന്ന വളർച്ചയാണ് ക്രിസ്ത്വബ്ദത്തിന്നു ഏതാണ്ടു അരനൂററാണ്ടുമുമ്പ് 'സ്ട്രാബോ' എന്ന ഗ്രീക്ക ചിന്തകൻ പ്രസിദ്ധപ്പെടുത്തിയ ഭൂമിശാസ്ത്ര ഗ്രന്ഥം പ്രതിനിധീകരിക്കുന്നത്. കച്ചവടാഭിവൃദ്ധി പിന്നെയും മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു. എ. ഡി. ൨-ാംനൂററാണ്ടുവരെയുണ്ടായ കച്ചവടാഭിവൃദ്ധി ടോളമിയെ അലക്സാണ്ട്റിയയിൽവെച്ച് ഒരു ഭൂപടം വരയ്ക്കുവാൻതന്നെ നിർബ്ബന്ധിതനാക്കി. പ്രാകൃതമെങ്കിലും ടോളമിയുടെ ഭൂപടത്തിന്റെ മെച്ചം അതിൽ അദ്ദേഹത്തിനു ധ്രുവരേഖകളും അക്ഷാംശരേഖകളും മദ്ധ്യരേഖയും രേഖപ്പെടുത്താൻ സാധിച്ചു എന്നുള്ളതാണത്രെ. ടോളമിയുടെ സിദ്ധാന്തം ഭൂമിയാണ് പ്രപഞ്ചത്തിന്റെ കേന്ദ്രം എന്നായിരുന്നു. ഈ തത്വത്തിന്മേലാണ് അദ്ദേഹത്തിന്റെ ഭൂമിശാസ്ത്രവും ഭൂപടവും നിലകൊള്ളുന്നത്. എ. ഡി. ൯-ംനൂററാണ്ടിൽ ഇക്കിസ്ഖാൻ നടത്തിയ വെട്ടിപ്പിടുത്തങ്ങൾ ഭൂമിശാസ്ത്രവളർച്ചയെ കാര്യമായി സഹായിച്ചിട്ടുണ്ട്. മാർക്കോപോളോ (൧൨൫൪ ൧൩൨൪ എ. ഡി.) വിന്റെ സമുദ്രസഞ്ചാരവും ൨൫ സംവത്സരക്കാലത്തെ ഏഷ്യാസഞ്ചാരവും ഭൂമിശാസ്ത്രത്തിന്ന അസാമാന്യമായ നേട്ടങ്ങളുണ്ടാക്കിക്കൊടുത്തു. ൧൪-ാംനൂററാണ്ടിന്റെ ഒടുവിലുണ്ടായ ടാമർലെയിനിന്റെ ദിഗ്വിജയയാത്ര "അദ്ദേഹം ഒരു വേനൽക്കാലത്തു മോസ്കോനഗരം വളഞ്ഞു. പിറേറത്തെ വേനലിൽതന്നെ ഡെൽഹിയുടെ പടിക്കലുമെത്തി—" ഭൂമിയെ സംബന്ധിച്ചുള്ള ജനങ്ങളുടെ അറിവ് എന്തെന്നില്ലാതെ വിപുലപ്പെടുവാൻ ഇടയാക്കി. ഇങ്ങനെയുള്ള എത്രയെത്ര സംഭവങ്ങൾ ഭൂമിശാസ്ത്രത്തെ വിപുലപ്പെടുത്തിയില്ല? ഈവക നേട്ടങ്ങൾ അരിസ്റ്റോട്ടലിന്റെ ശാസ്ത്രീയമായ പ്രവചനങ്ങളെ ശരിയാണെന്നു തെളിയിക്കുകകൂടിചെയ്തു. യൂറോപ്യൻ രാജ്യങ്ങളിലേയും ഏഷ്യയിലേയും കച്ചവടാഭിവൃദ്ധി ഭൂമിശാസ്ത്രത്തെ അടിയടിനിന്നും ത്വരിതഗതിയിൽ വളർത്തി. ൧൫-ാംനൂററാണ്ടിലേയും, ൧൬-ാംനൂററാണ്ടിലേയും കണ്ടുപിടുത്തങ്ങൾ—കൊളമ്പസ്സിന്റെയും വാസ്കോഡിഗാമയുടേയും കണ്ടുപിടുത്തങ്ങൾ—ഭൂമിശാസ്ത്രത്തെ എത്രവമ്പിച്ചനിലയിലാണ് വിപുലപ്പെടുത്തിയത് എന്നു എല്ലാവർക്കുമറിയാം. അതോടെ ഭൂമിയെപ്പററിയുള്ള ഗവേഷണങ്ങൾ കൂടുതൽ കൂടുതലായിത്തീരുകയും, ഭൂപടം ഒന്നായും ഓരോ വിഭാഗങ്ങളായും പുറത്തുവന്നു തുടങ്ങുകയുംചെയ്തു ഭൂപടനിർമ്മാണവിഷയത്തിൽ ഡ്രെയിക്ക്, കുക്ക്, ലിവിങ്ങ്സ്റ്റൺ എന്നിവരുടെ പരിശ്രമങ്ങൾക്ക് വമ്പിച്ച പങ്കാണുള്ളതെന്നും ഓർക്കേണ്ടതായിട്ടുണ്ട്.

അനിയന്ത്രിതമായി വർദ്ധിച്ചുവന്നുകൊണ്ടിരുന്ന കച്ചവടമത്സരങ്ങളും, അതുമൂലമായി അധികാരിവർഗ്ഗങ്ങൾ നടത്തിയ അത്യുഗ്രമായ കൂട്ടിമുട്ടലുകളും പുതുതായ പല പലകണ്ടുപിടുത്തങ്ങൾക്കും ഇടയാക്കിയെന്നു നമ്മൾകണ്ടു. അങ്ങിനെ ൧൬-ാംനൂററാണ്ടുമുതൽ ഭൂമിശാസ്ത്രം പ്രകൃതിശാസ്ത്രത്തിന്റെ ഏററവും പ്രധാനമായ ഒരു ഭാഗമായിത്തന്നെ പ്രകാശിക്കാൻതുടങ്ങി. ൧൬-ാംനൂററാണ്ടിലാണ് കോപ്പർനിക്കസ്സിന്റെ ഹെലിയോസെൺട്രിക്ക്സിസ്റ്റം എന്ന സിദ്ധാന്തം പുറത്തുവന്നത്. ഈ സിദ്ധാന്തം ടോളമിയുടെ സിദ്ധാന്തത്തെ അടിപുഴക്കിക്കളഞ്ഞു. സൂര്യനാണ് സൌരയൂഥത്തിന്റെ കേന്ദ്രം എന്നു കോപ്പർനിക്കസ്സ് സ്ഥാപിച്ചു. ഭൂമി സൂര്യകുടുംബത്തിലെ ഒരംഗംമാത്രമാണെന്നതാണ് അദ്ദേഹത്തിന്റെ തത്വത്തിന്റെ ചുരുക്കം. ഇതോടൊപ്പം ചന്ദ്രന്റെ ഗതിയെപ്പററിയും ഭൂമിയെപ്പററിയുമുള്ള അറിവ് എന്തെന്നില്ലാതെ മുന്നോട്ടുപോയി. ഈ തത്വത്തെ ൧൭-ാംനൂററാണ്ടിന്റെ ആദ്യകാലത്തു് ഗലീലിയോ ദൂരദർശിനി വഴി വിപുലപ്പെടുത്തി. എങ്കിലും ൧൭-ാംനൂററാണ്ടിലെ ഉല്പാദനശക്തികളുടെ വളർച്ച ശാസ്ത്രത്തെ യാന്ത്രികമായ നിലയിൽ വീക്ഷിക്കുവാനിടയാക്കി. വസ്തുക്കളുടെ ഉത്ഭവത്തെയും ചരിത്രത്തെയും, വളർച്ചയേയും, നാശത്തെയും മാററത്തെയും എല്ലാം കുറിച്ചു ശാസ്ത്രീയമായി അപഗ്രഥിച്ചു പരിശോധിക്കാനതു മിനക്കെട്ടില്ല. അങ്ങിനെ, യദൃച്ഛികസംഭവ സിദ്ധാന്തങ്ങളും മററും നിലവിലിരുന്നു; ശാസ്ത്രത്തിന്റെ വളർച്ചയുടെ വഴിയല്പംമാറി. എന്നാൽ, ൧൮-ാംനൂററാണ്ടിന്റെ മദ്ധ്യകാലത്തു പുറത്തുവന്ന കാൻറിന്റെ (൧൭൨൪ ൧൮൦൪ എ. ഡി.) സിദ്ധാന്തം യാന്ത്രികവാദത്തെ ആഞ്ഞടിച്ചു "ഈ സൌരയൂഥം സുദീർഘമായ ഒരു ചരിത്രവികാസത്തിന്റെ ഫലമാണെന്നു തെളിയിച്ചുകൊണ്ടാണ് കാൻറ് തന്റെ തത്വജ്ഞാനിയുടെ ജീവിതമാരംഭിച്ചത്. സ്വയം ചുററിത്തിരിയുന്ന ഒരു ബാഷ്പപടലത്തിൽനിന്നുണ്ടായ സൂര്യന്റെയും ഗ്രഹങ്ങളുടേയും എല്ലാം ആവിർഭാവം ഈ ചരിത്രവികാസം. ഇത കാരണത്താൽ തന്നെ ഈ സൌരയൂഥം ഭാവിയിലൊരിക്കൽ അവശ്യം നശിക്കുമെന്നും കാൻറ് തെളിയിച്ചു."

"അരനൂററാണ്ടിന്നുശേഷം കാൻറിന്റെ സിദ്ധാന്തത്തെ ഗണിതതത്വശാസ്ത്രങ്ങളെക്കൊണ്ടു ലപ്ലാസ്സ് സ്ഥാപിച്ചു. പിന്നീടൊരരനൂററാണ്ടിന്നുശേഷം ആകാശവിസ്തൃതിയിൽ ഇത്തരം കത്തിജ്വലിക്കുന്ന ബാഷ്പമണ്ഡലങ്ങൾ ഉറച്ചുകട്ടിയാകുന്നുണ്ടെന്നും ഇതു പലേ പതനങ്ങളിലുമായി നിലനില്ക്കുന്നുണ്ടെന്നും സ്പെക്ട്രോസ്കോപ്പ് (എ. ഡി. ൧൮൬൧) എന്ന യന്ത്രം (രശ്മിദർശകയന്ത്രം) തെളിയിക്കുകയും ചെയ്തു."

* * *

ഇക്കഴിഞ്ഞ ൩൦ വർഷംകൊണ്ടു ഭൂമിശാസ്ത്രത്തിന്നുണ്ടായ അഭിവൃദ്ധി അസാമാന്യമാണ്. ൧൯-ാംനൂററാണ്ടിന്റെ ഏതാണ്ട് അവസാനഘട്ടംവരെയുണ്ടായ അഭിവൃദ്ധിയുമായി ഒരു തരത്തിലും താരതമ്യപ്പെടുത്താൻ വയ്യാത്ത ഒന്നാണിതു്. ഇതൊരു ക്രമമായ വളർച്ചയായിട്ടല്ല, ഒരു ഉഗ്രമായ കുതിച്ചുചാട്ടമായിട്ടാണനുഭവപ്പെട്ടതു്. കുത്തകമുതലാളിത്തം ലോകത്തെ—ഭൂമുഖത്തെ—പങ്കിടുകയും, മാററിപ്പങ്കിടാൻവേണ്ടി ഭയങ്കരയുദ്ധങ്ങൾ ഇടവിടാതെ നടത്തിക്കൊണ്ടിരിക്കുകയും ചെയ്ത ഒരു ചിത്രമാണ് ഈ ൩൦ വർഷക്കാലത്തെ ചരിത്രത്തിൽ നാം കാണുന്നതു്. ദൂരത്തേയും, സമയത്തേയും, എന്നുവേണ്ട പ്രകൃതിയുടെ പ്രവർത്തനങ്ങളെ ഒന്നൊന്നായിജയിച്ചുകൊണ്ടു പ്രകൃതിശാസ്ത്രം എന്തെന്നില്ലാതെ വളർന്നുവന്ന ഒരു കാലഘട്ടമാണിതു്. ഭൂമുഖത്തിലെ ഏതൊരുമുക്കും മൂലയും ഇക്കാലത്തു് സൂക്ഷ്മമായ പരീക്ഷണങ്ങൾക്ക് വിധേയമായിരിക്കുകയാണ്. ഈ വളർച്ചയുടെ തോതു് ഇതിന്നുമുമ്പു് ഏതാനും നൂററാണ്ടുകൾകൊണ്ടുകൂടി ഉണ്ടായിട്ടില്ലെന്നു എല്ലാവരും സമ്മതിക്കുന്നുണ്ടു്.

സാമ്രാജ്യത്വത്തിന്റെ സങ്കുചിതചട്ടക്കൂട്ടിൽ ഒതുങ്ങാതായ ഉല്പാദനശക്തികൾ ആ ചട്ടക്കൂട്ടുഭേദിച്ചു യഥാർത്ഥമായ പ്രജായത്തസമുദായഘടനയിലേക്കു കുതിക്കുന്ന ഒരു കാലഘട്ടമാണിതു്. സ്വാതന്ത്ര്യകാംക്ഷികൾ ജനസമുദായത്തെ പ്രജായത്തസമുദായഘടനയിലേയ്ക്കു നയിച്ചു മുന്നോട്ടുപായിക്കൊണ്ടിരിക്കുന്ന ഈയവസരത്തിൽ—ലോകമൊട്ടുക്കെ ഒരു കുടുംബമായി ഉയരാൻ പോകുന്ന ഈ പോക്കിൽ—ജനങ്ങൾ ഭൂമിശാസ്ത്രവുമായി എത്രത്തോളമാണ് ഒട്ടിപ്പിടിച്ചുവരുന്നതെന്നു പറയേണ്ടതില്ല. ഇക്കഴിഞ്ഞ രണ്ടാംലോകമഹായുദ്ധം ജനങ്ങളെ എത്രത്തോളമാണ് ഭൂമിശാസ്ത്രവുമായി അടുപ്പിച്ചിട്ടുള്ളതെന്നുള്ളതിന്നു ഒരു കണക്കില്ല.

അങ്ങിനെ ഭൂമിശാസ്ത്രം ഇനിയും വളർന്നു വളർന്നു പോവുകതന്നെയാണ്.

* * *

സൌരയൂഥത്തിലെ ഒരംഗമായ ഭൂമിയെപ്പററി സൌരയൂഥത്തിൽനിന്നു് ഒററപ്പെടുത്തി പഠിക്കുകയെന്നുവച്ചാൽ ആ പഠിപ്പ് വെറും യാന്ത്രികമാവുകയേയുള്ളൂ. അപൂർണ്ണവും, അവ്യക്തവും, അശാസ്ത്രീയവും ആവുകയേ ഉള്ളൂഎന്നും യാന്ത്രികവാദം എന്താണ് എന്നും, എങ്ങിനെ ഉണ്ടായി എന്നും, ഇതുവരെ വിവരിച്ചതിൽനിന്നു് വ്യക്തമായി. എന്നാൽ, എന്താണീസൌരയൂഥം? ഇതെങ്ങിനെ ആവിർഭവിച്ചു? ഈ ചോദ്യങ്ങളുടെ സമാധാനമാണ് നമുക്കുകാണേണ്ടതു്. സൌരയൂഥമെന്തു് എന്താണെന്നുചോദിച്ചാൽ, ഒരൊററവാക്കിൽ സമാധാനം പറയാം—സൂര്യകുടുംബം. പക്ഷെ, ഇതുകൊണ്ടു സൌരയൂഥത്തിന്റെ യാതൊരുരൂപവും ചോദ്യകർത്താവിന്നു ലഭിക്കുന്നില്ല. അതുകൊണ്ടു് നമുക്കു് ഏററവും ചുരുങ്ങിയനിലയിലെങ്കിലും ഇതിനെക്കുറിച്ചു് വിവരിക്കേണ്ടിയിരിക്കുന്നു.

നാമിതേവരെ കണ്ടുപരിചയിച്ചിട്ടുള്ളതിൽവെച്ചു് അത്യുജ്ജ്വലമായ ഒരു ഗംഭീരവസ്തു നമ്മുടെ സൂര്യഗോളമാകുന്നു. ഭൂമിയിൽനിന്നു് ൯൩-മില്യൻ[1] നാഴിക അകലെക്കിടക്കുന്ന ഈ ഭവ്യഗോളത്തിന്റെ വ്യാസം ൮൬൪൦൦൦ നാഴികയാണെന്നുള്ള വസ്തുത പലരും ഓർത്തിട്ടുണ്ടാവില്ല. ൮൦൦൦-നാഴിക വ്യാസമുള്ള[2] നമ്മുടെ ഭൂമിയുമായി ഇത്ര വമ്പിച്ച സൂര്യഗോളത്തെ താരതമ്യപ്പെടുത്തി നോക്കുമ്പോഴാണ് അതിന്റെ ഗാംഭീര്യം മനസ്സിലാവുക. എന്നുവച്ചാൽ, നമ്മുടെ ഭൂമിയെക്കാൾ പന്ത്രണ്ടരലക്ഷം ഇരട്ടി വലുപ്പമുള്ള ഒന്നാണ്[3] നമ്മുടെ സൂര്യൻ എന്നർത്ഥം. ഭൂമി ഒരിഞ്ചുവ്യാസമുള്ള ഒരു ചെറു നാരങ്ങയാണെന്നു സങ്കല്പിക്കുക; ആ തോതിൽ നമ്മൾ സൂര്യനെ ചെറുതാക്കി സങ്കല്പിക്കുകയാണെങ്കിൽ, സൂര്യൻ ൧൦൮.൫ ഇഞ്ചുവ്യാസമുള്ള—ഒരു ചെറിയ ചന്ദ്രപ്പീടികയോളം വലുപ്പമുള്ള—ഒരു ഗംഭീരഗോളമായിരിക്കും. സൂര്യൻ അതിന്റെ അച്ചുതണ്ടിന്മേൽ തന്നത്താൻ ഒരു പമ്പരംപോലെ തിരിഞ്ഞുകൊണ്ടിരിക്കുകയാണ്. ആ തിരിച്ചലിൽ, ഒരുവട്ടം പൂർത്തിയാകുവാൻ ൨൫-ദിവസം[1] വേണം. സൂര്യനിൽ

---

1 9 കോടി 30 ലക്ഷം നാഴിക

2 Dimater equatorial 7926.677 miles; Meridinel 7899 988 miles

3 Its bulk is a million and a quarter times the bulk of our Earth.

1 24⅔ days at the so ar equarter to 34 at the poles.

# ഷൂമാൻപ്ളാൻ - അതു് രാഷ്ട്രീയ വടംവലികൾക്കു കളമൊരുക്കുന്നു

എം. ഗോപിനാഥൻനായർ ബി. എസ്‌സി. ബി. എൽ.

രാഷ്ട്രബന്ധങ്ങളെ സാരമായി സ്പർശിക്കുന്നതും, ലോകത്തിന്റെ സജീവമായ താല്പര്യത്തെ ഉളവാക്കിയതുമായ പല പരീക്ഷണങ്ങളും പദ്ധതികളും ഈ അടുത്തകാലത്തിനകം പശ്ചിമയൂറോപ്പിൽ ഉയർന്നുവന്നതു് നാം കണ്ടിട്ടുണ്ടു്. അങ്ങനെ, ഇരമ്പിപ്പായുന്ന തൊഴിലാളിത-ശക്തിപ്രവാഹത്തിനെതിരായി ഒരൈക്യമുന്നണി സൃഷ്ടിക്കാൻ വെമ്പുന്ന മുതലാളിത്വം സൃഷ്ടിച്ച, സാമ്പത്തികപുനഃസംവിധാനപദ്ധതിയും, കടംവായ്പയും, അററ്ലാൻറിക്ക് ഉടമ്പടിയും, കൌൺസിൽ അഫ് യൂറോപ്പും കുഴഞ്ഞ പ്രശ്നങ്ങളുണ്ടാക്കിവച്ച അന്തരീക്ഷത്തിലാണു് ഷൂമാൻപ്ലാനും അവതരിച്ചിരിക്കുന്നതു്.

## ഷൂമാൻപ്ലാൻ എന്താണു്?

പശ്ചിമജർമ്മൻ റിപ്പബ്ളിക്കുൾപ്പെടെയുള്ള പശ്ചിമയൂറോപ്യൻരാജ്യങ്ങളിൽ ഉല്പാദിപ്പിക്കുന്ന കല്ക്കരിയും, ഉരുക്കും ചേർത്തു് ഒരു 'പൂൾ' ഉണ്ടാക്കുക എന്നുള്ളതാണു് ഈ പദ്ധതിയുടെ പ്രധാനതത്വം. ഈ 'പൂളിന്റെ' വിനിയോഗവും, നിയന്ത്രണവും സംബന്ധിച്ച പദ്ധതിയുടെ വിശദാംശങ്ങൾ ഇതുവരെ തീരുമാനിക്കപ്പെട്ടിട്ടില്ലെങ്കിലും, ഇതിൽ പങ്കെടുക്കുന്ന രാഷ്ട്രങ്ങളുടെ പ്രതിനിധികളുൾക്കൊള്ളുന്ന ഒരു അന്താരാഷ്ട്രീയസംഘടനയുടെ പരമാധികാരത്തിനു് അവ വിധേയമായിരിക്കണമെന്നുള്ളതു് മുക്കവാറും സ്വീകരിക്കപ്പെട്ട ഒരു സംഗതിയാണു്. ഇടക്കാലത്തുള്ള ഫ്രഞ്ചുസാമ്പത്തിക പദ്ധതികളുടെ എല്ലാം ജനയിതാവെന്നറിയപ്പെടുന്ന ജീൻമാണെറ്റും, ഫ്രഞ്ചുവിദേശകാര്യമന്ത്രി റാബർട്ടു് ഷൂമാനുമാണു് ഈ പദ്ധതിയുടെ സംവിധായകർ.

### കാമൺവെൽത്തു രാഷ്ട്രങ്ങൾക്കു് ഇതിലെന്താണു താല്പര്യം

പശ്ചിമയൂറോപ്പിൽ രൂപമെടുക്കുന്നതും പശ്ചിമയൂറോപ്യൻ രാഷ്ട്രങ്ങളെമാത്രം സംബന്ധിക്കുന്നതും രാഷ്ട്രീയപ്രാധാന്യമുള്ളതെങ്കിലും, തികച്ചും സാമ്പത്തികവുമായ ഈ പദ്ധതിയിൽ ലോകശക്തികളുടെ നിലയിൽ കവിഞ്ഞു കാമൺവെൽത്തുരാഷ്ട്രങ്ങൾക്കു് എന്തെങ്കിലും പ്രത്യേകതാല്പര്യമുണ്ടോ എന്നുള്ളതു് ചിന്തിക്കേണ്ട ഒരു വിഷയമാണു്. രണ്ടാംലോകമഹായുദ്ധം കഴിഞ്ഞു്, ഒരു പശ്ചിമയൂറോപ്യൻ ഫെഡറേഷനുണ്ടാക്കാനുള്ള എല്ലാ സംരംഭങ്ങളിലും മുൻകയ്യെടുത്തിട്ടുള്ള ഇംഗ്ലണ്ടു് ഇതിലും ഉൾപ്പെടാതിരിക്കുമോ? ഒരുപക്ഷേ ഉൾപ്പെടാതിരിക്കാൻ ശ്രമിച്ചാൽതന്നെ ഭൂമിശാസ്ത്രപരമായ കിടപ്പും, പരിതഃസ്ഥിതികളുടെ സമ്മർദ്ദവുംമൂലം അതിനു നിർബ്ബന്ധിതയാവുകയില്ലേ? അങ്ങനെ ഈ വലയത്തിൽ ഇംഗ്ലണ്ടു ബന്ധിക്കപ്പെടുകയാണെങ്കിൽ അതുവിടെ വിപുലമായ സാമ്പത്തിക പരിവർത്തനങ്ങളുണ്ടാക്കുന്നതും, സ്വാഭാവികമായി ബ്രിട്ടനോടു് ഏററവും വലിയ സാമ്പത്തികകെട്ടുപാടുകളുള്ള കാമൺവെൽത്തുരാഷ്ട്രങ്ങളിൽ അതിന്റെ പ്രത്യാഘാതങ്ങളുണ്ടാവുന്നതുമാണു്. എന്നാൽ ഭാരതത്തെ സംബന്ധിച്ചാണെങ്കിൽ ഒരു കാമൺവെൽത്തുരാഷ്ട്രമെന്നുള്ള നിലയെക്കവിഞ്ഞുള്ള ഒരു പ്രാധാന്യം ഈ പദ്ധതിക്കുണ്ടു്. അതെങ്ങനെ എന്നു പ്രതിപാദിക്കുന്നതാണു്.

### ചരിത്രപരമായ പശ്ചാത്തലം

ഈ പദ്ധതി ലോകദൃഷ്ടിയിൽ കൊണ്ടുവന്നതു് വളരെ അടുത്തകാലത്താണെങ്കിലും (മേയ് ൯-൧൯൫൦) ഇതിന്റെ പിന്നിൽ സമരങ്ങളും യാതനകളും നിറഞ്ഞ നീണ്ട ഒരു ചരിത്രത്തിന്റെ പശ്ചാത്തലമുണ്ടു്. ചരിത്രംകൊണ്ടു നമുക്കറിയാവുന്ന കാലങ്ങളിലൊന്നുംതന്നെ ഫ്രാൻസും ജർമ്മനിയും തമ്മിലുള്ളബന്ധം ആശാവഹമായിട്ടുള്ളതായിരുന്നിട്ടില്ല. സുശക്തനായ ഈ അയൽരാഷ്ട്രം എന്നും ഫ്രാൻസിന്റെ സമാധാനത്തിനുനേരെ ഒരു ചോദ്യചിഹ്നമായി ഉയർന്നുനിന്നിട്ടുണ്ടു്. സമാധാനവിധ്വംസകനായ അയൽക്കാരനു് അതിനുള്ള കെല്പുനൽകുന്നതു് സ്വാധീനത്തിലുള്ള മഹത്തായ ഇരുമ്പും കൽക്കരിയും വ്യവസായങ്ങളുമാണെന്നു ഫ്രാൻസു കരുതുന്നു. അതൊരു പരമാർത്ഥവുമാണു. അതുകൊണ്ടു സമരശക്തിപ്രദായകമായ ഈ കൽക്കരിയും ഉരുക്കും ജർമ്മനിയുടെ അഭിപ്രായത്തിനു് പ്രാധാന്യമില്ലാത്തതും, തങ്ങൾക്കു സ്വാധീനശക്തിയുള്ളതുമായ ഒരു അന്തർദ്ദേശീയസംഘടനയുടെ നിയന്ത്രണത്തിലാക്കിയാൽ, അതിൽനിന്നുള്ള പേടി എന്നെന്നേയ്ക്കുമായി ഇല്ലാതാകും എന്നു ഫ്രാൻസ് ആശിക്കുന്നു. ഈ ഉദ്ദേശം ൧൯൪൫-നുമുൻപുതന്നെ വ്യക്തമാക്കിയിട്ടുമുണ്ടു്.

"French does not want to end this war without being assured that French forces shall be permanently installed from one end of the Rhine to another ... the French government considers, the Rhenish west phalian basis on both sides constitutes an industrial unit, and when we talk of Rhine as a line of security in Western Europe we contemplate of course the industrial part of the right bank as being included (General Degaulle Pans 25th Jan. 1945)."

അലസിപ്പിരിഞ്ഞ വിദേശകാര്യമന്ത്രിമാരുടെ സമ്മേളനത്തിൽ ഫ്രഞ്ചുപ്രതിനിധികൾ ഈ വാദം ആവർത്തിച്ചിട്ടുമുണ്ടു്. ആ അവകാശവാദത്തിന്റെ ഒരു പുതിയ വേഷമാണു ഷൂമാൻ പ്ലാൻ.

### സഹകരണത്തിൽ കവിഞ്ഞ രാഷ്ട്രീയ ഉദ്ദേശമുണ്ടോ?

ഷൂമാൻപദ്ധതിക്കു പിൻതുണ നൽകുന്നവർ അതിനു പ്രധാനമായി ചൂണ്ടിക്കാണിക്കുന്ന മേന്മ അതു് പശ്ചിമയൂറോപ്യൻ ശക്തികളുടെ ഇടയിൽ ഫലപ്രദമായ സാമ്പത്തികസഹകരണം ഉണ്ടാക്കുമെന്നും തദ്വാരാ ലോകസമാധാനത്തിനു് ഇതേററവും ഉപകരിക്കപ്പെടുമെന്നുകരുതുന്ന ഒരു യൂറോപ്യൻഫെഡറേഷന്റെ അടിസ്ഥാനമിടുമെന്നുമാണു്. എന്നാൽ അതിനപ്പുറമേ ഇതിൽ അന്തർലീനമായിട്ടു് വേറൊരുദ്ദേശമുണ്ടു്. പശ്ചിമജർമ്മനിയെ പ്രീതിപ്പെടുത്തുക എന്നുള്ളതു് ഇന്നു് കമ്മ്യൂണിസ്റ്റു ചിന്താഗതിയില്ലാത്ത എല്ലാ രാഷ്ട്രങ്ങൾക്കും ആവശ്യമായ ഒരു സംഗതിയാണു്. 'റൂർ'പ്രദേശങ്ങളിലെ വികസിച്ചുവരുന്ന വ്യാവസായികോല്പന്നത്തിനു അനുകൂലമായ വിപണികൾ സൃഷ്ടിച്ചുകൊടുത്തില്ലെങ്കിൽ, വ്യാവസായികമായ ഫലസാമഗ്രികൾക്കു വളരെ ആവശ്യമുള്ള കിഴക്കേയൂറോപ്യൻരാജ്യങ്ങളിൽ അവ വിററഴിക്കുന്നതിനു് ജർമ്മനി സ്വാഭാവികമായി പ്രേരിതയാവുന്നതാണു്. അതു് അററ്ലാൻറിക് പാക്ടു് രാജ്യങ്ങൾക്കു് ഒരിക്കലും സഹിക്കാൻകഴിയാത്ത ഒരു സംഗതിയാണു്. ഈ വിഷമം ഷൂമാൻപ്ലാൻ പരിഹരിക്കുമെന്നു വിശ്വസിക്കപ്പെടുന്നു:

### ബ്രിട്ടൻ വിസമ്മതിക്കുന്നു

അങ്ങനെ ആധുനികകാലത്തുണ്ടായിട്ടുള്ള സാമ്പത്തികപദ്ധതികളെക്കാളെല്ലാം പ്രായോഗികതകൊണ്ടും ലക്ഷ്യത്തിന്റെ മാഹാത്മ്യംകൊണ്ടും മേന്മയുണ്ടെന്നു പറയപ്പെട്ടിരുന്ന ഈ പദ്ധതി, ഫ്രഞ്ചുമന്ത്രിസഭ വച്ചുതാലോലിക്കുമ്പോഴാണു് ഒട്ടും വിചാരിക്കാതിരുന്നിടത്തുനിന്നു് അതിന്നൊരു വിഘാതം നേരിട്ടതു്.

ബ്രിട്ടീഷ് ലേബർപ്പാർട്ടി എക്സിക്യൂട്ടീവ് ജൂൺ ൧൨-ാംതീയതി പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ, സോഷ്യലിസ്റ്റുകളെല്ലാം സ്വാഗതംചെയ്യുന്ന ഒരു പദ്ധതിയാണിതെങ്കിലും ഇംഗ്ലണ്ടിനു് ചില പ്രത്യേകരീതിയിലുള്ള കടമകളും, കർത്തവ്യങ്ങളുമുള്ളതുകൊണ്ടു് ഇതിൽ സജീവമായി പങ്കെടുക്കാൻ വിഷമമാണെന്നു് പ്രസ്താവിച്ചിരുന്നു. അതിനെത്തുടർന്നു് പ്രധാനമന്ത്രി ആററ്ലി "ബ്രിട്ടൻ ഈ പദ്ധതിയെ ഒരുതരത്തിലും തടസ്സപ്പെടുത്താൻ ഇച്ഛിക്കുന്നില്ലെങ്കിലും, ഏതുവിധത്തിലാണു് സഹായിക്കാൻ പോകുന്നതെന്നു് പദ്ധതി പുരോഗമിച്ചതിനുശേഷംമാത്രമേ വെളിപ്പെടുത്താനൊക്കുകയുള്ളു എന്നു് കാമൺസിൽ പറയുകണ്ടായി. ഈ രണ്ടുപ്രസ്താവനകളുംകൂടി ചേർത്തുനോക്കിയാൽ ബ്രിട്ടന്റെ പരോക്ഷമായ നിസ്സഹകരണമനഃസ്ഥിതി വ്യക്തമാവുന്നതാണു്

ആത്മസഖിയായ ഫ്രാൻസ് ആവേശത്തോടെ സഞ്ചരിക്കാൻ വെമ്പുന്ന ഈ വഴിയിൽ പ്രവേശിക്കുവാൻ വിജയം നിശ്ചിതമല്ലാത്ത ഒരു രാഷ്ട്രീയ അഭിസന്ധിഘട്ടത്തെപ്പോലും അഭിമുഖീകരിച്ചുകൊണ്ടു്, ബ്രിട്ടൻ എന്തുകൊണ്ടാണു് വിസമ്മതിക്കുന്നതു്.

ഇതിനു് നാലുകാരണങ്ങളാണു് പ്രാമേ നമുക്കു് ദർശിക്കാവുന്നതു്.

൧, തങ്ങളുടെ ദേശീയപരമാധികാരത്തിന്റെ ഒരംശംപോലും ഒരന്തർദ്ദേശീയസമിതിക്കു വിട്ടുകൊടുക്കുവാൻ ഇംഗ്ലണ്ടിനു് സമ്മതമല്ല. ൨. കാമൺവെൽത്തുരാഷ്ട്രങ്ങളുമായുള്ള പ്രത്യേകബന്ധവും സ്റ്റേർലിങ്ങ് ഏരിയായുടെ ബാങ്കർ എന്ന നിലയും. ൩. ബ്രിട്ടനിൽ നിലവിലുള്ള കൂടിയ കൂലിനിരക്കു് ഫ്രാൻസിലും, ജർമ്മനിയിലും ഉള്ളതിനോടൊപ്പം താഴ്ത്തപ്പെടേണ്ടിവരും. ൪. നിശ്ചിതപദ്ധതികൾക്കനുസൃതമായി പ്രവർത്തിക്കുന്നതും ദേശീകരിക്കപ്പെട്ടതുമായ ഇംഗ്ലീഷ് വ്യവസായോല്പന്നങ്ങൾ വ്യവസ്ഥകളൊന്നും കൂടാതെ മിക്കവാറും സ്വകാര്യഉടമയിൽ പ്രവർത്തിക്കുന്ന യൂറോപ്യൻവ്യവസായങ്ങളുടെ ഉല്പാദനവുമായി പൂൾ ചെയ്യുക എന്നുള്ളതു് അപ്രായോഗികമാണു്.

ഇവ കൂടാതെ ചില തത്വങ്ങളെ ആസ്പദമാക്കിയല്ലാതെ ബ്രിട്ടൻ അടികൾ മുന്നോട്ടുവയ്ക്കുവാൻ വിഷമിക്കുന്നു എന്നുള്ളതുമുണ്ടു്. റൂർ, സാർ, റൈൻ, എന്നീ പ്രദേശങ്ങളുടെ നിയന്ത്രണമുള്ള ഏതൊരുരാജ്യത്തിനോ, രാജ്യങ്ങൾക്കോ, യൂറോപ്പിന്റെ മുഴുവൻ സാമ്പത്തികമായ നിയന്ത്രണം ഉണ്ടായിരിക്കുമെന്നുള്ളതു് ഒരു വാസ്തവമാണു്. ഷൂമാൻപദ്ധതി ഒരന്തർദ്ദേശീയ നിയന്ത്രണമാണു് ആവിഷ്കരിക്കുന്നതെങ്കിലും ഫ്രാൻസിന്റെ, ഭൂമിശാസ്ത്രപരമായ സ്ഥാനവും, താരതമ്യേന കൂടുതൽ ഉള്ള ഉല്പാദനവും ആ സമിതിയിൽ അവർക്കു് കൂടുതൽ പ്രാബല്യംകൊടുക്കുകയും അങ്ങനെ യൂറോപ്പിനെ മുഴുവൻ ഫ്രാൻസിന്റെ സാമ്പത്തികപ്രഭുത്വത്തിലേയ്ക്കു് താഴ്ത്തുകയും ഇല്ലേ എന്നു ഇംഗ്ലണ്ടു് ഭയപ്പെടുന്നുണ്ടു. യൂറോപ്പിലെ ശക്തിയുടെ ത്രാസ് ഉലയാതിരിക്കാൻ പാരമ്പര്യമായി ശ്രമിക്കുന്ന ബ്രിട്ടനു് അതു ഒരിക്കലും അനുവദിക്കാൻ സാധിക്കുകയില്ല.

### ഭാരതവും ഷൂമാൻപ്ലാനും

ഷൂമാൻപ്ലാൻ അനുസരിച്ചു് രൂപമെടുക്കുന്ന ഉപരിസംഘടനയുടെ പ്രധാനകൃത്യം എന്തായിരിക്കുമെന്നു റാബർട്ടുഷൂമാൻതന്നെ വെളിപ്പെടുത്തിയിട്ടുണ്ടു്. "That the task with which this common higher authority will be charged will be that of securing in the shortest possible time, the modernisation of production and improvement of its quality and supply of Steel and Coal on identical terms to the French and German markets as well as the markets of other countries"

ഇങ്ങനെ ഒരു നിശ്ചിതവ്യവസ്ഥ അനുസരിച്ചു വിപണികളുണ്ടാക്കുകയും, വിലനിരക്കിൽ ഒരു സമീകരണം വരുത്തുകയും ചെയ്താൽ ന്യായത്തെവിലയിൽ തങ്ങളുടെ ഉല്പാദനങ്ങൾ കയററുമതിചെയ്യുന്നതിനു് യൂറോപ്യൻരാജ്യങ്ങൾ തമ്മിലുള്ള മത്സരം അവസാനിക്കുന്നതാണു്. ഇന്ത്യയെപ്പോലെ സാമ്പത്തികമായി പിന്നണിയിൽനില്ക്കുന്ന രാഷ്ട്രങ്ങൾ വ്യാവസായികസാമഗ്രികൾ ലാഭമായിട്ടിറക്കുമതിചെയ്യാൻ ആശ്രയിക്കുന്നതു് ഈ മത്സരത്തെ (Competition) ആണു്. അതുനിന്നാൽ നമ്മുടെ സാമ്പത്തികനില സാരമായി സ്പർശിക്കപ്പെടുമെന്നുള്ളതു വ്യക്തമാണല്ലോ.

### അമേരിക്ക എന്തുകൊണ്ടു് ഷൂമാൻ പ്ലാനിനുവേണ്ടി ഇംഗ്ലണ്ടിനുമേലുള്ള രാഷ്ട്രീയസമ്മർദ്ദം വർദ്ധിപ്പിക്കുന്നു

സ്വാതന്ത്ര്യങ്ങളുടെ രക്ഷയ്ക്കുവേണ്ടി ബ്രിട്ടൻ അവലംബിക്കേണ്ടിവന്നിട്ടുള്ള ഇന്നത്തെ നിലയ്ക്കു് ഏററവുംവലിയ തടസ്സങ്ങൾ അമേരിക്കയുടെ നിർബന്ധവും, ഈ അവസരത്തെ മുതലെടുക്കാനുള്ള ചർച്ചിലിന്റെ ശ്രമവുമാണു്. ഇതിനുമുൻപെല്ലാംതന്നെ ഇത്തരത്തിലുള്ള ഒരു അന്തർരാഷ്ട്രീയനിയന്ത്രണം എതിർത്തിട്ടുള്ള അമേരിക്ക എന്തുകൊണ്ടാണു് ഷൂമാൻപദ്ധതിയെ പിൻതാങ്ങുന്നതു്. സ്വാർത്ഥലാഭം അതിനു പ്രേരിപ്പിക്കുന്നു എന്നുള്ളതാണു് മറുപടി. യുദ്ധത്തിനുമുൻപുതന്നെ അമേരിയ്ക്കക്കു് 'റൂർ'പ്രദേശങ്ങളിൽ വലിയ മുതൽമുടക്കുണ്ടായിരുന്നു. ജെയിംസ്ഫാറസ്റ്റലിന്റെ അമേരിക്കൻബാങ്കുതന്നെ ൧൯൩൦-തിനിടയ്ക്കു് 'ജർമ്മൻ സ്റ്റീൽ ട്രസ്റ്റിനു് നൂറുകോടിഡാളർ വായ്പനൽകിയിട്ടുണ്ടു്' അതുകൂടാതെ വേൾഡ്ബാങ്കിൽനിന്നു മുന്നൂറു് (൩൦൦) കോടി ഡാളർ ഇവിടെ മുടക്കിയിട്ടുണ്ടു്. അതുകൊണ്ടു് ഇവിടത്തെ ഉല്പാദനം പരമാവധി വർദ്ധിപ്പിക്കുന്നതു് വേറൊരുതരത്തിൽ അമേരിക്കയ്ക്കു് ലാഭം വരുത്തുന്നതായിരിക്കും. വേറൊരുതരത്തിലും ഈ പദ്ധതിയുടെ വിജയം അമേരിക്കയുടെ താല്പര്യങ്ങൾക്കു ഗുണകരമാകും. പശ്ചിമയൂറോപ്യൻ ഉല്പാദനത്തിൽ ഭൂരിഭാഗവും യുദ്ധസാമഗ്രികൾക്കായിരിക്കും ഉപയുക്തമാകുന്നതു്. ഈ പദ്ധതി അനുസരിച്ചു് അതു മിക്കവാറും ഫ്രാൻസിന്റെ നിയന്ത്രണത്തിലാകും. ഫ്രാൻസിന്റെ നിയന്ത്രണം തങ്ങളുടേതിനു് തുല്യമാണെന്നു് അമേരിക്ക വിശ്വസിക്കുന്നു. ഇതുകൊണ്ടാണു് ഷൂമാൻപദ്ധതിയിൽ അംഗമായില്ലെങ്കിൽ ബ്രിട്ടനുള്ള മാർഷൽ എയ്ഡ് സഹായംപോലും കുറയ്ക്കണമെന്നു അമേരിക്കയിൽ നിർദ്ദേശം ഉണ്ടായിരിക്കുന്നതു്. ആരുതന്നെ ചേർന്നില്ലെങ്കിലും ഈ പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ ഫ്രാൻസ് ഒരുക്കമാണു്. അങ്ങനെ ഈ പദ്ധതി ഒരു സഹകരണാടിസ്ഥാനത്തിൽ രാഷ്ട്രങ്ങളെ അടുപ്പിക്കാൻ ഒരുപക്ഷേ സഹായകമായിരുന്നേക്കാമെങ്കിലും ഇപ്പോൾത്തന്നെ അധികാരരാജ്യതന്ത്രത്തിന്റെ കയ്യാംകളിക്കു് കളമൊരുക്കിക്കഴിഞ്ഞിരിക്കുന്നു എന്നുള്ളതു പ്രത്യക്ഷമാണു്.

— ൦

---

ചിലപ്പോൾ കറുത്തനിറത്തിലുള്ള ചില പുള്ളികൾ കാണാം. ഒരു പുകക്കണ്ണാടിയിൽക്കൂടി അതു് നമുക്കു് നേരിട്ടുകാണാവുന്നതാണു്. അവയ്ക്കു് 'സൺസ്പോട്ട്സ്' എന്നുപേർപറയുന്നു. അവ സൂര്യനിലെ അഗ്നിപർവ്വതങ്ങളുടെ വിലമുഖങ്ങളാണെന്നു് സങ്കല്പിക്കുന്നപക്ഷം, നമ്മുടെ ഭൂമിയെപ്പോലുള്ള അനേകം ഗോളങ്ങളെ ഒന്നായിവിഴുങ്ങത്തക്ക പട്ടക്കാൻ കുഴികളായിരിക്കും അതെന്നു മനസ്സിലാകും; അത്രയും വലുപ്പമുള്ള പുള്ളികളാണു് അവ. 'സൺസ്പോട്ട്സ്' ഭൂമിക്കുനേരെ പ്രത്യക്ഷപ്പെടുന്ന അവസരത്തിൽ മെഗ്നററിക്കു്, എലക്ട്രിക്കു്കറണ്ടു സംബന്ധമായ 2 പല സംഭവങ്ങളും ഉണ്ടാകുന്നു. ഭൂമിയിൽനിന്നു് സൂര്യനിലേക്കുള്ള ൯-കോടി ൩൦ ലക്ഷം നാഴികദൂരത്തെ, മനസ്സുകൊണ്ടു് സങ്കല്പിക്കുകയെന്നതു് പ്രകൃതിശാസ്ത്രവിഷയത്തിൽ പ്രവേശിക്കാത്ത ഒരാൾക്കു വിഷമമായിരിക്കും. ഈ ദൂരപ്രകാരം സൂര്യനിൽനിന്നു് പുറപ്പെടുന്ന പ്രകാശം ഭൂമിയിലെത്താൻ ൪൯൯ സെക്കൻറു് — ൮-മിനുട്ടു് — സമയമാണെടുക്കുന്നതു്. ഭൂമിയിൽനിന്നു് ഇന്നത്തെ ഏററവും പരിഷ്കരിച്ച യന്ത്രത്തോക്കുകൊണ്ടു് 4 വെടിവെക്കുകയാണെങ്കിൽ, അതിശീഘ്രം സഞ്ചരിക്കുന്ന ആ വെടിയുണ്ട സൂര്യനിലെത്താൻ ൭ സംവത്സരംപിടിക്കും.

അനേകലക്ഷംടൺ പദാർത്ഥങ്ങൾ ഓരോ നിമിഷത്തിലും ഉൽസർജ്ജിച്ചു് ജീവരാശികൾക്കു ശക്തിനൽകിക്കൊണ്ടിരിക്കുന്ന ഈ സൂര്യനെ, ഭൂമിയും മററനേകംഗ്രഹങ്ങളും ഉപഗ്രഹങ്ങളും ഗ്രഹശകലങ്ങളും വാൽനക്ഷത്രങ്ങളും കൊള്ളിമീനുകളും പലപല ദൂരങ്ങളിൽക്കൂടി പലപല കാലങ്ങൾകൊണ്ടു് ചുററിത്തിരിയുകയാണു്. ഭൂമി ൨൪-മണിക്കൂർ കൂട്ടമ്പോൾ 5 അതിന്റെ അച്ചുതണ്ടിന്മേൽ—ഈ അച്ചുതണ്ടിനു് മദ്ധ്യരേഖാപ്രദേശത്തുകൂടി ൨൪-നാഴിക നീളം കാണും — തിരിയുന്നുവെന്നും, അതാണു് രാപ്പകൽ വ്യത്യാസങ്ങൾക്കു് കാരണമെന്നും, തന്നെത്താൻ തിരിയുന്നതിനുഭാഗത്തേയ്ക്കു് അതിനെതിർവശത്തൂടെ അണ്ഡാകൃതിയിലുള്ള ഭ്രമണപഥത്തിൽക്കൂടി കൊല്ലത്തിലൊരിക്കൽ സൂര്യനെച്ചുററി പ്രദക്ഷിണംചെയ്യുന്നു എന്നും, ഈ പ്രദക്ഷിണംകാരണമായി ഋതുക്കൾ ഉണ്ടാകുന്നു എന്നും പ്രാഥമികമായി പഠിക്കേണ്ട സംഗതികളാണു്.

(തുടരും)

---

2 Magnetic storms, the resu't of sun spots; tides; electric atmosphiree currents etc.

3 പ്രകാശം ഒരു സെക്കൻറിൽ 186000 നാഴികയാണു് സഞ്ചരിക്കുന്നതു്.

4 Maxim Gun.

5 Completes one rotation on polar axis; in one sidereal day 23 hours 56 minutes 4 seconds; one circuit of orbit round Sun (in contrary direction to that of rotation) in an elliptical path in 365.25636 sidereal days.



ഫ്രാങ്കുലോയിഡ് റൈററു്. യു. എസ്സി-ലെ ഒരു പ്രസിദ്ധശില്പശാസ്ത്രജ്ഞനാണു്. പല മനോഹരമന്ദിരങ്ങളും ഇദ്ദേഹം ഡിസൈൻചെയ്തിട്ടുണ്ടു്. അറിസോണയിൽ ശില്പശാസ്ത്രം പഠിപ്പിക്കുന്നതിനായുള്ള ഒരു വിദ്യാലയം ഇദ്ദേഹം നടത്തുന്നുണ്ടു്.

സോമൻ ആൻറ് പാർട്ടി: ഫവ്വ





# ഒന്നാന്തരം റബ്ബർമുദ്രകൾ

വിവിധ ഡിസൈനുകളിൽ ഉറപ്പും ഭംഗിയുമുള്ള റബ്ബർമുദ്രകൾ
മിതമായ നിരക്കിലും കൃത്യസമയത്തും ചെയ്തുകൊടുക്കുന്നതാണ്.

മാനേജർ, ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

## ജാതകാദേശം
(സവ്യാഖ്യാനം)

ജ്യോതിഷസംബന്ധമായും ജാതകസംബന്ധമായും അനർഘങ്ങളായ വിവരങ്ങൾ അടങ്ങിയ ഉത്തമജ്യോതിഷഗ്രന്ഥം. വില ണ. 15.

മാനേജർ,
ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.

ഏകാങ്കം

# ചിത്രപ്രശ്നക്കിറുക്ക്

എം. എൻ. ഗോവിന്ദൻനായർ ബി. എ. ബി. എൽ.

(സ്റ്റേജിൻെറ ഓരോ അററത്തുനിന്നും ഓരോരുത്തർ പ്രവേശിക്കുന്നു മുഷിഞ്ഞവേഷം. ൩൦-നും ൪൦-നും മദ്ധ്യപ്രായം)

ഒന്നാമൻ—ചരലോ പരലോ?

രണ്ടാമൻ—ഞാൻ നോക്കിയില്ല.

ഒന്നാം—ആങ്ങ ഹാ? അമ്പത്തിനാലാമത്തെ പ്രശ്നം നിങ്ങൾ നോക്കിയില്ലേ? മൂന്നാമത്, ഇടത്തുനിന്നു വലത്തോട്ട്, "ഇതു വെള്ളത്തിൽകിടന്നു തിളങ്ങും"—

രണ്ടാം അതു ഏതാ? പ്രസന്നത്തിൻെറയോ വൈജയന്തയുടെയോ?

ഒന്നാം—വൈജയന്തിയുടെ. നിങ്ങളെന്താ ഈയിടെ വൈജയന്തിപ്രശ്നം നോക്കാറില്ലേ? അടുത്തകാലംവരെ നിങ്ങൾക്ക് എന്നേക്കാൾ വല്യ നിർബ്ബന്ധമായിരുന്നല്ലോ.

രണ്ടാം—ഞാൻ ഇപ്പോൾ "ദി പ്രസന്നാ ചിത്രപ്രശ്ന"മാണ നോക്കുന്നതു്. എന്തു രസമാണെന്നോ! വൈജയന്തിയും മററും അതിൻെറ അടുത്തു വരികയില്ല.

ഒന്നാം—ഏതായാലും ഇതൊന്നു പറയണം, പരലോ ചരലോ?

രണ്ടാം—"ഇതു വെള്ളത്തിൽകിടന്നു തിളങ്ങും" എന്നല്ലേ പറഞ്ഞതു? കിടന്നു തിളങ്ങുന്നതു ചരലാണ്, പരൽ ഓടിനടന്നു തിളങ്ങുന്നതല്ലേ?

ഒന്നാം ഓടിനടന്നാലും ഒരേസമയത്തു് അതായതു തിളങ്ങുന്ന സമയത്തു്, ഒരിടത്തായിരിക്കണമല്ലോ. പരലാണ ഞാൻ നിശ്ചയിച്ചതു്.

രണ്ടാം—നിങ്ങൾ നിശ്ചയിച്ചെങ്കിൽ പിന്നെ എന്നോടു ചോദിച്ചതെന്തിനാ? ആട്ടെ വേറെ വാക്കു വല്ലതുമുണ്ടോ?

ഒന്നാം—സരൽ, കരൽ, ബരൽ, എന്നെല്ലാംനോക്കി. ഒന്നിനും അർത്ഥം ചേരുന്നില്ല.

രണ്ടാം ബാരൽ, ആയാലെന്താ? വീപ്പയേ, വീപ്പ. നല്ല മിനുസമുള്ള ലോഹംകൊണ്ടുണ്ടാക്കിയ വീപ്പ.

ഒന്നാം—അങ്ങനെ നോക്കിത്തുടങ്ങിയാൽ കഷണ്ടിയ്ക്കാകരുതോ, നല്ല മിനുസമുള്ള കഷണ്ടി.

രണ്ടാം—പക്ഷേ, അതിനു് 'രൽ' ഇല്ലല്ലോ. അതുകൊണ്ടു കഷണ്ടിയിൽ നോക്കണ്ടാ. ചൂരൽ ആയാലെന്താ?

ഒന്നാം ചൂരലിനു പോളീഷിട്ടു വെള്ളത്തിലിട്ടാൽ അർത്ഥം ശരിയാകും.

രണ്ടാം—എന്തിനു തലകളയുന്നു ചങ്ങാതി! ഈ വൈജയന്തിക്കാരനു യാതൊരു മര്യാദയുമില്ല. അവൻ 'ആരൽ' എന്നെഴുതിവെക്കും. അങ്ങനെയൊരു മത്സ്യമുണ്ടെന്നും അതു വെള്ളത്തിൽകിടന്നു എലക്ട്രിക് ബൾബുപോലെ തിളങ്ങുമെന്നും പറയും. നമ്മളെയൊക്കെ വിഡ്ഢികളാക്കുകയും ചെയ്യും. അവനു് സാഹിത്യവുമില്ല കാര്യവിവരവുമില്ല.

ഒന്നാം ഏയ്, അങ്ങനെ വരാനിടയില്ല. ഈ പ്രശ്നമൊക്കെ എഴുതിയുണ്ടാക്കുന്നവൻെറ തല അസാദ്ധ്യമായിരിക്കണം. ഒരു ചോദ്യത്തിനു തന്നെ ചരൽ, പരൽ, ആരൽ, ചൂരൽ എന്നെല്ലാം നമ്മൾ കിടന്നു കഷണിക്കുന്നതു കണ്ടില്ലേ? നല്ല വിദ്യാഭ്യാസവും ലോകപരിജ്ഞാനവുമുള്ള മിടുക്കന്മാരാരാണ്ടു് എഴുതുന്നതാണിതു്.

രണ്ടാം—പാവം, നിങ്ങളുടെ ശ്ലാഘ്യഗതി. നാലാംക്ലാസ്സിൽ തോററ ഒരു ശൂലപാണിവാര്യരാണ നിങ്ങളുടെ വൈജയന്തിപ്രശ്നത്തിൻെറ ഉടമസ്ഥൻ. ഉത്തരമെഴുതുന്നതും അയാൾ തന്നെ. ഒരു പള്ളിക്കൂടംവാദ്ധ്യാരാണ ചോദ്യങ്ങളെഴുതുന്നതു്. ഉത്തരം അയാൾക്കും അറിഞ്ഞുകൂടാ.

ഒന്നാം—നിങ്ങളിതൊക്കെ വെറുതേ അപഖ്യാതി പറയുകയാണ്, സമ്മാനം കിട്ടാഞ്ഞിട്ടു്.

രണ്ടാം—സമ്മാനം കിട്ടാഞ്ഞപ്പോൾ ഞാൻ അന്വേഷിച്ചു. അവരുടെ അൻപത്തഞ്ചാമത്തെ പ്രശ്നത്തിൻെറ മുകളിൽനിന്നു താഴോട്ടു് ഏഴ്—ഓർക്കുന്നുണ്ടോ? "ഇതുള്ളവരെ ആളുകൾ വെറുക്കും" ഞാൻ ശുണ്ഠി എന്നെഴുതി. ഉത്തരം വന്നപ്പോൾ "ചുണ്ടി" എന്നായിരുന്നു.

ഒന്നാം ശരിയാ, ശരിയാ ഞാനതിനു് "തെണ്ടി" എന്നാണെഴുതിയിരുന്നതു്. എനിക്കു് അതുംകൂടെ അഞ്ചു തെററായിരുന്നു.

രണ്ടാം—എനിക്കതുമാത്രമേ തെററിയുള്ളു. ഞാനതുകൊണ്ടു അതിൻെറ ആളിനെ കണ്ടുപിടിക്കാൻതന്നെ നിശ്ചയിച്ചു അങ്ങനെ അവരെ അയാളുടെ തയ്യൽകടയിൽവെച്ചു കണ്ടുപിടിച്ചു.

ഒന്നാം—തയ്യൽകടയോ?

രണ്ടാം—അതേ, ആശാരിയൊരു മിഷ്യൻ തയ്യൽക്കാരനാണ്. തുണിക്കഷണം വെട്ടിയിട്ടുന്ന വീഞ്ഞപ്പെട്ടിയിൽ 'ദി വൈജയന്തി ചിത്രപ്രശ്നം' എന്നെഴുതിവെച്ചിട്ടുണ്ടു് അതുവഴി ശിപായിക്കു കാണാൻ.

ഒന്നാം—ചുണ്ടി എന്നു എഴുതാൻ കാരണമെന്തെന്നു ചോദിച്ചോ?

രണ്ടാം—പിന്നെ, ഞാൻ ചോദിക്കാതെവിടുമോ? ശുണ്ഠി സംസ്കൃതമാണെന്നും മലയാളത്തിലാണ പൂരിപ്പിക്കേണ്ടതെന്നുമാണ അവൻെറ അഭിപ്രായം. അതുകൊണ്ടു ചുണ്ടി എന്നവനെഴുതിവെച്ചു.

ഒന്നാം—എന്നിട്ടു ആരോ വിഡ്ഢാൻ ചുണ്ടിയെന്നുതന്നെ എഴുതി ഒന്നാംസമ്മാനം വാങ്ങിച്ചുകളഞ്ഞതല്ലേ.

രണ്ടാം—അതു് അവൻെറ അളിയൻതന്നെയാ. ഒരു കൽപ്പണിക്കാരൻ

ഒന്നാം—ആ പണി നല്ലതല്ലല്ലോ. നമുക്കതിനുവല്ല, ഗുലുമാലും ഉണ്ടാക്കണമല്ലോ.

രണ്ടാം - എന്തു ഗുലുമാലുണ്ടാക്കാനാ? പ്രൊപ്രൈറ്ററുടെ തീരുമാനം അവസാനതീരുമാനമാണെന്നും അതിനെ ആക്ഷേപിക്കാൻ ആർക്കും അധികാരമില്ലെന്നുമാണ ആദ്യം പ്രസിദ്ധംചെയ്തിരിക്കുന്നതു്. ഇവന്മാരുടെകൂടെ ചേരുന്ന നമ്മളെ തൊഴിക്കണം.

ഒന്ന—ആട്ടെ ഈ പ്രസന്നാചിത്രപ്രശ്നം നല്ലതുപോലെ നടക്കുന്നതാണോ?

രണ്ടാം - പിന്നെ, സംശയമെന്താ? ഇത്ര കണിശമായും സത്യമായും നടക്കുന്ന ഒരു പ്രശ്നം വേറെ കാണുകയില്ല. നല്ല വിദ്യാഭ്യാസവും സത്യസന്ധതയുമുള്ള യോഗ്യന്മാർ നടത്തുന്നതാണതു്. ചേരുന്നെങ്കിൽ അതിൽ ചേരണം.

ഒന്നാം—ഞാനും മൂന്നുനാലുപ്രാവശ്യം ചേർന്നുനോക്കി. ഒന്നും കിട്ടിയില്ല. നിങ്ങൾക്കു കിട്ടിയോ?

രണ്ടാം—എനിക്കു കിട്ടാതിരിക്കയില്ല. സത്യമുള്ളവൻെറകൂടെ ചേർന്നാൽ എന്നായാലും കിട്ടും

ഒന്നാം—ഓ, ഞാനോർക്കുന്നു. കഴിഞ്ഞ പ്രസന്നപ്രശ്നത്തിൻെറ ഒന്നാംസമ്മാനം നിങ്ങടെ അനന്തരവനല്ലേ കിട്ടിയതു്! പിന്നെ നിങ്ങൾ ഈ പ്രസന്നക്കാരനെ എങ്ങനെ സ്തുതിക്കാതിരിക്കും? ആട്ടെ, അനന്തരവൻകൊച്ചൻ നല്ല വ്യുൽപത്തിയുള്ളവനാണോ? ബി. എ-ക്കാർക്കു പോലും കിട്ടാത്ത വാക്കു് അവനു കിട്ടിയല്ലോ.

രണ്ടാം ഉൽപത്തിയും വ്യുൽപത്തിയുമൊന്നുമല്ല കാര്യം ഇതൊക്കെയൊരു ഭാഗ്യമാ.

ഒന്നാം അവൻ ഇപ്പോൾ എന്തുചെയ്യുന്നു?

രണ്ടാം—സമ്മാനംകിട്ടുന്നതുവരെ വള്ളം ഊന്നുകയായിരുന്നു. ഇനി ഒരു മുറുക്കാൻകടതുടങ്ങാൻ ഭാവിക്കുകയാണ്.

(ഒരു അഞ്ചൽശിപായി പ്രവേശിച്ചു രണ്ടാമൻെറ പക്കൽ അഞ്ചെട്ടു കവറുകൾ കൊടുക്കുന്നു. ഒന്നാമൻ, അവയിലൊന്നിൻെറ മേൽവിലാസം "പ്രൊപ്രൈററർ ദി പ്രസന്നാ ചിത്രപ്രശ്നം" എന്നു ഉറക്കെ വായിക്കുന്നു. രണ്ടാമൻ എഴുത്തുകൾ ഒളിക്കാൻ ശ്രമിക്കുന്നു)

ഒന്നാം—(അത്ഭുതത്തോടെ) എടോ! താനാണോ ഈ പ്രസന്നത്തിൻെറ നടത്തിപ്പുകാരൻ?

രണ്ടാം—ഏതായാലും താൻ കണ്ടുപിടിച്ചുകളഞ്ഞല്ലോ അതെ. ഞാൻതന്നെയാണതിൻെറ പ്രൊപ്രൈററും മാനേജരും, പ്രശ്നമെഴുത്തുകാരനും എല്ലാം.

ഒന്നാം എടാ വിഡ്ഢാനേ! എന്നാൽ ഞാൻ കഴിഞ്ഞ പ്രസന്നാചിത്രപ്രശ്നത്തിനയച്ച രൂപയിങ്ങു തിരിച്ചുതരണം. അതുംകൂടെ കൂട്ടിയല്ലേ വള്ളംഊന്നുകാരനു മുറുക്കാൻകടവെച്ചുകൊടുക്കുന്നതു?

രണ്ടാം—എടോ പാവമേ! അതൊന്നും തിരിച്ചു തരാനുള്ളതല്ല പ്രൊപ്രൈററുടെ തീരുമാനം അവസാനതീരുമാനമാണെന്നറിഞ്ഞുകൂടേ?

ഒന്നാം—ഇതു് എന്നാൽ നിൻെറ അവസാനത്തെ ചിത്രപ്രശ്നവുമാണ്. എൻെറ രൂപാ തരുന്നോ ഇല്ലയോ?

രണ്ടാം—തരുന്നില്ല. കൊണ്ടുപോയി കേസ്സുകൊടുക്ക്.

ഒന്നാം—കേസ്സല്ലാ, നിന്നോടു പിടിച്ചുമേടിക്കാമോ എന്നുതന്നെ നോക്കട്ടേ.

(ഒന്നാമൻ രണ്ടാമനെ കയറിപിടിക്കുന്നു. അവർതമ്മിൽ പിടിച്ചുകൊണ്ടിരിക്കുമ്പോൾ മൂന്നാമതൊരാൾ പ്രവേശിക്കുന്നു. "വിടിൻ, വിടിൻ" എന്നുപറഞ്ഞു് മൂന്നാമൻ അവരുടെ ഇടയിൽ കയറി തടസ്സംപിടിക്കുന്നു. ഒന്നാമൻ, രണ്ടാമൻെറനേർക്കു പ്രയോഗിച്ച ഒരു തൊഴി മൂന്നാമൻെറ പുറത്തുകൊണ്ടു അയാൾ താഴെ വീഴുന്നു. ഒന്നാമനും രണ്ടാമനും ഇരുഭാഗത്തേയ്ക്കും ഓടിമായുന്നു.)

മൂന്നാമൻ ചാടിയെഴുന്നേററു് സന്തോഷവികസിതമായ മുഖത്തോടുകൂടി—"ആ, കിട്ടിപ്പോയി! തൊഴ! പ്രസന്നത്തിൻെറ മുകളിൽനിന്നു താഴോട്ടു്, "ഇതുപുറത്തേററാൽ നോവും" 'ഴി' മാത്രമേ കള്ളന്മാർ തന്നിട്ടുള്ളു. വഴി, മൊഴി, കുഴി എന്നെല്ലാം എത്രനോക്കി! തൊഴി, തൊഴി, തൊഴിതന്നെ!" സന്തോഷഭാവത്തോടുകൂടി പുറത്തിരുമ്മിക്കൊണ്ടുപോകുന്നു.

(കർട്ടൻ)



ശബരിമലദിനാചരണപ്രമാണിച്ചു് മിഥുനം ൧൭-ാംനു- കൊല്ലൂർവിളയിൽ ശ്രീരാമജയം ഉടമസ്ഥൻെറ വകയായും വക്കലയിൽ പൊതുജനങ്ങളുടെ വകയായും നടന്ന ഭജനമേളങ്ങളും ഘോഷയാത്രയും. ശ്രീരാമജയം വക ആചരണങ്ങൾ കുറിക്കുന്ന ചിത്രമാണു് മുകളിൽ കാണുന്നതു്.



(വക്കലെ ലൈന സ്റ്റുഡിയോ)

# സാരനാഥ്

കെ. എസ്സ്. പിള്ള, പന്തളം

(കഴിഞ്ഞ മിഥുനം ൪-ാം തീയതിയിലെ ലക്കത്തിൽനിന്നും തുടർച്ച)

വർഷകാലങ്ങളിൽ ബുദ്ധദേവൻ മിക്കവാറും സാരനാഥനിൽതന്നെയാണ് കഴിഞ്ഞിരുന്നത്. അദ്ദേഹത്തിനുശേഷം ശിഷ്യന്മാരിൽ പലരും അവിടെ താമസിച്ചുവന്നിരുന്നു. എന്നാൽ മൌര്യവംശം ശക്തിപ്രാപിക്കുന്നതിനുമുമ്പ് സാരനാഥിൽ ശാശ്വതമായ സ്ഥാപനങ്ങൾ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. അന്ന് ബുദ്ധമതം അത്രകണ്ട് അഭിവൃദ്ധി പ്രാപിച്ചിട്ടില്ലായിരുന്നു. ബി. സി. ൨൭൦-ൽ അശോകൻ ബുദ്ധമതം സ്വീകരിച്ചതോടുകൂടി സംഭവങ്ങളുടെ ഗതി മാറി. ബുദ്ധമതപ്രചരണാർത്ഥം ഇൻഡ്യ മുഴുവനും ഒരു സംഘം ബുദ്ധസന്യാസികളെ അദ്ദേഹം അയച്ചു. ബുദ്ധമതക്കാരുടെ പുണ്യസ്ഥലങ്ങളിൽ അനശ്വരമായ മനോഹര സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്ന ആ ചക്രവർത്തി സാരനാഥിൽ ബുദ്ധഭഗവാന്റെ ഭൌതികാവശിഷ്ടങ്ങൾ അടക്കം ചെയ്തിട്ടുള്ള ഒരു മോഹനസ്തൂപവും അതിന്റെ സമീപത്തായി ഒററക്കല്ലുകൊണ്ട് നിർമ്മിച്ച ഒരു വിശിഷ്ടസ്തംഭവും പണികഴിപ്പിക്കയുണ്ടായി. ആ സ്തംഭം ഇന്നുമുണ്ട് സാരനാഥിൽ; പക്ഷെ അത് ഇടയ്ക്കുവച്ചു ഒടിഞ്ഞുപോയി എന്നുമാത്രം.

ബുദ്ധമതം ക്രമേണ പരിപുഷ്ടമായതോടെ അനവധി സ്തൂപങ്ങളും, ക്ഷേത്രങ്ങളും, സന്യാസിമഠങ്ങളുംമററും സാരനാഥിൽ നിർമ്മിക്കയുണ്ടായി. എ. ഡി. ഏഴാംശതകത്തിൽ 'ഹ്യൂ ആൻ. ചാങ്ങ്' എന്ന പ്രസിദ്ധ ചീനസന്യാസി ആ പുണ്യഭൂമി സന്ദർശിച്ച അവസരത്തിൽ അവിടെ ഏതാണ്ട് ആയിരത്തിഅഞ്ഞൂറിൽപ്പരം ബുദ്ധസന്യാസികൾ പാർത്തിരുന്നതായി കണക്കാക്കിയിരിക്കുന്നു. ബുദ്ധഭഗവാൻ ഇരിക്കുന്നരൂപത്തിൽ നല്ല ഓടുകൊണ്ട് വാർത്ത മനോഹരമായ വിഗ്രഹം പ്രതിഷ്ഠിച്ചിരുന്ന പുരാതനവും ചരിത്രപ്രസിദ്ധവുമായ ഒരു ബുദ്ധമതദേവാലയം അവിടെ ഉണ്ടായിരുന്നു. ഏതാണ്ട് പന്ത്രണ്ടാംശതകത്തിന്റെ പ്രാരംഭഘട്ടത്തിലാണെന്നുതോന്നുന്നു, കന്യാകുബ്ജത്തിലെ രാജാവായ ഗോവിന്ദചന്ദ്രന്റെ ബുദ്ധമതവിശ്വാസിയായ രാജ്ഞി കുമാരീദേവി ബുദ്ധദേവന്റെ പാവനസ്മരണയ്ക്കായി ഒരു മനോജ്ഞമായ ക്ഷേത്രം സാരനാഥിൽ പണികഴിപ്പിച്ചു. എന്നാൽ പന്ത്രണ്ടാംശതകത്തിന്റെ അന്ത്യഘട്ടത്തിൽ മഹമ്മദീയർ ബനാറീസ് കൈവശമാക്കിയപ്പോൾ സമീപപ്രദേശമായ സാരനാഥിൽ ഉണ്ടായിരുന്ന ആ ക്ഷേത്രവുംമററും കൊള്ളചെയ്തു നശിപ്പിക്കുകയാണുണ്ടായത്. അങ്ങനെ ഇൻഡ്യയിലെ എന്നല്ല ഏഷ്യയിലെതന്നെ ബുദ്ധമതസംസ്കാരത്തിന്റെ ഏററവും പ്രധാനപ്പെട്ട കേന്ദ്രമായ സാരനാഥ് അനേകശതാബ്ദങ്ങളിലേയ്ക്കു വീണ്ടും ശൂന്യതയിൽ ലയിച്ചു. വിശ്വശാന്തിയുടെ ആ മനോഹരസങ്കേതം മൺമറഞ്ഞു വിസ്മൃതിയിലാണ്ടു.

സാരനാഥിന്റെ ആ കഷ്ടകാലം തീരുന്നത് ആയിരത്തി എഴുനൂററി തൊണ്ണൂററിമൂന്നിലാണ്. അന്നു ബനാറീസ്സംസ്ഥാനത്തെ ദിവാനായിരുന്ന 'ബാബു ജഗദ്സിംഗ്' ഏതോ ആവശ്യത്തിനായി അവിടെ ഉണ്ടായിരുന്ന ഒരു സ്തൂപം പൊളിപ്പിച്ചപ്പോൾ അതിൽനിന്നും കിട്ടിയ ചില ഭൌതികാവശിഷ്ടങ്ങളും തകിടുകളിലുള്ള രേഖകളും ആ സ്ഥലത്തിന്റെ കഴിഞ്ഞുപോയ ചരിത്രത്തെപ്പററി ചിന്തിക്കുവാൻ ഗവേഷണപടുക്കളെ അത്യന്തം പ്രേരിപ്പിച്ചു. ജഗദ്സിംഗ്, തനിക്കുകിട്ടിയ സാധനങ്ങൾ അന്നത്തെ ബനാറീസ്റസിഡണ്ടായിരുന്ന 'ഡങ്കൺപ്രഭു'വിനു സമർപ്പിച്ചു. അദ്ദേഹം തന്റെ "ഏഷ്യാഗവേഷണ"ത്തിൽ ആ തകിടുകളുംമററും ഏതോ ബുദ്ധസന്യാസിയുടേതുതന്നെയായിരിക്കണമെന്നു യുക്തിയുക്തംസമർത്ഥിച്ചിരുന്നു. പത്തൊൻപതാം നൂററാണ്ടിൽ ചില ഗവേഷണപടുക്കൾ സാരനാഥിലുള്ള പല ഭാഗങ്ങളും കുഴിച്ചു് അതിന്റെ ചരിത്രത്തിലെ മറിച്ചുനളളിയ താളുകളിൽ ചിലതു് നിവർത്തുനോക്കുവാൻ തുനിഞ്ഞിട്ടുണ്ട്. പക്ഷെ, ശരിയായി, ക്രമപ്രകാരമുള്ള ഗവേഷണം ൧൯൦൪-ൽ ഇന്ത്യാഗവൺമെന്റിന്റെ പുരാണവസ്തുഗവേഷണവകുപ്പുകാർ മാത്രമാണ് തുടങ്ങുന്നതു്. അവരുടെ അക്ഷീണയത്നത്തിന്റെ ഫലമായി പലതും അവിടെനിന്നും കണ്ടുകിട്ടിയിട്ടുണ്ട്. ഇന്നും ആ ഗവേഷണം തുടർന്നുകൊണ്ടേ ഇരിക്കുന്നു.

സാരനാഥിൽ എത്തുന്ന സന്ദർശകർക്ക് ആദ്യമായി ദൃശ്യമാകുന്നതു് അതിനു് ഏതാണ്ട് അരമൈൽ തെക്കായി സാരനാഥ്റോഡിന്റെ ഇടത്തുവശത്തായി കാണുന്ന ഒരു സ്തൂപം ആണ്. ബുദ്ധദേവൻ അദ്ദേഹത്തിന്റെ ജ്ഞാനലബ്ധിക്കുശേഷം ഗയയിൽനിന്നും തിരിച്ചുവന്നപ്പോൾ തന്റെ പഴയ പഞ്ചശിഷ്യന്മാരെ അവിടെവച്ചാണ് കണ്ടുമുട്ടിയതു്. ആ സ്തൂപത്തിന്റെ മുൻവശത്തുള്ള പ്രവേശനദ്വാരത്തിന്റെ ഉപരിഭാഗത്തായികൊത്തിയിട്ടുള്ള വാചകങ്ങളിൽനിന്നും മുഗൾചക്രവർത്തിയായിരുന്ന അക്ബർ എ. ഡി. ൧൫൮൮-ൽ തന്റെ പിതാവായ ഹുമയൂണിന്റെ സാരനാഥസന്ദർശനസ്മാരകമായി അവിടെയുണ്ടായിരുന്ന പഴയ സ്തൂപത്തിന്റെ മുകളിൽ എട്ടുവശങ്ങളുള്ള ഒരു സ്തംഭം പണികഴിപ്പിക്കയുണ്ടായി എന്നു മനസ്സിലാക്കാം. പിൽക്കാലങ്ങളിൽ അതിനു് ഹുമയൂൺ സ്തംഭം അഥവാ "ചൌകണ്ടിസ്തൂപം" എന്നു പേരുകിട്ടി. അതിന്റെ മുകളിൽനിന്നും ലഭിക്കുന്ന വിചിത്രസുന്ദരമായ ആ വിജനഭാഗത്തിന്റെ കാഴ്ച ഹൃദയാവർജ്ജകമാത്രം! പരിഷ്കാരത്തിന്റെ പൊടിപോലുമേൽക്കാത്ത തനിനാട്ടിൻപുറം, പച്ചപ്പുല്ലുപാകിയ വിശാലമായ മേച്ചിൽത്തകിടികൾ, ഫലപുഷ്ടിയുള്ള കൃഷിസ്ഥലങ്ങൾ, മനോഹരമായ തോട്ടങ്ങൾ—അങ്ങകലെയായി ഇടതിങ്ങിവളരുന്ന ഫലസമൃദ്ധമായ പേരച്ചെടികൾ, നിരന്നുകിടക്കുന്ന ശോഭനങ്ങളായ വൃക്ഷങ്ങൾ, പച്ചനിറഞ്ഞ 'റാമ്ബാറി'ത്തോട്ടങ്ങൾ—അങ്ങനെ സന്ദർശകഹൃദയങ്ങൾക്ക് അത്ഭുതവും അതിൽകവിഞ്ഞ ആനന്ദവും നൽകുന്നതിന് തികച്ചും പര്യാപ്തമാണ് അവിടത്തെ ആ വിജനസൗന്ദര്യം.

അല്പംകൂടി നടക്കാം. അതാ റോഡിന്റെ വലതുവശത്തായി കാണുന്ന ആ വലിയ കെട്ടിടമാണ് പുരാതനവസ്തുഗവേഷണവകുപ്പുവക കാഴ്ചബംഗ്ലാവ്. രാവിലെ ഏഴുമണിമുതൽ പതിനൊന്നുമണിവരെയും, വൈകിട്ട് മൂന്നുമണിമുതൽ ആറുമണിവരെയും മാത്രമേ അവിടെ സന്ദർശനം അനുവദിച്ചിട്ടുള്ളു. അകത്തുപ്രവേശിക്കുന്നതിനു സന്ദർശകർ രണ്ടണവിലയുള്ള ടിക്കററുവാങ്ങണം. ഒടിഞ്ഞുപോയ അശോകസ്തംഭത്തിന്റെ അഗ്രഭാഗം അവിടെയാണ് സൂക്ഷിച്ചിരിക്കുന്നതു്. പുറംതിരിഞ്ഞിരിക്കുന്ന നാലു സിംഹങ്ങളാണ് ആ സ്തംഭത്തിന്റെ അഗ്രത്തിലുള്ളതു്. നാലുചെറിയ ധർമ്മചക്രങ്ങളാൽ വേർതിരിക്കപ്പെട്ട സംവിതാനത്തിന്റെ നാലു മുഖങ്ങളിലും ഉന്തിനിൽക്കുന്ന ഒരു ആനയേയും, ഒരു കുതിരയേയും, ഒരു കാളയേയും ഒരു സിംഹത്തെയും അവിടെ കാണാം. ആ ഭാഗത്തിന്റെ ഉപരിതലത്തിലുള്ള ഒരു വലിയ ധർമ്മചക്രത്തിന്റെ പുറത്തായിട്ടാണ് മേല്പറഞ്ഞ സിംഹങ്ങൾ നില്ക്കുന്നതു്. ചെറിയ ധർമ്മചക്രങ്ങളെ അധോഭാഗത്തായി കടപോലെ കീഴ്പോട്ടുചായുള്ള ഒരു പത്മം കാണാം. സ്തംഭത്തിലെ ധർമ്മചക്രമാണ് ഇന്നത്തെ ഇന്ത്യൻ ദേശീയപതാകയിൽ കാണുന്നതു്. സിംഹങ്ങളുംമററുമുള്ള സ്തംഭാഗ്രമാണ് ഇന്ത്യാഗവൺമെന്റിന്റെ ഇപ്പോഴത്തെ ഔദ്യോഗികമുദ്ര. ഭാരതീയരുടെ ധൈര്യത്തെയും ത്യാഗത്തെയും, സത്യസന്ധതയേയും സമാധാനത്തേയും, വിശ്വാസത്തെയും ദാക്ഷിണ്യത്തെയും, പ്രതിനിധീകരിച്ചിരിക്കുന്ന ത്രിവർണ്ണപതാകയിലെ പരിപാവനതയുടെ പ്രതിഫലനമായ പ്രസ്തുതധർമ്മചക്രം ആധുനികഭാരതത്തെ പുരാതനഭാരതവുമായി സംഘടിപ്പിക്കുകയും നമ്മുടെ - ഭാരതീയരുടെ—പാരമ്പര്യസ്വത്തായ ആ അനശ്വരസംസ്കാരത്തെ ഉച്ചൈസ്തരം ഉൽഘോഷിക്കുകയും ചെയ്യുന്നു. ബുദ്ധദേവന്റെയും ബോധിസത്വത്തിന്റെയും പ്രതിമകൾ, ഹിന്ദുമതക്കാരുടെയും ജൈനമതക്കാരുടേയും പുരാതനകാലങ്ങളിലെ സംസ്കാരങ്ങൾക്ക് ഉത്തമലക്ഷ്യംവഹിക്കുന്ന അനവധി ശില്പവേലകൾ, ബുദ്ധന്റെ ജീവിതത്തിലെ ഭിന്നഘട്ടങ്ങൾ വളരെ തന്മയത്വമായി കരിങ്കല്ലിൽ കൊത്തിവച്ചിട്ടുള്ളതു്. പകുതിപ്പണിമാത്രമാക്കിയിട്ടുള്ളതും ഉടഞ്ഞുപോയിട്ടുള്ളതുമായ അനവധി കരിങ്കൽപ്പണിത്തരങ്ങൾ, പഴയകാലങ്ങളിൽ ബുദ്ധമതസന്യാസിമാരും സന്യാസിനിമാരും മററും ഉപയോഗിച്ചിരുന്ന പലവിധ പാത്രങ്ങൾ ആഭരണങ്ങൾ മുതലായി പലപല കാഴ്ചകളുമുണ്ട്, അവിടെ കാണാൻ.

(ശേഷം പതിനാറാംപേജിൽ)

## വനമഹോത്സവം — ന്യൂഡെൽഹിയിലെ ചടങ്ങുകൾ





മുകളിൽ—പ്രധാനമന്ത്രി പണ്ഡിറ്റ് നെഹ്റു രാജ്ഘട്ടത്തിൽ വൃക്ഷത്തിന്റെ തൈ നടുകയുണ്ടായി. നട്ടുകഴിഞ്ഞശേഷം അതിനു വെള്ളമൊഴിക്കുന്നു. താഴെ—മദ്രാസിൽ റിപ്പൺമന്ദിരത്തിനു പിന്നിൽ പുതുതായി നിർമ്മിച്ച പാർക്കിൽ വനമഹോത്സവംപ്രമാണിച്ച് ചീഫ്മിനിസ്റ്റർ ശ്രീ. കാമരാസ്വാമിരാജ വൃക്ഷം നടുന്നു.

# ഗ്രന്ഥവിഹാരം

## കുളമ്പടി

—ഠ

ഗ്രന്ഥകർത്താ, ഒളപ്പമണ്ണ
പ്രസാധകർ
മംഗളോദയം ലിമിററഡ്
തൃശ്ശിവപേരൂർ
വി-അ-ഫ.

ഗന്ധർവൻ എന്ന ഗന്ധർവൻ—നമ്പൂതിരിമാരുടെ ഭാഷയിൽ പറയുകയാണെങ്കിൽ ധിക്കൃതമാനസശയനാമവനും ദിക്പാലാധിപസഖ്യമദാന്ധനായി കതരസ്സവന്തിയിലേപ്പെട്ട് വരുത്തിവച്ച ശല്യമാല്യകൾ പുരാണപ്രസിദ്ധമാണ്. നമ്മുടെ ഗാനഗന്ധർവനായ ശ്രീ: ഒളപ്പമണ്ണയും പടക്കുതിരപ്പുറത്തു കേറിയിരിക്കയാണ്. ആ ജൈത്രയാത്രയുടെ മുദ്രകളാണ് കുളമ്പടി. ആ ഘോഷയാത്രയെ അദ്ദേഹം തന്നെ വിവരിക്കുന്നു, ആത്മപ്രശംസ നടന്നുകൊണ്ടും. നോക്കുക, വഴിവക്കത്തുള്ള മലക്കാവുകൾ കടക്കണ്ണുകൊണ്ടു മാടിവിളിച്ചു, കുണുങ്ങിപ്പായുന്ന കൊച്ചരുവികൾ പൊട്ടിച്ചിരിച്ചു, കുതിരപ്പുറത്തു കേറിവരും കുഞ്ഞ് തമ്പുരാട്ടിയുടെ കൊഞ്ചുമീശയൊക്കെത്തങ്കം, എന്നു പദ്ദേൾ ക്രുകിവിളിച്ചു എന്നു പറഞ്ഞെങ്കിൽ അതിൽ കുറച്ചു സ്വാഭാവികതയുണ്ടായിരുന്നേനേ.

എന്തായാലും വഴിവക്കത്തുള്ള കണ്ണുകാട്ടലിൽ ആ ഉണ്ണി നമ്പൂരിത്തം നിശ്ശേഷം മണ്ണടിഞ്ഞുപോയിട്ടില്ലെന്നു നമുക്ക് ആശ്വസിക്കാം. വംശീകരണവിദ്യയിലേർപ്പെട്ട ഒളപ്പമണ്ണ ബ്രഹ്മാണ്ഡങ്ങളെ ഭേദിച്ചു മൂലസ്ഥാനത്തേക്കു തന്നെ പായുകയാണ്. ആ ലക്ഷ്യസ്ഥാനത്തേക്കുള്ള പ്രയാണത്തിൽ യാതൊരു പ്രതിബന്ധങ്ങളും പ്രബന്ധങ്ങളും അദ്ദേഹത്തിനു പ്രതിരോധമാകുകയില്ല. ആ ലക്ഷ്യത്തിലെത്തിയേ ഇനി വിശ്രമമുള്ളൂ എന്നു നമുക്കാശ്വസിക്കാം.

ഈ വംശാസപ്രമാണം നമ്മുടെ മുൻപിൽ നിരത്തിയിട്ടാണ് കുളമ്പടിപ്പാട്ടു കവി നമ്മെ കേൾപ്പിച്ചുതുടങ്ങുന്നത്. ഒരു കാര്യം പറയപ്പെട്ടതാൻ വിട്ടുപോയി. അദ്ദേഹത്തിന്റെ ഗാനങ്ങൾക്കു സംഗീതത്തിനോടുള്ളതിലും കൂടുതൽ ഇടിവെട്ടിനോടാണ്. വളരെ അടുത്തു ബന്ധമുള്ളതല്ല സംഗീതവും ഇടിവെട്ടും. ചടപടെച്ചടപടെ ചുവടുവച്ച്, എന്നു കവിത തന്നെ ഇതിൽ ഒരു വേഗത്തു കുറിച്ചുകാണുന്നതിൽ നിന്നു വെറും കുളമ്പടി ഘോഷമല്ലാതെ മററൊന്നും ഇതിൽ പ്രതിധ്വാനക്കുന്നില്ലെന്നു സ്പഷ്ടവുമാണ്. ആ ശബ്ദഘോഷംമാത്രം ആയിരുന്നെങ്കിലും സഹിക്കാം. തോട്ടിയും തോട്ടിയുടെ മകനുംകൂടി സാഹിത്യത്തിൽ പരത്തിയ ബീഭത്സവും ജുഗുപ്സാവഹവുമായ പൂതിഗന്ധം, ആ അമേധ്യഗന്ധം നമ്പൂതിരിയുടെ കുളമ്പടിയിൽ നിന്നു കിളമ്പുന്നത് അതിലുമേറെ ഖേദനീയമായിട്ടുണ്ട്. പക്ഷേ ഈ അമേധ്യബന്ധം കുളമ്പടി എന്ന ഗ്രന്ഥനാമത്തിനു ഉപപന്നമാകുന്നുണ്ടെന്നു പറയാതെ തരമില്ല. അന്ധമായ പുരോഗമനത്തിൽ ഇത്തരം മാലിന്യങ്ങൾ പുരണ്ടുപോകുന്നതിലതിശയിപ്പാനുമില്ല. പത്തുലഘുകവിതകളാണ് കുളമ്പടിയിലുള്ളത്. മലയാളത്തിൽ അത്ര അധികം ആയിക്കഴിഞ്ഞിട്ടില്ലാത്ത പ്രേരകഗീതങ്ങളുടെ ഗണനയിലാണ് ഇതുപെടുന്നത്. സാമൂതിരിയേയും കൊച്ചീരാജാവിനേയും മൈസൂർമഹാരാജാവിനേയും കുതിരയെ ഉന്തി ഇൻസ്റ്റരശിൽപ്പെടുത്തയിരിക്കുന്നത് ഒരു കളിവട്ടമായിമാത്രമേ കണക്കാക്കാനുള്ളൂ. ഒരു തികഞ്ഞ ആർ എസ്-കാരന്റെ അഖണ്ഡഭാരതവിഭക്ഷമുതൽ പ്രതിപാദിന്നങ്ങളായ പല രാഷ്ട്രീയാദർശങ്ങളിലും ഈ കുളമ്പടി പതിഞ്ഞുകാണാം. വയലാറും ഇരിക്കൂറും തമ്മിൽ കൈകോർത്ത് ഐക്യകേരളസൃഷ്ടിനടനം കാണാനാഗ്രഹിക്കുന്നു. വളരെക്ലേശങ്ങൾ സഹിച്ച് തുറമുഖത്തടുപ്പിച്ച കപ്പൽ രണ്ടായി പിളർന്നുകണ്ട് കണ്ണുനിറഞ്ഞുപോകുന്ന കപ്പിത്താനെ നാം ആദ്യം കാണുന്നു. സാമൂതിരിപ്പാടാണെങ്കിൽ കുളമ്പടിയിൽ വെറും ഞാഞ്ഞൂല് മാത്രം. കൊച്ചിരാജാവ് എൺപതാമത്തെ വയസ്സിൽ ഐക്യകേരളാനുഗ്രഹത്തിന് കാക്കപ്പൊൻമുടിചൂടിയിറങ്ങിയ രാജവേഷധാരി പാലിയം സത്യഗ്രഹത്തിലേപ്പെട്ട് താമാസിനിയായ അന്തർജ്ജനത്തിന്റെ 'അടിത്തമ്പലാതാ മസമതാമിവയോടുള്ളടരാട്ടത്തിനുള്ള വട്ടംകൂട്ടൽ, കാസിംറാസാവിയുടെ വീരവാദത്തെ പിടിച്ചെറ്റകളിയാക്കൽ, ഹിമവാന്റെ ശാഖയിൽ (?) ക്രമന്മാരും സഹ്യനിൽ ചെന്നായ്ക്കളും ഉള്ളതിനാൽ സ്വാതന്ത്ര്യോദയമായിട്ടില്ലെന്ന തോന്നൽ, അടുത്ത അടിവയ്പ്പിൽ നവയുഗം വന്നുവെന്ന വെമ്പൽ, പൈലിച്ചട്ടന്റെ നെട്ടോട്ടവിയും തൊട്ടിയും കൊണ്ടുള്ള ദുർഗ്ഗന്ധവമിക്കൽ, ഭാരതം വിഭക്തമായതോടുകൂടി വിഗതപ്രാണയായ ഭാരതാംബയ്ക്കു ശ്രാദ്ധമൂട്ടുകയാണ് വേണ്ടതെന്ന ഉൽബോധിപ്പിക്കൽ, എന്നീക്രമത്തിലാണ് കുളമ്പടിപോകുന്നത്. അടുത്തുകഴിഞ്ഞ രാഷ്ട്രീയസംഭവവികാസങ്ങളുടെ ഈ കാവ്യജീവിതവൃത്തി അവിസ്മരണീയമാംവിധം രേഖപ്പെടുത്തുവാൻ കവിക്കു കഴിഞ്ഞിട്ടില്ല. 'ശക്തിരനിപുണതാ' എന്നുതുടങ്ങുന്ന പ്രാചീനകവോപദേശങ്ങളെ പുച്ഛാപഹാസ്യം ആഹാസിച്ചുതള്ളുന്ന കൂട്ടരുടെ മുൻപിൽ പൃഥ്വസംസ്കാര ടികളായ ഭോഷ്ക്കുകുട്ടികളെ നിരത്തി പ്പെടുന്നതുകൊണ്ടൊന്നും അവർ നന്നാകാനും പോകുന്നില്ല. പഞ്ചസുഷയുടെ കൈമൊഴിപ്പാൻ പിണിട്ടുള്ള സുവർണ്ണങ്ങളെ തട്ടിപ്പുരത്തി ചില ഇമിറേറഷൻ പാഷാണങ്ങൾ കല്പിച്ചുകൂട്ടുന്ന ഇന്നത്തെ പണിത്തരങ്ങളിൽ ഇതും പെടുന്നുണ്ട്. പക്ഷേ പൊന്നിന്റെ ചണ്ടത്തെപ്പോലും അതിന് വിലയുള്ള സാകാതിരിക്കയില്ലല്ലോ.

—0—

## വെൺമാടത്തിലെ റാണി

—o—

ഗ്രന്ഥകർത്രി,
കെ. ഭാരതിഅമ്മ
പബ്ലിഷേഴ്സ്
ആർ. കെ. പ്രസ്സ്, ആലപ്പുഴ.
വി-രൂ-ഫ. അ-ര്.

ഒരു സാമുദായികകഥയ്ക്കു സമുചിതമായ പശ്ചാത്തലത്തിലാണ് വെൺമാടത്തിലെ റാണിയുടെ സംവിധാനം. ഒരു സാധാരണജീവിതവൃത്തിയുടെ സമഞ്ജസമായ ചിത്രീകരണം ആദ്യം ദൃശ്യമാകുന്നു. ഇതിലെ കഥാനായികയായ ശാന്തകുമാരി ചെറുപ്പത്തിലെ ഉണ്ടായ മാതാപിതാക്കന്മാരുടെ മരണംനിമിത്തം ജ്യേഷ്ഠസഹോദരനായ രാഘവൻകുട്ടിയുടെ സംരക്ഷണയിൽ വളരുന്നു. ബാലികാജനങ്ങൾക്ക് അനുകരണീയമായ വിനയാദിഗുണങ്ങളുടെ വിളനിലമായി വിളങ്ങുന്ന ആ ബാലികാലലാമം സഹോദരഭാര്യയുടെ ദുഷ്ടിധകളെ നിശ്ശബ്ദം സഹിച്ചു കുടുംബസുഖം പുലർത്തുന്ന മനസ്വിനിയായി പരിശോഭിക്കുന്നു. ശാന്തകുമാരിയുടെ ഈ ശാന്തസ്വഭാവത്തെ അന്യഥാ വ്യാഖ്യാനിച്ചു അന്യായമായവിധം സഹോദരഭാര്യ അവളെ ദ്രോഹിക്കുന്നതു സ്ത്രീസ്വഭാവത്തിന്റെ മറെറാരു മാതൃകയായി ഗ്രന്ഥകർത്രി നമുക്ക് പരിചയപ്പെടുത്തിത്തരുന്നു. ഈ കഷ്ടപ്പാടിൽനിന്നു ശാന്തകുമാരി രക്ഷപ്പെട്ടു ദുഃഖിക്കുന്നവർ സുഖിക്കും എന്ന വിശ്വാസത്തിനു ഉപോൽബലമായി ശുഭപര്യവസാനത്തിൽ കഥ എത്തിച്ചേരുന്നു. കേവലം ഒരു ഗ്രാമീണബാലികയായ ശാന്തകുമാരിയെ യുവരാജാവിന്റെ ദൃഷ്ടിയിൽ പെടുത്തി അദ്ദേഹത്തിന്റെ പ്രേമഭാജനമാക്കി വെൺമാടത്തിലെ റാണിയായി ഉയർത്തിക്കൊണ്ടുപോകുന്നതിൽ കഥയുടെ സാമുദായികസ്വഭാവം നശിച്ചു അതിനൊരു വിക്രമാദിത്യൻകഥാഛായവന്നുപോകുന്നുണ്ടെന്നു പറയാതെ തരമില്ല. അതുപോലെ തന്നെ സ്വഭാവസംശുദ്ധിയുള്ള ആ അഭിജാതനായികയെ പ്രച്ഛന്നവേഷധാരിയെങ്കിലും യുവരാജാവെന്നു ഗ്രന്ഥകർത്രിക്കു ബോധ്യമുള്ള ആ പ്രമുഖവ്യക്തിയെക്കൊണ്ടു സൗഹൃദമുദ്രയായ പ്രഥമചുംബനം നടത്തിക്കുന്നതും അല്പം കടന്നകൈയായിപ്പോയിയെന്നുവേണം പറയുവാൻ. നായികാനായകന്മാരുടെ സൃഷ്ടിയിൽ ആദർശപ്രവണത ശരിയായവിധം പാലിച്ചുകൊണ്ടുപോകുന്നതിൽ ബദ്ധപരികരയായിനില്ക്കുന്ന ഗ്രന്ഥകർത്രി ഈ ഔചിത്യമില്ലായ്മയെങ്ങനെ സമ്മതിച്ചുവെന്നു നമുക്കു ചോദിക്കാൻ തോന്നിപ്പോകുന്നു. കഥാകുതുകികൾക്കു രസിക്കാവുന്നവിധമുള്ള സന്ദർഭങ്ങളും ലളിതമായ പ്രതിപാദനവിധാനങ്ങളും ഈ ഗ്രന്ഥത്തെ ആകർഷകമാക്കുന്നുണ്ട്. കഥാലോകത്തിൽ പ്രസിദ്ധയായ കെ. ഭാരതിഅമ്മയുടെ ഈ പുതിയ പ്രപഞ്ചനം പ്രോത്സാഹനാർഹമാംവിധം വിജയമായിട്ടുണ്ട്.

(സി. എം. പി.)

—o—

## നടനനികേതനം, മദ്രാസ്

ഡാൻസർ ശ്രീ. ഗോപിനാഥൻ മദ്രാസ്സിൽ നടത്തിപ്പോരുന്ന നടനനികേതനത്തിന്റെ അഭ്യസനപരിപാടിയും റിപ്പോർട്ടും പ്രസിദ്ധീകരിച്ചിരിക്കുന്നു. ദക്ഷിണേന്ത്യയിൽ പ്രചാരത്തിലിരിക്കുന്ന നൃത്തസമ്പ്രദായങ്ങളിൽ അഭ്യസനം നൽകുവാനും ആ കലയുടെ മാഹാത്മ്യം പുനഃസ്ഥാപിക്കുവാനും വേണ്ടിയാണ് നടനനികേതനം സ്ഥാപിതമായിട്ടുള്ളതെന്നു ശ്രീ: ഗോപിനാഥൻ ഇതിൽ പ്രസ്താവിച്ചിരിക്കുന്നു. കഥകളിയിലും ഭരതനാട്യത്തിലും പരിശീലനം നൽകുന്ന ക്ലാസ്സുകൾ ഈ സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നുണ്ട്. നമ്മുടെ പട്ടണങ്ങളിലും നാട്ടിൻപുറങ്ങളിലുമുള്ള വിനോദപ്രകടനങ്ങളിലെല്ലാം ഒരു സാധാരണഘടകമായിത്തീർന്നിരിക്കുന്ന ഭരതനാട്യം കണ്ടിട്ടുള്ളവർക്കും കണ്ടു സഹിക്കേണ്ടിവന്നിട്ടുള്ളവർക്കുമെല്ലാം ആ കലാപ്രസ്ഥാനത്തിന് ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന അതിശോച്യമായ അപകർഷം ബോധ്യപ്പെട്ടിരിക്കണം. നാട്യകലയെപ്പററിയുള്ള ശാസ്ത്രീയപരിജ്ഞാനം തികച്ചും നഷ്ടപ്പെട്ടത്, ചയംവുരട്ട്, പട്ടെഴുത്തുകൊണ്ടുള്ള ഒരുതരം തുള്ളലുകൾക്കെല്ലാം ഭരതനാട്യമെന്നപേരിൽ പ്രചാരണം ലഭിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ ശാസ്ത്രീയമായി ആ കല കൈകാര്യംചെയ്യുവാൻ കഴിവു സമ്പാദിച്ചിട്ടുള്ള ശ്രീ ഗോപിനാഥൻ ഇങ്ങനെയൊരു സ്ഥാപനം നടത്തുന്നതു പലവിധത്തിലും പ്രയോജനപ്രദമാണ്.

കഥകളിയും ഭരതനാട്യവും ഡിപ്ലോമാകോഴ്സിന് നാലുവർഷമാണ് പഠിക്കേണ്ടത്.

—0—

## കൊച്ചിൻ സ്കൂൾ ആഫ് ആർട്ട്സ്

ആർട്ടിസ്റ്റ് മി: രാമന്റെ നേതൃത്വത്തിൽ എറണാകുളത്തു നടത്തിവരുന്ന കൊച്ചിൻ സ്കൂൾ ആഫ് ആർട്ട്സിൽനിന്ന് പ്രസിദ്ധീകരിച്ചിരിക്കുന്ന ല[illegible]ലഖ കൈപ്പുസ്തകം ലഭിച്ചിരിക്കുന്നു. ഹ്രസ്വ വർഷത്തോളം പഴക്കവും അഭിമാനിക്കത്തക്ക പാരമ്പര്യവും ഉള്ള ഈ സ്ഥാപനത്തിന്റെ ജനയിതാവായ മി: രാമൻ കേരളീയചിത്രകലയുടെയും ശില്പകലയുടെയും പ്രസിദ്ധി ഉത്തരേന്ത്യയിൽക്കൂടി പരത്തുവാൻ കഴിഞ്ഞിട്ടുള്ള ഒരനുഗ്രഹീതകലാകാരനാണ്. അദ്ദേഹത്തിന്റെ കലാസമ്പത്തുകളുമായി അടുത്തു പരിചയിച്ചിട്ടുള്ള സർ, സി. വി. രാമൻ, രാജകുമാരി അമൃതകൗർ തുടങ്ങി പ്രമുഖരായ പലരും അദ്ദേഹത്തെപ്പററിയും അദ്ദേഹത്തിന്റെ കലാപ്രസ്ഥാനത്തെപ്പററിയും രേഖപ്പെടുത്തിയിട്ടുള്ള അഭിപ്രായങ്ങളെല്ലാം ഈ ലഘുപത്രികയിൽ ഉദ്ധൃതമായിട്ടുണ്ട്. കലാഭിരുചിയുള്ളവരെ പരിശീലിപ്പിക്കുന്നതോടൊപ്പം ഗവൺമെൻറുപരീക്ഷകൾക്ക് ചേരുവാൻ അവരെ പഠിപ്പിക്കുകയും ചെയ്യുവരുന്നതായി ഇതിൽ കാണുന്നു. ഭാരതീയചിത്രകലയുടെ ഈ നവോത്ഥാനഘട്ടത്തിൽ അനുഗ്രഹീതരായ അനേകം സമുദ്ധൃതീത്ഥാടകരെ സജ്ജരാക്കിവിടുവാൻ പരിശ്രമിക്കുന്ന മി: രാമന്റെ സംരംഭം തികച്ചും അനുമോദനാർഹമാണ്. കൂടുതൽകൂടുതൽ കലാപരിശീലനകേന്ദ്രങ്ങൾ ആവശ്യമായിരിക്കുന്ന ഈ സന്ദർഭത്തിൽ മി: രാമന്റെ സംഭാവന കൃതജ്ഞതാപൂർവ്വം കേരളീയർ സ്വീകരിക്കുമെന്നും തികച്ചും പ്രോത്സാഹനമർഹിക്കുന്നവയായ അദ്ദേഹത്തിന്റെ സംരംഭങ്ങൾക്ക് വേണ്ട സഹായസഹകരണങ്ങൾ നൽകുമെന്നും ആഗ്രഹിക്കുന്നു.

– ഓംചേരി—

— o —

# 'സൗഗന്ധിക'ത്തിലെ മനോധർമ്മരംഗങ്ങൾ

ടി. എസ്. അനന്തസുബ്രഹ്മണ്യം

"കാന്താചിന്തിക്കിലിതിലേറെയെന്തൊരു സന്താപമിന്നിഹമേ" എന്നു പറഞ്ഞുകഴിഞ്ഞ പാഞ്ചാലിയോടൊന്നിച്ചു ആത്മന്മാരായ പാണ്ഡവന്മാർ തീർത്ഥങ്ങൾ സേവിച്ചുവരുന്ന വനവാസകാലത്തു ദൈവഗത്യാ ദ്രൗപതികയ്യിൽ ഒരു കസുമം വന്നുചേരുന്നു. അതാണല്ലോ സൗഗന്ധികമെന്നും കൽഹാരപുഷ്പമെന്നും ഭാരതപുരാണത്തിൽ കാണുന്നത്.

തതഃ പൂർവോത്തരേ വായുഃ
പ്ലവമാനോ യദൃച്ഛയാ
സഹസ്രപത്രം അർക്കാഭം
ദിവ്യംപത്മം ഉപാഹരത്
തദപശ്യത പാഞ്ചാലീ
ദിവ്യഗന്ധം മനോരമം
അനിലേനാ ഹൃതം ഭൂ വ
പതിതം ജലജം ശുചിഃ

എന്നു ഭാരതത്തിൽ കാണുന്നതിനാൽ ഈ പുഷ്പം താമരപ്പൂവിന്റെ ഒരു വകഭേദമാണെന്നു അനുമാനിക്കേണ്ടി ഇരിക്കുന്നു. ഈ പുഷ്പത്തിന്റെ അപരിമിതമായ ഘ്രാണശക്തിയാൽ അപഹൃതചിത്തയായ പാഞ്ചാലിക്ക അവയിൽ ആസക്തിജനിക്കുന്നു. ആ മോഹം തന്റെ ഭർത്താക്കന്മാരിൽ ഒരാളായ മാരുതീപുത്രനോടു പറയേണ്ടതാമസം "ശൈലമുകളിലെന്നാലും ശക്രലോകത്തിലെന്നാലും വിക്രമേണ സാധിച്ചുപോരാമെന്ന" വീരവാദം പറഞ്ഞു ഭീമൻ ഗദാധാരയായി 'കല്ലുംമരങ്ങളുംതകർത്തുകൊണ്ടു" പുറപ്പെടുന്നു. മാർഗ്ഗമദ്ധ്യേ വഴിമുടക്കിക്കിടന്നിരുന്ന തന്റെ ജ്യേഷ്ഠൻ ആഞ്ജനേയസ്വാമിയോടു അറിയാതെ പോരാടി ഒടുവിൽ ആ ദേവന്റെ അനുഗ്രഹവുംവാങ്ങി കുബേരമന്ദിരത്തിൽചെന്നു കുസുമങ്ങൾ കൊണ്ടുവരുന്നു. അവയെ പാഞ്ചാലികയ്യിൽ സമർപ്പിച്ചു 'കൽഹാരകുസുമങ്ങളെ ഉല്ലസമോടു ധരിച്ചാലും' എന്നു പറയുന്നു. ഇങ്ങനെയാണു കഥാവസാനം കാണുന്നത് കഥകളിയിലും തുള്ളലിലും.

പുഷ്പങ്ങളുടെ ആവശ്യം എന്താണെന്നു നാം പരിശോധിക്കുക. മണത്തുനോക്കുവാനും മാലയാക്കി കണ്ഠാഭരണമായി അണിയുവാനും തലയിൽ ചൂടുവാനുമാണല്ലോ നാം പുഷ്പങ്ങളെ ഉപയോഗിക്കാറ്. ഈ പുഷ്പങ്ങൾ പാഞ്ചാലിക്കു ലഭ്യമായപ്പോൾ ഏതുവിധമാണ് ഉപയോഗിച്ചതെന്നു കഥകൊണ്ടു കാണുന്നില്ല.

പാഞ്ചാലിയുടെ കുന്തളത്തിൽ പ്രേമപരവശനായി തന്റെ കയ്യുകൊണ്ടുതന്നെ ചൂടിയാലേ ഭീമൻ അത്യധ്വാനംചെയ്തതിനുള്ള ഫലപ്രാപ്തിയുള്ളൂ എന്നു ഏവരും വിചാരിക്കും. പക്ഷേ പൂചൂടി ബന്ധിക്കുവാനുള്ള നിലയിൽ ആയിരുന്നുവോ പാഞ്ചാലിയുടെ തലമുടി? ദുശ്ശാസനന്റെ വസ്ത്രാക്ഷേപത്തിനുശേഷം തലമുടി കെട്ടാതെ[illegible]അഴിഞ്ഞതാണല്ലോ കിടന്നിരുന്നത്.

"[illegible]ധമതേ തിഷ്ഠ, കിംധാവതി ഭവാൻ
അന[illegible] തമജം നിന്റെ രക്തം കുടിച്ചുടൻ
ബന്ധുരാഗാത്രിയാം പാഞ്ചാലിതൻവേണിയെ
ബന്ധിപ്പനെന്നുള്ള സത്യം കഴിക്കുവൻ"

എന്നുള്ള ഭീമസേനന്റെ വെല്ലുവിളിയിൽനിന്നും

"കുരുകുലാധിപൻതന്നോടുമെല്ലാരെ
സ്സരസമാംവണ്ണം ദ്യൂതുചെയ്യുമ്പോൾ
മുരഹര! ഭവാനെന്റെ തലമുടി
നിരുപിച്ചുകെട്ടണം ദേവനാരായണ"

എന്ന പാഞ്ചാലിയുടെ സന്ദേശത്തിൽനിന്നും ഇവിടെ വ്യക്തമാണല്ലോ.

ഈവക സന്ദർഭങ്ങളിൽ ചില പ്രധാന കഥകളിവേഷക്കാർ അവരവരുടെ മനോധർമ്മം പോലെയാണു അഭിനയിച്ചു കാണുന്നത്.

ഒരു നല്ല പണ്ഡിതനും കഥകളിആശാനുമായിരുന്ന പടിക്കാത്തൊടി രാമുണ്ണിമേനോൻ ഭീമസേനനായും കവളപ്പാറ നാരായണൻനായർ ഹനുമാനായും ഒരു അരങ്ങുണ്ടായിരുന്നു. പുഷ്പങ്ങളെ പാഞ്ചാലിയുടെ മുടിയിൽ സ്വഹസ്തംകൊണ്ടു ചൂടിയാണു അന്നു അഭിനയിച്ചതു് പടിക്കാത്തൊടി ആശാൻ.

രണ്ടുദിവസംകഴിഞ്ഞു അടുത്തു ഒരുസ്ഥലത്തു ഇതേകഥ അഭിനയിച്ചു. അന്ന് ഹനുമാൻ പടിക്കാത്തൊടിയും നാരായണൻനായർ ഭീമസേനനുമായിരുന്നു. കവളപ്പാറയുടെ അഭിനയം മറെറാരുവിധത്തിൽ ആയിരുന്നു.

പേറികൊണ്ടുവന്ന പുഷ്പങ്ങളെ പാഞ്ചാലികയ്യിൽകൊടുപ്പാൻ ഭാവിക്കവെ, അവിചാരിതമായ എന്തോ സംഗതി തന്റെ മനസ്സിൽ തോന്നിയതായി നടിച്ചുതുടങ്ങി. ഉടനെ കയ്യ് പിൻവലിക്കുകയും പാഞ്ചാലിയുടെ കേശംകണ്ടു ശോകവും സൌഗന്ധികംനോക്കി കോപവും "ഏകനയനംകൊണ്ടു കോപമോടു നിന്നെയും ശോകമോടപരേണ നോക്കുന്നു പതിയേയും" എന്ന ഉത്തരാസ്വയംവരത്തിലെപദംപോലെ അഭിനയിച്ചുതുടങ്ങുകയുംചെയ്തു. കാണികൾ ഇതുകണ്ടു അന്ധാളിക്കാതിരുന്നില്ല. ഭീമന്റെ ഭാവങ്ങൾ ക്രമേണ ഭീകരമായിത്തുടങ്ങി. സൗഗന്ധികം കഥാരംഭത്തിൽ തന്റെ ജ്യേഷ്ഠനോടു ചെയ്ത അപേക്ഷയെ ഓർമ്മിച്ചുംതുടങ്ങി.

നിശ്ശങ്കമഹിതരേ രണേ വെന്നുഞാൻ
ദുശ്ശാസനന്റെ രുധിരം
ആശുപാസമോടു ബഹു പീതമാകരേണ
മഹാരോഷവദാർകചമൃതംസയാമൃഹം

എന്നുള്ള ശൗര്യരസം അഭിനയിച്ചുതുടങ്ങി. അതോടുകൂടി തന്റെ കയ്യിലുണ്ടായിരുന്ന പുഷ്പങ്ങളെ കശക്കി ചുവട്ടിൽഇട്ടു് കാൽകൊണ്ടു മർദ്ദനംചെയ്കയും പ്രാണപ്രേയസിയുടെ വാക്കുകേട്ടു മേൽകീഴ് ആലോചിക്കാതെ ചാടിപ്പുറപ്പെട്ട തന്റെ പെണ്ണത്തത്തെ ഓർത്തു കുണ്ഠിതപ്പെടുകയും ചെയ്തു.

ഈ രണ്ടു അഭിനയങ്ങളിൽ ഏതാണ് ആദരണീയം. മാന്യവായനക്കാരുടെ ശ്രദ്ധയെ ഞാൻ ആകർഷിച്ചുകൊള്ളുന്നു.


## ഹിന്ദീ സ്വയം ശിക്ഷക്

പരസഹായംകൂടാതെ ഹിന്ദിപഠിക്കാവുന്ന ഒരു ഉത്തമഗ്രന്ഥം

വില രൂ. 1. ണ. 8.

മാനേജർ, ശ്രീരാമവിലാസം പ്രസ്സ്,
കൊല്ലം.

(പതിനാലാംപേജിൽനിന്നും തുടർച്ച)

കാഴ്ചബംഗ്ലാവിൽനിന്നും ഇറങ്ങിവരുന്ന സന്ദർശകർ ആദ്യമായി കാണുന്നതു റോഡിന്റെ ഇടതുവശത്തു പുരാണവസ്തുഗവേഷണവകുപ്പുകാർ ഗവേഷണംനടത്തിയ സ്ഥലങ്ങളാണ്. അവിടെകാണുന്ന സന്യാസിമഠാവശിഷ്ടങ്ങളും തുടങ്ങിയവകളും എല്ലാം സന്ദർശകർക്ക് അത്രകണ്ട ആകർഷകമായി തോന്നുകയില്ല. ഒരുപക്ഷെ അവയെല്ലാം വ്യർത്ഥമെന്നുതന്നെ തോന്നിയേക്കാം. എന്തെന്നാൽ ചില സ്ഥാപനങ്ങളുടെ അസ്ഥിവാരങ്ങൾമാത്രമേ അവിടം കഴിച്ചപ്പോൾ കിട്ടിയിട്ടുള്ളു. പുരാണവസ്തു ഗവേഷണപട്ടക്കളെ സംബന്ധിച്ചിടത്തോളം അവയെല്ലാം വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. അതിനെപ്പററി ശരിയായ ചരിത്രരേഖകൾ ഒന്നുംതന്നെയില്ലാത്തതിനാൽ ഊഹാപോഹങ്ങൾകൊണ്ടു മാത്രമേ തൃപ്തിപ്പെടുവാൻ നിവൃത്തിയുള്ളു. സന്യാസിമഠാവശിഷ്ടങ്ങളുടെ സമീപത്തായി അല്പം വടക്കോട്ടുമാറി ഒരു ചെറിയ ജൈനമതക്ഷേത്രം കാണാം. ഉറപ്പും നല്ല പൊക്കവുമുള്ള ഭിത്തികളാൽ സുരക്ഷിതമായി പൂർവ്വദിക്കിനെ അഭിമുഖീകരിച്ചുനില്ക്കുന്ന ആ ദേവാലയം എ. ഡി. ൧൮൨൪-ൽ പണികഴിപ്പിച്ചിട്ടുള്ളതാണ്. പുരാണവസ്തു ഗവേഷണപരമായ പ്രാധാന്യമൊന്നും അതിലില്ല.

കാല്ചുക്കുടിവടക്കായിട്ടാണ് ജഗദ്സിംഗ് സ്തംഭം. ഒരുകാലത്തു ഏററവും ഉയരത്തിൽ പ്രശോഭിച്ചിരുന്ന അശോകനിർമ്മിതമായ പ്രസ്തുത സ്തംഭം മഹമ്മദീയാക്രമണത്തിനും തദനന്തരം ജഗദ്സിംഗിന്റെ വിക്രിയകൾക്കും പാത്രീഭവിച്ചതിനാൽ ഇന്ന് അതിന്റെ പുറത്തെ പാളിയായ കൽക്കെട്ടിന്റെ നഷ്ടശിഷ്ടങ്ങൾമാത്രമേ അവശേഷിച്ചിട്ടുള്ളു. ജഗദ്സിംഗിന്റെ മാത്സരത്തെ ഉച്ചൈസ്തരം ഉൽഘോഷിച്ചുകൊണ്ടു് നിന്നിരുന്നതിനാൽ അദ്ദേഹത്തിന്റെ പേരിനോടു അനുബന്ധിച്ചു പറഞ്ഞുവന്നിരുന്ന ആ സ്തംഭം ഇപ്പോൾ "അശോകധർമ്മരാജിക" എന്ന പേരിലാണ് അറിയപ്പെടുന്നതു്. എ ഡി. ൧൭൯൪-ൽ ബനാറീസിൽ ഒരു കോളണി ഉണ്ടാക്കുന്നതിനുവേണ്ടി ഇഷ്ടികകൾ സംഭരിക്കുവാൻ ജഗദ്സിംഗ് (അന്നത്തെ ബനാറീസ് ദിവാൻ) സമീപപ്രദേശമായ സാരനാഥിൽ ഉണ്ടായിരുന്ന പ്രസ്തുത സ്തംഭം പൊളിക്കുവാൻ ആജ്ഞാപിച്ചു. അതിൽനിന്നും കിട്ടിയ ഒരു പച്ചമാർബിൾ പെട്ടിയിൽ ഏതാം ഒരാളുടെ—ബുദ്ധന്റേതെന്നു വിശ്വസിക്കുന്നു - ഭൗതികാവശിഷ്ടങ്ങൾ അടക്കം ചെയ്തിരുന്നു. അതോടൊന്നിച്ചുണ്ടായിരുന്ന പുറത്തെ കൽപെട്ടി ഇന്നും കൽക്കട്ടായിലെ കാഴ്ചബംഗ്ലാവിൽ ഉണ്ട്. ആ സ്തൂപത്തിന് ഏതാണ്ട് നൂറടിയോളം പൊക്കമുണ്ടായിരുന്നെന്നാണ് പുരാണവസ്തു ഗവേഷണവകുപ്പുകാരുടെ അഭിപ്രായം.

ഏതാനും അടികൾ വടക്കോട്ട് അതുവഴി നടക്കുമ്പോൾ ഒരു പുരാതന ബുദ്ധദേവാലയത്തിന്റെ അവശിഷ്ടങ്ങൾ ദൃശ്യമാകും. അതിലുണ്ടായിരുന്നവിശിഷ്ട ബുദ്ധവിഗ്രഹത്തിന്റെ പീഠം മാത്രമേ ഇന്ന് അവശേഷിക്കുന്നുള്ളു. ഏകദേശം ൩൫ അടിനീളമുള്ള ആ ക്ഷേത്രാങ്കണത്തിൽ അനവധി ചെറിയ സ്തൂപങ്ങളുടെ നഷ്ടശിഷ്ടങ്ങൾ കിടപ്പുണ്ട്. അതിനകത്തു മറെറാരു അൽഭുതകാഴ്ചയുണ്ട്; ഒരു ഒറ്റക്കൽവേലി. അതും അശോകനിർമ്മിതമാത്രം. എട്ടടി നാലിഞ്ചു് ഉള്ള ആ സമചതുരത്തിന് ഏതാണ്ട് നാലടി ഒൻപതിഞ്ചു് പൊക്കം ഉണ്ടായിരുന്നു. ഇന്ന് അതിന്റെ പകുതിയോളം നഷ്ടപ്പെട്ടിരിക്കുന്നു. ആ വേലിയുടെ യഥാർത്ഥസ്ഥാനവും ആവശ്യവും ഇന്നും അജ്ഞാതമാണ്.

കല്ലുവേലിയുടെ തൊട്ടു പടിഞ്ഞാറുവശത്താണ് അശോകസ്തംഭം. ശ്രീബുദ്ധൻ ആദ്യമായി ധർമ്മചക്രം തിരിച്ച ആ പുണ്യസ്ഥലത്തിന്റെ സ്മരണയ്ക്കായി ഏതാണ്ടു ൨൦൦ കൊല്ലങ്ങൾക്കുശേഷം അദ്ദേഹത്തിന്റെ ശിഷ്യാഗ്രഗണ്യനായിരുന്നഅശോകചക്രവർത്തി പണികഴിപ്പിച്ചതാണ് ആ വിശിഷ്ടസ്തംഭം. സാരനാഥിലെ അത്ഭുതവസ്തുക്കളിൽ ഏററവും പ്രാധാന്യമർഹിക്കുന്നതാണിതു്. ആ സ്തംഭത്തിന്റെ പല ഭാഗങ്ങളുംഒടിഞ്ഞു മണ്ണടിഞ്ഞു കിടന്നിരുന്നതു് ൧൯൦൪-ൽ 'ഓർട്ടൽ' എന്ന മഹാനാണ് കണ്ടെടുത്തതു്. ഒടിഞ്ഞുപോയതിന്റെ ബാക്കിയുള്ള ചുവട്ടഭാഗത്തിന് ൧൭ അടിപൊക്കവും രണ്ടരഅടി വ്യാസവും ഉണ്ട്. അതിന്റെ അടിയിലത്തെ അററം ഏഴരഅടിനീളം മിനുസപ്പെടുത്തിയിട്ടില്ല. അഗ്രഭാഗം മണ്ണിനടിയിൽ കുഴിച്ചിട്ടിരുന്നതായിരിക്കാം. ഒടിഞ്ഞുപോയ കഷണങ്ങളും കാഴ്ചബംഗ്ലാവിൽ സൂക്ഷിച്ചിരിക്കുന്ന അതിന്റെ അഗ്രഭാഗവും എല്ലാംകൂടി ഏകദേശം ൫൦ അടിയോളം പൊക്കമുണ്ടെന്നു് കണക്കാക്കീട്ടുണ്ട്. പ്രസ്തുത സ്തംഭത്തിലെ മിനുക്കുപണി മൌര്യന്മാരുടെ ശില്പകലാവൈദഗ്ദ്ധ്യത്തിനു ഉത്തമോദാഹരണമാണ്.

അതാ അവിടെ വടക്കുഭാഗത്തായി കാണുന്ന കല്പടികൾ കയറിച്ചെല്ലുന്നതാണ് കന്യാകുബ്ജത്തിലെ രാജാവായിരുന്ന ഗോവിന്ദചന്ദ്രന്റെരാജ്ഞി കുമാരീദേവിപണികഴിപ്പിച്ചിട്ടുള്ള ബുദ്ധദേവാലയം. ഈ ദേവാലയത്തിന്റെ പിൻഭാഗത്തുകൂടി ഒരു തുരങ്കം ഉണ്ട്. അതിന്റെ പ്രധാന പ്രവേശനദ്വാരത്തിൽക്കൂടി അല്പം കുനിഞ്ഞു് ഉള്ളിൽ എത്തിയാൽ ഒരാൾക്ക് അതുവഴി സ്വൈരമായി നടന്നുപോകാം. ഇടക്കിടക്കായി അതിൽ ചില കല്ലുവിളക്കുകളും ഗുഹകളും മററും കാണാം. അവിടം കടന്നാൽ കാണുന്ന ആ വഴി നേരെ എത്തുന്നതു് അശോകസ്തംഭത്തിനു കിഴക്കായി സ്ഥിതിചെയ്യുന്ന—നാം ആദ്യം കണ്ട—ക്ഷേത്രത്തിന്റെ പ്രവേശനദ്വാരത്തിലാണ്. അവിടെ നിന്നാൽ കാണുന്ന ആ ഭീമാകാരസ്തൂപമാണ് "ധാമക സ്തൂപം." ഏതാണ്ട് ൧൪൩ അടി ഉയരമുള്ള അതു് പലപ്രാവശ്യങ്ങളിലായി കെട്ടിപ്പൊക്കിയിട്ടുള്ളതാണെന്നു് മനസ്സിലാക്കാം. അതിന്റെ ആദ്യഭാഗം രണ്ടാം ശതകത്തിലും മുകൾഭാഗം ൬-ാം ശതകത്തിലുമാണ് ഉണ്ടാക്കിയിട്ടുള്ളതെന്നാണ് വിദഗ്ദ്ധാഭിപ്രായം. ആ സ്തൂപത്തിന്റെ നിർമ്മാതാവാരെന്നു് ഇനിയും മനസ്സിലായിട്ടില്ല. അടിയിൽ ൯൩ അടി വ്യാസമുള്ള അതിന്റെ ൩൭ അടി ഉയരംവരെ ഉറപ്പും ബലവുമുള്ള കരിങ്കല്ലുകളും ഇരുമ്പുകമ്പികൾകൊണ്ടു് അന്യോന്യം ബന്ധിച്ചാണ് കെട്ടിയിരിക്കുന്നതു്. മുകൾഭാഗം ഇഷ്ടികയാണ്. ചുവട്ടിൽ ചിലയിടങ്ങളിൽ കാണുന്ന വിടവുകൾ ഒരുപക്ഷേ ജഗദ്സിംഗിന്റേയും മറേറാ വിക്രിയകളുടെ ദുരന്തഫലങ്ങളായിരിക്കാം. ബുദ്ധമതത്തിന്റെ സുവർണ്ണകാലത്തുണ്ടായിരുന്ന സാരനാഥ് സ്ഥാപനങ്ങളിൽ കോട്ടംതട്ടാതെ ഇന്നും അവശേഷിക്കുന്നതു് ആ സ്തൂപംമാത്രമാണ്. പരിപാവനമായ ബുദ്ധമതത്തിന്റെ മഹത്തായ ആദർശങ്ങളെ വിളിച്ചറിയിച്ചുകൊണ്ടു്, ആക്രമം വഴങ്ങിക്കൊടുക്കാതെ, ആരേയും വെല്ലുവിളിച്ചുകൊണ്ടുതന്നെ ഇന്നും സാരനാഥിൽ ആ സ്തംഭം ഏററവും ഉയർന്നു നിലകൊള്ളുന്നു.

ധമകസ്തൂപത്തിനു് ഏതാണ്ട് ഒരു ഫർലാംഗ് കിഴക്കായി കാണുന്ന വിശാലവും വിശിഷ്ടവുമായ ആ പാവനവിഹാരമാണ് "മൂലഗന്ധകുടിവിഹാരം" എന്നറിയപ്പെടുന്ന നവീനബുദ്ധദേവാലയം. ഇൻഡ്യയിലെ മഹാബോധിസംഘടനയാണ് അതു് പണികഴിപ്പിച്ചതു്. ബുദ്ധദേവന്റെ ഭൗതികാവശിഷ്ടങ്ങൾ അവിടെയാണ് സൂക്ഷിച്ചിരിക്കുന്നതു്. അതിൽ ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള ബുദ്ധമതപുണ്യസ്ഥലങ്ങളിൽനിന്നും കിട്ടിയിട്ടുള്ള അനവധി കലാവസ്തുക്കളും ഭൗതികാവശിഷ്ടങ്ങളും സൂക്ഷിച്ചിട്ടുണ്ട് ആണ്ടുതോറും ഒരിക്കൽ—നവംബർ മാസത്തിൽ—അവ സാരനാഥിൽ എഴുന്നള്ളിക്കാറുണ്ട്. ശ്രീബുദ്ധന്റെ ശിഷ്യാഗ്രഗണ്യരായിരുന്ന 'സാരിപുത്ര'ന്റെയും 'മൌദ്ഗല്യായന'ന്റെയും ഭൗതികാവശിഷ്ടങ്ങൾ ൧൯൫൨ നവംബർമാസം ൩൦-ാംനു ആഡംബരസമന്വിതം ബനാറീസിൽ കൊണ്ടുവന്നതു് - സാരനാഥിലുള്ള ഈ മഹാക്ഷേത്രത്തിൽ ബുദ്ധദേവന്റെ ഭൗതികാവശിഷ്ടങ്ങളുടെ ഇരുവശങ്ങളിലായിട്ടാണ സൂക്ഷിച്ചിരിക്കുന്നതു്. അവിടെ സന്ദർശകരുടെ മനംകവരുന്ന ഒരു സുവർണ്ണബുദ്ധവിഗ്രഹം ഉണ്ട്. ആ പുണ്യപുരുഷന്റെ ജീവിതത്തിലെ ഭിന്നദശകൾ ഇരുപത്തിമൂന്നു മനോജ്ഞ ചിത്രങ്ങളിലൂടെ തന്മയത്വമായി ചിത്രീകരിച്ചിട്ടുണ്ട്; ആ ദേവാലയത്തിന്റെ അകത്തെ മാർബിൾഭിത്തികളിൽ. ഏകദേശം ഒരു ലക്ഷത്തിഅൻപതിനായിരം രൂപാ ചിലവാക്കി പണിയിച്ചിട്ടുള്ളതാണ് ആ ദേവാലയം. അതിൽ അറുപത്തിഅൻപതിനായിരം രൂപയും മേൽപറഞ്ഞ ചിത്രങ്ങൾക്കായിട്ടാണ് വിനിമയം ചെയ്തതു്. "കൊസീതുനോസ" എന്ന സുപ്രസിദ്ധ ജപ്പാൻ ചിത്രകാരന്റെ അഞ്ചുവർഷത്തെ—ആയിരത്തിതൊള്ളായിരത്തി മുപ്പത്തിരണ്ടു മുതൽ മുപ്പത്തിയാറുവരെ—നിരന്തരയത്നത്തിന്റെ പരിണതഫലമാണ്, ഇന്നു നാം കാണുന്ന ആ ഛായാചിത്രങ്ങൾ. ലോകമെങ്ങും പ്രസിദ്ധി ഏറിയ പഴയ അജന്താരീതിയിലുള്ള ആ ചിത്രങ്ങളുടെ ചൈതന്യവും സ്വാഭാവികതയും ഒന്നു പ്രത്യേകം തന്നെയാണ്.

[ഇതിൽ പ്രതിപാദിക്കുന്ന സ്ഥലങ്ങളുടെയും മററും ചിത്രങ്ങൾ ൮-ം ൯-ം പേജുകളിൽ ചേർത്തിട്ടുണ്ട്.]




കൊറിയൻ സമരമുഖം—ദക്ഷിണകൊറിയായുടെ മൂന്നിലൊരുഭാഗം ഉത്തരകൊറിയൻ സൈന്യത്തിന്റെ കൈവശമായതായി വാർത്തലഭിച്ചിരിക്കുന്നു. [കൊറിയായെപ്പററിയുള്ള ലേഖനം അഞ്ചാംപേജിൽ.]


# ഡീസൽ എൻജിനുകൾ

| | |
|---|---|
| റസ്റ്റൺ വെർട്ടിക്കൽ 5 മുതൽ 30 എച്ച്.പി. | ബ്ളാക്ക്സ്റ്റോൺ ഹോറിസോണ്ടൽ 12, 24, 25, 37 & 50 എച്ച്.പി. |
| പെലാപ്പോൺ വെർട്ടിക്കൽ 20 എച്ച്.പി. | ക്രോസ്ലിഹോറിസോണ്ടൽ 26 എച്ച്.പി. |
| റിങ്ഡീസൽ വെർട്ടിക്കൽ 10 എച്ച്.പി. | ടാങ്കി ഹോറിസോണ്ടൽ 25 എച്ച്.പി. |
| നാഷണൽ വെർട്ടിക്കൽ 8½ എച്ച്.പി. | കാംപ്ബൽ ഹോറിസോണ്ടൽ 41 എച്ച്.പി. |
| ബാംഫോർഡ് വെർട്ടിക്കൽ 5 & 8 എച്ച്.പി. | യൂണിപോൺ ഹോറിസോണ്ടൽ (600&1000ആർ.പി.എം) 10&12എച്ച്.പി. |
| പെറർ വെർട്ടിക്കൽ 5 എച്ച്.പി. | എച്ച്.ററി.സി. ഹോറിസോണ്ടൽ 10 & 20 എച്ച്.പി. |
| ക്രോസ്ലി വെർട്ടിക്കൽ 5 എച്ച്.പി. | |
| റസ്റ്റൺഹോറിസോണ്ടൽ 5½ & 66 എച്ച്.പി. | |

ഇംഗ്ലീഷിലുള്ള എഴുത്തുകുത്തുകൾമാത്രം ക്ഷണിക്കുന്നു.

അന്വേഷിക്കുക:—

ഹോൺസ്ബി ട്രേഡിംഗ് കാർപ്പൊറേഷൻ,
ബിമോൺ ചെമ്പേഴ്സ്, 27/33 മെഡോസ്സ്ട്രീററ്,
ഫോർട്ട്; ബോംബെ 1.
കമ്പി: "HOTRACO"


# മഞ്ഞക്കൊടി

കമ്പിയില്ലാക്കമ്പി കണ്ടുപിടിച്ചതുമൂലം മക്കോണി നമ്മുടെ അവാച്യമായ കൃതജ്ഞതയ്ക്കു് അർഹനായിത്തീർന്നിരിക്കുന്നു. ഈ കണ്ടുപിടിത്തംമൂലം മറെറന്തിനെക്കാളും കൂടുതൽ പ്രയോജനം സിദ്ധിച്ചിരിക്കുന്നതു് കപ്പൽയാത്രക്കാർക്കാണ്. എന്നാൽ ഈ അൽഭുതകരമായ കണ്ടുപിടിത്തത്തിനു മുൻപ് കപ്പലുകൾക്കു തമ്മിൽ ആശയവിനിമയംചെയ്യുവാൻ മാർഗ്ഗമൊന്നുമില്ലായിരുന്നു എന്നു വിചാരിക്കുന്നതു തെററാണ്. കൊടികൾ മുതലായി അന്തർദ്ദേശീയമായ അർത്ഥമുള്ള ചില അടയാളങ്ങൾ കാണിച്ചു് ദൂരെവച്ചുതന്നെ കപ്പലുകൾ ആശയവിനിമയം ചെയ്തിരുന്നു. കൂടാതെ നാവികലോകത്തിൽ വിവിധ അടയാളങ്ങൾ എമ്പാടുമുണ്ട് ഇന്നും നിലവിലുണ്ട്. അവ നാവികരല്ലാത്തവർക്കും അറിയുകയും ചെയ്യാം. തുറമുഖത്തേക്കു കയറിവരുന്ന ഒരു കപ്പലിന്റെ മുകളിൽ മഞ്ഞക്കൊടി കെട്ടിയിരുന്നാലത്തെ അർത്ഥം എല്ലാവർക്കുമറിയാം. "കപ്പലിൽ പകർച്ചവ്യാധികളുള്ള രോഗികളുണ്ട്. ഡാക്ടർ മാത്രമേ അകത്തുപ്രവേശിക്കാവൂ" എന്നാണതിന്റെ അർത്ഥം. മുൻകാലങ്ങളിൽ മഞ്ഞക്കൊടികൾ കെട്ടിയ കപ്പലുകൾ ധാരാളമായിരുന്നു. എന്നാൽ ആരോഗ്യശാസ്ത്രം അഭിവൃദ്ധിപ്പെട്ടതോടെ മഞ്ഞക്കൊടികൾ മറഞ്ഞുതുടങ്ങിയിരിക്കുന്നു.

വളരെ വർഷങ്ങൾക്കുമുൻപ് ക്ലാൻമാക് കാറി എന്ന ബ്രിട്ടീഷ് പടക്കപ്പൽ മഞ്ഞക്കൊടി പറപ്പിച്ചുകൊണ്ടു് ടേബിൾ ഉൾക്കടലിൽ പ്രവേശിച്ചതോടെ കേപ്ടൗൺ നിവാസികൾ ഭയവിഹ്വലരായി. കപ്പൽ ഉദ്യോഗസ്ഥന്മാരിൽ ഒരാൾ അതേവരെ അറിയപ്പെടാത്ത ഒരു രോഗം ബാധിച്ചു് മരിച്ചുകഴിഞ്ഞിരുന്നു. മററുള്ളവർക്ക് വൈദ്യസഹായവും ഉടനടി ആവശ്യമായിരുന്നു. ഉടൻതന്നെ വേണ്ട കരുതൽനടപടികൾ കൈക്കൊണ്ടു. അവ സാനം അതു മലേറിയാരോഗമായിരുന്നുവെന്നു് കണ്ടുപിടിക്കപ്പെട്ടു. കപ്പൽ കരയ്ക്കടുത്തു് കൽക്കരിയുമെല്ലാം ഇട്ടുകഴിഞ്ഞു് തിരിച്ചു പുറപ്പെട്ടപ്പോഴും ആ രോഗിയെ കപ്പലിൽ കയററുകയാണുണ്ടായതു്. എന്തുകൊണ്ടെന്നാൽ മലേറിയായ്ക്കെതിരായുള്ള ശക്തിയേറിയ മരുന്നു്, കൊയിന, അപ്പോൾ അവർക്ക് ലഭിച്ചു.

### കൊയിന

മലേറിയായുടെ ആക്രമണമുണ്ടായപ്പോൾ രോഗികൾക്ക് ൧൫ മുതൽ ൨൦ ഗ്രയിൻവരെ കൊയിന പ്രതിദിനം കൊടുക്കുകയും ജോലിക്കാരിൽ ഓരോരുത്തർക്കും ഒരു മുൻകരുതൽനടപടി എന്നോണം പനിയുള്ള കാലമത്രയും പ്രതിദിനം 6 ഗ്രയിൻവീതം നൽകുകയുംചെയ്യും. ഈ ക്രമത്തിലുള്ള മരുന്നുതന്നെയാണ് മുൻപുണ്ടായിരുന്ന ലീഗ് അഫ് നേഷൻ നിയമിച്ച വിദഗ്ദ്ധക്കമ്മിററി മലേറിയാചികിത്സയ്ക്കായി ൧൯൨൭-ൽ നിശ്ചയിച്ചതു്.

Printed and Published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.